# മലയോരവികസന ഏജൻസിക്ക് നടപടിക്രമങ്ങൾ

സംസ്ഥാനത്ത് മലയോര വികസന ഏജൻസി (ഹാഡ) രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾക്ക് സർക്കാർ അംഗീകാരം നൽകി.

മലയോര മേഖലയുടെ വികസനം ത്വരിതപ്പെടുത്തുകയും തദ്ദേശഭരണ സ്ഥാപനങ്ങൾ, വകുപ്പുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് ആസൂത്രണം കൂടുതൽ കാര്യക്ഷമമാക്കുകയുമാണ് ഏജൻസിയുടെ ലക്ഷ്യം.

റോഡുകൾ, ആശുപത്രികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ജലവിതരണപദ്ധതികൾ എന്നിവയ്ക്കായി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക, മലയോര മേഖലയ്ക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കുക, കൂടുതൽ നിക്ഷേപസാദ്ധ്യതകൾ കണ്ടെത്തുക, ആദിവാസികൾക്കുള്ള പരിപാടികളുടെ നടത്തിപ്പ് മെച്ചപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏജൻസിയുടെ പ്രവർത്തനപരിധിയിൽപെടും.

31 താലൂക്കുകളിലായി 600 മീറ്ററിൽ കൂടുതൽ ഉയരമുള്ള 28000 ചതുരശ്ര കിലോമീറ്റർ പ്രദേശം ഏജൻസിയുടെ കീഴിൽ വരും. ഇത്തരം പ്രദേശം 50 ശതമാനത്തിൽ കൂടുതലുള്ള ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഏജൻസിയുടെ പരിധിയിലാവും.

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏജൻസിയുടെ രജിസ്റ്റേർഡ് ഓഫീസ് തിരുവനന്തപുരത്താണ്.

മലയോരവികസന ഏജൻസിയുടെ ജനറൽ കൗൺസിൽ ചെയർമാൻ മുഖ്യമന്ത്രിയാണ്. സർക്കാർ നാമനിർദേശം ചെയ്യുന്ന അനൗദ്യോഗിക അംഗമായിരിക്കും എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ. ചീഫ് എക്സിക്യൂട്ടീവ്/എക്സിക്യൂട്ടീവ് ഡയറക്ടറെ അഖിലേന്ത്യാ സർവീസിൽ നിന്ന് നിയമിക്കും.

വനം, റവന്യൂ, പട്ടികജാതി/വർഗ വികസനം, കൃഷി, തദ്ദേശസ്വയംഭരണം, ആരോഗ്യം, ടൂറിസം-ദേവസ്വം, ഗ്രാമവികസനം-രജിസ്ട്രേഷൻ, ഊർജം, ജലവിതരണം, പൊതുമരാമത്ത് മന്ത്രിമാർ, വകുപ്പ് സെക്രട്ടറിമാർ എന്നിവർ ജനറൽ കൗൺസിൽ അംഗങ്ങളാണ്.

ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ, ഭൂരിഭാഗം പ്രദേശങ്ങൾ ഏജൻസിയുടെ പരിധിയിൽ വരുന്ന മണ്ഡലങ്ങളിലെ മൂന്ന് എം.പിമാർ, അഞ്ച് എം.എൽ.എമാർ, ചീഫ് സെക്രട്ടറി, ആസൂത്രണം, ധനകാര്യ വകുപ്പ് സെക്രട്ടറിമാർ, മുഖ്യവനപാലകൻ, ഇടുക്കി, വയനാട് മലയോര പ്രദേശങ്ങൾ കൂടുതലുള്ള മറ്റ് മൂന്ന് ജില്ലകളിലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ, സ്പൈസസ് ബോർഡ്, റബ്ബർ ബോർഡ്, വൈദ്യുതി ബോർഡ് ചെയർമാൻമാർ, ടീ ബോർഡ്, കോഫി ബോർഡ്, യു.പി.എ.എസ്.ഐ പ്രതിനിധികൾ, വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, ജലവിഭവ വികസന വിനിയോഗ കേന്ദ്രം, ഭൗമശാസ്ത്രപഠനകേന്ദ്രം ഡയറക്ടർമാർ, ജല അതോറിട്ടി മാനേജിങ് ഡയറക്ടർ, നബാർഡ് ചീഫ് ജനറൽ മാനേജർ, സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനർ, ദാരിദ്ര്യനിർമാർജന മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, സർക്കാർ നാമനിർദേശം ചെയ്യുന്ന രണ്ട് സന്നദ്ധസംഘടനകൾ, തിരഞ്ഞെടുത്ത അഞ്ച് പഞ്ചായത്ത് പ്രസിഡന്റുമാർ, മൂന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, രണ്ട് മുനിസിപ്പൽ ചെയർമാൻമാർ എന്നിവരാണ് ജനറൽ കൗൺസിലിലെ മറ്റ് അംഗങ്ങൾ.

ഇതിന് പുറമെ ജനറൽ കൗൺസിൽ വൈസ് ചെയർമാൻ, ചെയർമാനായി ഒൻപതംഗ നിർവാഹകസമിതിക്കും രൂപം നൽകിയിട്ടുണ്ട്.



ഹരി പേയാട്

# മുഖ്യമന്ത്രി തുണച്ചു; അരുൺചന്ദിന് വി.എച്ച്.എസ്. പ്രവേശനം



വീട്ടിലുള്ള ഏക കട്ടിലും അമ്മയുടെ കമ്മലും വിറ്റു കിട്ടിയ പണവുമായി വി.എച്ച്.എസ്. സ്കൂളിൽ ചേരാനെത്തിയ വിദ്യാർത്ഥിക്ക് പ്രവേശനം ലഭിക്കാത്തതിനെ തുടർന്ന് മുഖ്യമന്ത്രി ഇടപെട്ട് നീതി നടപ്പാക്കി.

ശ്രീകാര്യം മണ്ണൂർ ലൈനിൽ സായി സദനത്തിൽ സി.എസ്. അരുൺചന്ദാണ് പരാതിക്കാരൻ. വട്ടിയൂർക്കാവ് ഗവൺമെന്റ് വി.എച്ച്.എസ്. സ്കൂളിൽ കമ്പ്യൂട്ടർ സയൻസ് കോഴ്സിന് ചേരാനാണ് ജൂലൈ ഏഴിന് അരുൺ എത്തിയത്. ഇന്റർവ്യൂ കഴിഞ്ഞപ്പോൾ അടയ്ക്കാൻ പണം ഇല്ലായിരുന്നു. വീട്ടിലെത്തി അമ്മയുടെ കമ്മൽ 1000 രൂപയ്ക്ക് പണയം വച്ചും കട്ടിൽ 500 രൂപയ്ക്ക് വിറ്റും സ്വരൂപിച്ച പണവുമായി തൊട്ടടുത്ത ദിവസം അരുൺചന്ദ് സ്കൂളിലെത്തി.

പക്ഷേ അപ്പോഴേക്കും സ്കൂൾ അധികൃതർ മറ്റാർക്കോ പ്രവേശനം നൽകി. അരുൺ മറ്റൊരു സ്കൂളിലും അപേക്ഷ നൽകിയിരുന്നില്ല. സ്വകാര്യ സ്കൂളിൽ പഠിക്കാനുള്ള സാമ്പത്തികശേഷിയുമില്ല. ഈ സാഹചര്യത്തിലാണ് അരുൺചന്ദ് പരാതിയുമായി മുഖ്യമന്ത്രിയെ സമീപിച്ചത്. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം വട്ടിയൂർക്കാവ് സ്കൂളിൽത്തന്നെ അരുൺചന്ദിന് പ്രവേശനം ലഭിച്ചു.

തയ്യൽപ്പണിക്കാരിയായ അമ്മ ഷൈലജയുടെ തുച്ഛവരുമാനം കൊണ്ടാണ് രണ്ട് അനുജത്തിമാരുൾപ്പെട്ട ഇവരുടെ കുടുംബം പുലരുന്നത്.

# 314 പഞ്ചായത്തുകൾ കമ്പ്യൂട്ടർവത്കരിക്കുന്നു

ഇൻഫർമേഷൻ കേരള മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 314 പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവത്കരണം നടത്തുന്നതിന് നടപടികൾ ആരംഭിച്ചു. കമ്പ്യൂട്ടർ ലഭ്യമാക്കിയ പഞ്ചായത്തുകളിലാണ് തുടക്കം കുറിക്കുന്നത്. ആഗസ്റ്റ് 15നും 30നും മദ്ധ്യേ കമ്പ്യൂട്ടർവത്കരണം പൂർത്തിയാക്കുന്നതിനുള്ള ഫാസ്റ്റ്ട്രാക്ക് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ഒന്നാംഘട്ടമായി ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, പദ്ധതി പ്രവർത്തനങ്ങൾ, മോണിട്ടറിംഗ് എന്നിവയാണ് കമ്പ്യൂട്ടർവത്കരിക്കുന്നത്. ഇതിന്റെ പ്രാരംഭമായി 314 പഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും പരിശീലനം ആരംഭിച്ചു. തദ്ദേശസ്വയംഭരണ സെക്രട്ടറി എസ്.എം. വിജയാനന്ദ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. സന്നദ്ധമായി വന്നിട്ടുള്ള പഞ്ചായത്തുകളിൽ ആവശ്യമായ പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും കമ്പ്യൂട്ടർവത്കരണം കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ സഹകരണം നൽകണമെന്ന് സെക്രട്ടറി അഭ്യർത്ഥിച്ചു.

കമ്പ്യൂട്ടർവത്കരണ പരിപാടിയെക്കുറിച്ച് ഐ.കെ.എം. ഡയറക്ടർ പി.വി. ഉണ്ണികൃഷ്ണനും സേവന സോഫ്ട്വെയറിനെ സംബന്ധിച്ച് എസ്.യു. സഞ്ജീവും മനുപ്രദീപും ക്ലാസ്സെടുത്തു. ഐ.കെ.എം. അഡീഷണൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന പരിശീലന പരിപാടിയിൽ കോ-ഓർഡിനേറ്റർ ബി. കുമരേശൻ, ടി.പി. സുധാകരൻ എന്നിവർ സംബന്ധിച്ചു. പരിശീലന പരിപാടിയെ തുടർന്ന് പ്രതിനിധികൾ ഗ്രൂപ്പ് ചർച്ചകൾ നടത്തുകയും കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള കർമപരിപാടിക്ക് രൂപം നൽകുകയും ചെയ്തു.

# നിലയ്ക്കൽ വനഭൂമിയിലെ നിയന്ത്രണങ്ങൾ നീക്കി



ശബരിമല വികസനത്തിന് നിലയ്ക്കലിൽ ലഭിച്ച വനഭൂമിയിൽ കേന്ദ്ര വനംവകുപ്പ് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ നീക്കി. വനംവകുപ്പ് അധികൃതർ സംസ്ഥാനസർക്കാരിനെ അറിയിച്ചതാണിത്. ശബരിമല വികസനം സംബന്ധിച്ച് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിലാണ് ഇക്കാര്യം അറിയിച്ചത്.

നിലയ്ക്കലിൽ ലഭിച്ച 50 ഹെക്ടർ ഭൂമിയിൽ നിന്നും റബ്ബർ മരങ്ങൾ മുറിച്ച് നീക്കുന്നതിന് തടസ്സമില്ല. ഈ ഭൂമിയിൽ വരുന്ന സീസണിന് മുമ്പ് കുടിവെള്ളം, ടോയ്ലറ്റ്, പാർക്കിംഗ് തുടങ്ങിയ അടിയന്തര പ്രാഥമിക സൗകര്യങ്ങൾ മാസ്റ്റർ പ്ലാനിന് വിധേയമായി ഏർപ്പെടുത്തുമെന്ന് ദേവസ്വം ബോർഡ് അധികൃതർ അറിയിച്ചു. ഈ പദ്ധതികൾ നവംബർ 15ന് മുമ്പ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ദേവസ്വം ബോർഡിനെ യോഗം ചുമതലപ്പെടുത്തി.

ലഭ്യമായ വനഭൂമിയിൽ സ്ഥിരനിർമാണങ്ങൾ നടത്തുന്നതിന് ഉണ്ടായിരുന്ന തടസ്സങ്ങളും നീക്കിയിട്ടുണ്ട്. പമ്പ-സന്നിധാനം മേഖലയിൽ ലഭിക്കേണ്ട 12.65 ഹെക്ടർ ഭൂമി സുപ്രീംകോടതിയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന സർക്കാരിന് കൈമാറാമെന്ന് കേന്ദ്ര വനംവകുപ്പ് യോഗത്തിൽ അറിയിച്ചു.

സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഇക്കോസ്മാർട്ടിനെ യോഗം ചുമതലപ്പെടുത്തി. 2015, 2050 വർഷങ്ങളിൽ നടപ്പിൽ വരുത്തേണ്ട ദീർഘകാല വികസന പ്രവർത്തനങ്ങൾ മുൻകൂട്ടിക്കണ്ടുകൊണ്ടുള്ള മാസ്റ്റർ പ്ലാനാകും തയ്യാറാക്കുക. അടുത്ത അഞ്ചുമാസത്തിനിടെ തയ്യാറാക്കേണ്ട വികസന പരിപാടികൾ അവലോകനം ചെയ്യുന്നതിനും പ്ലാൻ, എസ്റ്റിമേറ്റ്, ടെൻഡർ നടപടികൾ എന്നിവയ്ക്കും ദേവസ്വം ബോർഡിനെ ഇക്കോസ്മാർട്ട് സഹായിക്കും.

ദേവസ്വം ബോർഡ് സന്നിധാനത്ത് തുടങ്ങിയ അരവണ പ്ളാന്റിന്റെ പണി മാസ്റ്റർ പ്ലാനിന് വിധേയമാക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകി. നിലയ്ക്കലിൽ ബാക്കിയുള്ള 50 ഹെക്ടർ സ്ഥലത്തിനുള്ള അന്തിമ അനുമതി ദേവസ്വം ബോർഡ് ഭൂമി ഉപയോഗ പ്ലാൻ നൽകുന്നതിനനുസരിച്ച് കേന്ദ്ര വനംവകുപ്പ് കൈമാറും. ശബരിമലയിലേക്കുള്ള റോഡ് വികസനത്തിനുള്ള വിശദാംശങ്ങൾ ഉടൻ തയ്യാറാക്കും.

യോഗത്തിൽ മന്ത്രിമാരായ കെ.സി. വേണുഗോപാൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ. നായർ, കേന്ദ്ര വനംവകുപ്പ് ഐ.ജി. കിഷ്വൻ, ഡോ. രാജേഷ് ഗോപാൽ, ദേവസ്വം ബോർഡ് അധികൃതർ, കേന്ദ്ര സംസ്ഥാന വനം-ദേവസ്വം വകുപ്പ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.




**എൻ.ഡി.ഡി.ബി.യുടെ പ്രവർത്തനപുരോഗതി വിലയിരുത്തുന്ന പ്രദർശനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി കാണുന്നു.**

# ക്ഷീരവികസനത്തിന് വിപുല പദ്ധതികൾ

കേരളത്തിലെ മൃഗസംരക്ഷണ മേഖല ഇന്ന്, ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും ബാഹ്യമായും ആന്തരികമായും നിരവധി പ്രതിബന്ധങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തുകയും കാര്യക്ഷമമായ പദ്ധതികളിലൂടെയും പരിപാടികളിലൂടെയും ഈ രംഗം വളരെ വേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി സുബ്രതാബിശ്വാസ് ഐ.എ.എസ്, ഡൽഹി റെസിഡന്റ് കമ്മിഷണർ മൈക്കൽ പി. വേദശിരോമണി, മിൽമ ചെയർമാൻ പി.ടി. ഗോപാലക്കുറുപ്പ്, മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് ഡയറക്ടർ ഡോ. സി.അശോക്, മിൽമ എം.ഡി. പി. ആർ. സഞ്ജീവ് എന്നീ ഉയർന്ന ഉദ്യോഗസ്ഥരടങ്ങുന്ന സംഘം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2005 ജൂൺ 20, 21 തീയതികളിൽ ആനന്ദിലും ന്യൂഡൽഹിയിലും എത്തി, ദേശീയ ക്ഷീര വികസന ബോർഡ് അദ്ധ്യക്ഷൻ അമൃതാപട്ടേൽ ഉൾപ്പെടെയുള്ള ബോർഡിലെ മുതിർന്ന ഉദ്യോഗസ്ഥരുമായും കൃഷിമന്ത്രാലയവുമായും ചർച്ചകൾ നടത്തി. കേരളത്തിന്റെ മൃഗസംരക്ഷണ മേഖലയിലെ ആവശ്യങ്ങൾ ചൂണ്ടിക്കാട്ടാൻ ആത്മാർത്ഥമായ ശ്രമമാണ് മുഖ്യമന്ത്രി ഈ ചർച്ചകളിലൂടെ നടത്തിയത്.

ക്ഷീരയൂണിറ്റുകൾ ദേശീയ ക്ഷീര വികസന ബോർഡിനു (NDDB) നേരത്തെ സമർപ്പിച്ചിരുന്നതും എന്നാൽ ഇതുവരെ നടപടിയൊന്നുമാകാത്തതുമായ 88 കോടി രൂപ ചെലവു വരുന്ന പദ്ധതി എത്രയും വേഗം അംഗീകരിച്ചു കിട്ടേണ്ടതിന്റെ ആവശ്യകതയാണ് ആനന്ദിലെ ചർച്ചകളിൽ മുഖ്യമന്ത്രി പ്രധാനമായും അവതരിപ്പിച്ചത്. ഈ പദ്ധതിയെ ക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ആരാ ഞ്ഞറിഞ്ഞശേഷം രണ്ട് മാസത്തിനുള്ളിൽ ഇതിന് തത്ത്വത്തിലുള്ള അംഗീകാരം എൻ.ഡി.ഡി.ബി. നൽകുമെന്നാണറിയുന്നത്. സഹകരണമേഖലയിലെ സാമ്പത്തിക ഇടപാടുകളിലെ കാര്യക്ഷമതയെക്കുറിച്ച് ദേശീയ ക്ഷീര വികസന ബോർഡ് ഉയർത്തിയ ആശങ്ക മുഖ്യമന്ത്രി അനുഭാവപൂർവം പരിഗണിക്കുകയും ചൂണ്ടിക്കാട്ടിയ നിയമപരമായ പ്രശ്നങ്ങൾ പഠിച്ച് എത്രയും പെട്ടെന്ന് പരിഹാരം കാണുന്നതാണെന്ന് ഉറപ്പുനൽകുകയും ചെയ്തു. ദേശീയ ക്ഷീരവികസന ബോർഡ്, സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്, ഇന്ത്യൻ



എൻ.ഡി.ഡി.ബി. ചെയർപേഴ്സൺ ഡോ. അമൃത പട്ടേൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുമായി ചർച്ചയിൽ. കേരള സംസ്ഥാന റെസിഡന്റ് കമ്മീഷൻ മൈക്കിൾ വേദ ശിരോമണി സമീപം.




എൻ.ഡി.ഡി.ബി. ലബോറട്ടറികളിൽ ഉത്പാദിപ്പിച്ച ഉത്പന്നങ്ങൾ/ഉപകരണങ്ങൾ എന്നിവ മുഖ്യമന്ത്രി ഉമ്മൻചാണ്ടി കാണുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തുടങ്ങിയ സ്ഥാപനങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥരടങ്ങുന്ന ഒരു മൾട്ടി ഡിസിപ്ലിനറി ടീമിനെക്കൊണ്ട് സഹകരണമേഖലയിലെ പ്രശ്നങ്ങൾ പഠനവിധേയമാക്കണമെന്ന അഭിപ്രായത്തോട് മുഖ്യമന്ത്രി യോജിച്ചു. സംസ്ഥാനത്തെ കന്നുകാലികളുടെ ഉത്പാദനക്ഷമത ഇവിടത്തെ ധാന്യവിള ഉത്പാദനക്ഷമതയുടെ അടിസ്ഥാനത്തിൽ പഠനവിധേയമാക്കേണ്ടതാണെന്ന് ദേശീയ ക്ഷീര വികസന ബോർഡ് അദ്ധ്യക്ഷൻ നിർദേശിച്ചു. പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളെക്കുറിച്ചും തീരുമാനമായി. കേരള കന്നുകാലി വികസന ബോർഡിനെ ദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനെക്കുറിച്ചുള്ള സാദ്ധ്യതകളും ആരായുകയുണ്ടായി.

കേരള മൃഗസംരക്ഷണ വകുപ്പ് വികസിപ്പിച്ചെടുത്ത ഡയറ്റ് ബാലൻസിങ് സോഫ്ട് വെയർ നടപ്പിലാക്കാൻ എല്ലാവിധ സഹായങ്ങളും ബോർഡ് വാഗ്ദാനം ചെയ്തു. ക്രമരഹിതവും അപര്യാപ്തവുമായ തീറ്റയാണ് ഗുണമേന്മയുള്ള ജനിതക ഉത്പാദനശേഷിയെ തുരങ്കം വയ്ക്കുന്നത്. ഇപ്രകാരം വികസിപ്പിച്ചെടുത്ത ഒരു ടാങ്ക് കേരളത്തിന്റെ ബൈ-പാസ് പോഷകാഹാരം പരീക്ഷണാർത്ഥം നല്കുന്നതാണ്. ഇത് ഫലപ്രദമെന്നു കണ്ടാൽ പുതിയ ബൈപാസ് പ്രോട്ടീൻ പ്ലാന്റുകൾ നിലവിലുള്ള പ്ലാന്റുകളിൽ സ്ഥാപിക്കുന്നതാണ്.

ദേശീയ ക്ഷീരവികസന ബോർഡ് നടപ്പാക്കിയ മൃഗരോഗ നിയന്ത്രണ പദ്ധതി കൂടുതൽ ശക്തിപ്പെടുത്താനും തീരുമാനമായി. ഇതിലേയ്ക്ക് ആവശ്യമായ സ്റ്റാഫിനെ നിയോഗിക്കാനും തീരുമാനിച്ചു. വെറ്ററിനറി സയൻസ് വിദ്യാഭ്യാസ രംഗം കൂടുതൽ അഭിവൃദ്ധിപ്പെടുത്താൻ ഒരു പ്രത്യേക സർവകലാശാല തന്നെ ഈ രംഗത്തുണ്ടാകേണ്ടതുണ്ടെന്നും അതിന് കേന്ദ്രസർക്കാരിന്റെയും എൻ. ഡി. ഡി. ബിയുടെയും സഹായം വേണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഈ അഭിപ്രായത്തോട് ബോർഡും കേന്ദ്രസർക്കാരും യോജിച്ചു. ഈ വിഷയത്തിൽ അന്തിമ തീരുമാനമെടുക്കുന്നതിനു മുമ്പ് ഇത്തരമൊരു സ്ഥാപനമുണ്ടായാലുള്ള നേട്ടങ്ങളും സാദ്ധ്യതകളും എന്തൊക്കെയെന്ന് വിശദമായി പഠിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ടു. ഇതിനായി ഒരു വിദഗ്ധസമിതിയെ നിയോഗിക്കാനും തീരുമാനമായി.

തിരക്കിനിടയിലും ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനായി മുഖ്യമന്ത്രി രണ്ടുദിവസം ചെലവിട്ടു. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ബുൾസ്റ്റേഷനായ ബെഡാജിലെ സബർമതി ആശ്രമം ഗോശാലയും ക്ഷീരവികസനബോർഡിന്റെ ബയോടെക്നോളജി ലാബും മുഖ്യമന്ത്രി സന്ദർശിച്ചു. ദേശീയ ക്ഷീരവികസന ബോർഡുമായി ദീർഘകാല ബന്ധം ഉറപ്പിച്ച് വരും വർഷങ്ങളിൽ സംസ്ഥാനം കൈവരിക്കാനിരിക്കുന്ന നേട്ടങ്ങൾക്ക് ശക്തമായ പിൻബലം ഉറപ്പിക്കാനും മുഖ്യമന്ത്രിയുടെ സന്ദർശനം വഴിയൊരുക്കി. മുഖ്യമന്ത്രിയോടൊപ്പം ആനന്ദിൽ മഴയുമെത്തിയതിനാൽ അദ്ദേഹത്തിന്റെ സന്ദർശനം ഉത്സവപ്രതീതിയുണർത്തി. ആനന്ദിനുമേൽ ചൊരിഞ്ഞ മഴത്തുള്ളികൾ ഫലപ്രദമായ ഒരു കൂടിക്കാഴ്ചയുടെ വിത്തുകളായി മാറി. ▪



# മുഖ്യമന്ത്രിയുടെ ഓഫീസ് ഇനി ലോകത്തിനു മുമ്പിൽ

മുഖ്യമന്ത്രിയുടെ ചേംബറിൽ വെബ് ക്യാമറ പ്രവർത്തനം ആരംഭിച്ചു. ഇതോടെ ചേംബറിലെ ദൃശ്യങ്ങൾ വെബ്സൈറ്റിലൂടെ കാണാം.

മുഖ്യമന്ത്രി ചേംബറിലുള്ളപ്പോൾ വെബ്ക്യാമറ പ്രവർത്തനനിരതമായിരിക്കും. ചേംബറിൽ നടക്കുന്ന കാര്യങ്ങൾ ലോകത്തെവിടെ നിന്നും ഇനി വീക്ഷിക്കാം. ഇതാദ്യ മായാണ് ഒരു മുഖ്യമന്ത്രിയുടെ ചേംബറിൽ വെബ്കാസ്റ്റിംഗ് ഏർപ്പെടുത്തുന്നത്.

കോൺഫറൻസുകൾ, ചർച്ചകൾ തുടങ്ങിയവയും മുഖ്യമന്ത്രി പൊതുജനങ്ങളെ കാണുന്നതും നിവേദനങ്ങൾ സ്വീകരിക്കുന്നതും മറ്റും ലോകമെമ്പാടും കാണാൻ കഴിയും.

മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ് സൈറ്റായ www.keralacm.gov.in-ലൂടെയാണ് തത്സമയ വെബ്കാസ്റ്റിംഗ് കാണാൻ കഴിയുന്നത്. ഇതിന് ആദ്യം വി.എൽ.സി. പ്ലെയർ ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യണം. ഇതിനുള്ള സൗകര്യം വെബ് സൈറ്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

മുഖ്യമന്ത്രി ചേംബറിലില്ലാത്തപ്പോൾ ലൈവ് വെബ് കാസ്റ്റിംഗ് ലഭ്യമായിരിക്കില്ല. സെക്രട്ടേറിയറ്റിനുള്ളിൽ ലോക്കൽ ഏരിയ നെറ്റ് വർക്കിലാണ് വെബ്കാസ്റ്റിംഗ് ലഭ്യമാകുക.

സുതാര്യഭരണത്തിന്റെ ഭാഗമായാണ് മുഖ്യമന്ത്രി തന്റെ ചേംബറിന്റെ പ്രവർത്തനം ലോകത്തിന് മുന്നിൽ തുറന്നിടുന്നത്. മുഖ്യമന്ത്രിയുടെ വെബ്സൈറ്റിൽ ഇപ്പോൾ പരാതികൾ നൽകുന്നതിനും തുടർ നടപടികൾ പരാതിക്കാരെ അറിയിക്കുന്നതിനുമുള്ള സംവിധാനമുണ്ട്. മുഖ്യമന്ത്രിയുടെ വെബ്സൈറ്റിൽ ഇപ്പോൾ ലഭ്യമായ കാബിനറ്റ് ബ്രീഫിംഗിന്റെ ഓഡിയോ പ്രചാരം നേടിയ പരിപാടിയാണ്. അഞ്ചുമാസം മുമ്പ് ആരംഭം കുറിച്ച വെബ്സൈറ്റ് ഇതിനോടകം ഒരുലക്ഷത്തിലധികം ആളുകൾ സന്ദർശിച്ചിട്ടുണ്ട്.

രാജ്യത്ത് ആദ്യമായി മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും തത്സമയ വെബ് സംപ്രേഷണം നടത്തിയ ഉമ്മൻചാണ്ടിയെ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാം അഭിനന്ദിച്ചു.

മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുമുള്ള തത്സമയ സംപ്രേഷണം വെബ്സൈറ്റിലൂടെ കണ്ടപ്പോൾ തനിക്ക് അതിയായ ആഹ്ലാദം തോന്നിയെന്ന് രാഷ്ട്രപതി അറിയിച്ചു. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിവേദനവുമായെത്തുന്ന ജനക്കൂട്ടത്തെ വെബ്സൈറ്റിലൂടെ കണ്ടെന്നും രാഷ്ട്രപതിയുടെ സന്ദേശത്തിൽ പറയുന്നു.

ഭരണം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കാനുള്ള തന്റെ പ്രതിജ്ഞാബദ്ധതയുടെ ഭാഗമായാണ് തത്സമയ സംപ്രേഷണം നടത്തുന്നതെന്ന് രാഷ്ട്രപതിക്കയച്ച നന്ദി പ്രകാശനസന്ദേശത്തിൽ മുഖ്യമന്ത്രി വ്യക്തമാക്കി. കൂടുതൽ കരുത്തോടെയും അർപ്പണബോധത്തോടെയും സുതാര്യഭരണം കാഴ്ചവയ്ക്കാൻ ഇത് പ്രചോദനം നല്കുമെന്നും മുഖ്യമന്ത്രി ഉറപ്പ് നല്കി. ▪



കാത്തിരുന്ന വർഷകാലം വന്നു.
മണ്ണും മനവും കുളിർന്നു.
പക്ഷെ ഒപ്പം പകർച്ചവ്യാധികളും
തലപൊക്കിത്തുടങ്ങി.
ഇവയെ പ്രതിരോധിക്കാൻ അതീവ
ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.
രോഗപ്രതിരോധപ്രവർത്തനങ്ങളും
വിവിധ ചികിത്സാ രീതികളുമാണ്
ഇവിടെ പ്രതിപാദിക്കുന്നത്.

# മഴക്കാല രോഗങ്ങൾ



കെ.കെ. രാമചന്ദ്രൻമാസ്റ്റർ
ആരോഗ്യമന്ത്രി

# പകർച്ചവ്യാധികൾ പ്രതിരോധിക്കാൻ ക്രമീകരണങ്ങൾ

കാലവർഷക്കാലത്ത് പകർച്ചവ്യാധികൾ ഉണ്ടാവുന്നത് സ്വാഭാവികമാണ്. പകർച്ചവ്യാധികൾ പടർന്നു പിടിക്കാതിരിക്കാനുള്ള പ്രതിരോധപ്രവർത്തനങ്ങൾക്കും രോഗബാധിതർക്ക് ചികിത്സാ സഹായം നൽകാനുമായി എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

ഡെങ്കിപ്പനി, എലിപ്പനി, ജപ്പാൻജ്വരം, മലേറിയ, കോളറ, ടൈഫോയ്ഡ് തുടങ്ങിയ രോഗങ്ങളാണ് മഴക്കാലത്ത് സാധാരണ പടർന്നുപിടിക്കാറുള്ളത്. ആരോഗ്യവകുപ്പിന്റെ വിവിധഭാഗങ്ങൾ, തദ്ദേശഭരണവകുപ്പ്, കൃഷിവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, വനം വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ജല അതോറിറ്റി, കുടുംബശ്രീ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, ക്വാളിഫൈഡ് പ്രൈവറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് അസോസിയേഷൻ, നാഷണൽ സർവീസ് സ്കീം, മഹിളാ സ്വസ്ത് സംഘം, നെഹ്റു യുവകേന്ദ്രം, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് സന്നദ്ധ സേവന സംഘടനകൾ എന്നിവ സംയോജിതമായിട്ടാണ് സംസ്ഥാനത്തുടനീളം രോഗപ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നത്. പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ആയുർവേദ, ഹോമിയോ വിഭാഗങ്ങൾക്കും നിർദേശം നൽകി.

ഇതു സംബന്ധിച്ച് ജില്ലാതലം മുതൽ വാർഡുതലം വരെ യോഗങ്ങൾ ചേർന്ന് സ്ഥിതി പരിശോധിച്ചു. എല്ലാ ജില്ലകളിലും വളരെ ഊർജിതമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്. വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നതിനുമായി മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ മന്ത്രിമാർ, സെക്രട്ടറിമാർ, വകുപ്പുതലവന്മാർ തുടങ്ങിയവർ പങ്കെടുത്തു.

അടിയന്തര സാഹചര്യങ്ങൾ ഉണ്ടായാൽ അവ തരണം ചെയ്യുന്നതിനും മരുന്ന്, രോഗനിർണയകിറ്റുകൾ, ബ്ലീച്ചിംഗ് പൗഡർ, എന്നിവ വാങ്ങുന്നതിനും കൊതുകു നശീകരണത്തിനും നടപടികൾ എടുത്തു. നിലവിൽ നൽകിയിരിക്കുന്ന പരിശോധനാകിറ്റുകൾക്ക് പുറമേ എലിപ്പനി, ഡെങ്കിപ്പനി എന്നിവ നിർണയിക്കുന്നതിന് ഓരോന്നിനും രണ്ടു കിറ്റുകൾ വീതം എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നൽകി. ഒരു കിറ്റു കൊണ്ട് 96 പേരുടെ രോഗനിർണയം നടത്താൻ കഴിയും. നാല് പരിശോധനാകിറ്റുകൾ കൂടി ലഭിക്കുന്നതോടെ ഓരോ ജില്ലയിലും 384 പേർക്കുവീതം രോഗനിർണയം നടത്താൻ സൗകര്യം അധികമായി ലഭിക്കും.

ഏതെങ്കിലും പ്രദേശത്ത് കൂടുതൽ പേർക്ക് വൈറൽ പനിയോ പകർച്ചവ്യാധിയോ പിടിപെടുന്നുവെങ്കിൽ ആ പ്രദേശത്ത് കൂടുതലായി രോഗപരിശോധനയ്ക്കും ചികിത്സയ്ക്കും സൗകര്യം ഏർപ്പെടുത്തും. ഇത്തരം കേന്ദ്രങ്ങളിൽ ഫീവർ ക്ലിനിക്കുകൾ പ്രവർത്തിക്കുകയാണ്.

കൂടുതൽ സ്ഥലങ്ങളിൽ നിന്ന് ജലസാമ്പിളുകളും, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, മറ്റു ഭക്ഷണശാലകൾ എന്നിവിടങ്ങളിൽ നിന്ന് ആഹാര സാമ്പിളുകളും പരിശോധി

**ഏതെങ്കിലും പ്രദേശത്ത് കൂടുതൽ പേർക്ക് വൈറൽ പനിയോ പകർച്ചവ്യാധിയോ പിടിപെടുന്നുവെങ്കിൽ ആ പ്രദേശത്ത് കൂടുതലായി രോഗപരിശോധനയ്ക്കും ചികിത്സയ്ക്കും സൗകര്യം ഏർപ്പെടുത്തും. ഇത്തരം കേന്ദ്രങ്ങളിൽ ഫീവർ ക്ലിനിക്കുകൾ പ്രവർത്തിക്കുകയാണ്.**



# മഴക്കാലരോഗങ്ങളും പ്രതിരോധ മാർഗങ്ങളും

ക്കാൻ ഡി.എം.ഒ. മാർക്കും ജില്ലാ ഫുഡ് ഇൻസ്പെക്ടർമാർക്കും നിർദേശം നൽകി.

രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് വ്യാപകമായി ബോധവത്കരണം നടത്താൻ മാസ് മീഡിയാ വിഭാഗം പ്രവർത്തനം തുടങ്ങി. ഓരോ പ്രദേശത്തിന്റെയും സാഹചര്യത്തിനിണങ്ങുന്ന വിധം ബോധവത്കരണ ക്ലാസുകൾ, സെമിനാറുകൾ, ലഘുലേഖകൾ, പത്ര-ദൃശ്യ മാധ്യമങ്ങൾ വഴിയുള്ള പ്രചാരണ പ്രവർത്തനങ്ങൾ എന്നിവയാണ് നടത്തുന്നത്.

## പുതിയ പദ്ധതികൾ

ആരോഗ്യവകുപ്പിൽ ഈ വർഷം ഒട്ടേറെ വികസന, നവീകരണ പ്രവർത്തനങ്ങൾ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഭരണനവീകരണ പരിപാടിയുടെ ഭാഗമായുള്ള സർവീസസ് ഡെലിവറി പ്രോജക്ട് പ്രകാരം 138 ആശുപത്രികളിൽ 20.03 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഈ വർഷം നടപ്പാക്കും. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി വഴി നടപ്പാക്കുന്ന നാഷണൽ എയ്ഡ്സ് കൺട്രോൾ പ്രോഗ്രാമിന് 22 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഈ പദ്ധതി ഈ വർഷം നടപ്പാക്കുന്നതാണ്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകൾക്ക് പ്രസവത്തിന് മുമ്പും പ്രസവസമയത്തും തുടർന്നും ആരോഗ്യസുരക്ഷ പ്രദാനം ചെയ്യുന്നതിനായി കേന്ദ്രസഹായത്തോടെയുള്ള ജനനി സുരക്ഷാ യോജന സംസ്ഥാനത്ത് ഈ വർഷം നടപ്പാക്കും. സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും പ്രസവത്തിനെത്തുന്ന മൂന്നു ലക്ഷത്തോളം പാവപ്പെട്ട സ്ത്രീകൾക്ക് ഈ വർഷം ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് കണക്കാക്കുന്നു. 11-ാം ധനകാര്യകമ്മീഷന്റെ ശുപാർശപ്രകാരം കൊല്ലം, എറണാകുളം, പാലക്കാട് എന്നിവിടങ്ങളിൽ റീജിയണൽ ഡയഗ്നോസ്റ്റിക് ലബോറട്ടറികൾ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ സിവിൽ വർക്ക് പൂർത്തിയാക്കിയിട്ടുണ്ട്. യന്ത്രസാമഗ്രികൾ സ്ഥാപിച്ചുവരുന്നു. താമസിയാതെ ഉദ്ഘാടനം ചെയ്യുന്നതാണ്. വിവിധ ആശുപത്രികളിൽ പ്രവർത്തനക്ഷമമല്ലാതെ കിടക്കുന്ന അഞ്ച് കോടി രൂപ വില മതിക്കുന്ന ആശുപത്രി ഉപകരണങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കും. 25 ലക്ഷം രൂപയാണ് ഇതിന് ബജറ്റിൽ വകയിരുത്തുന്നത്. ഐ.എം.എ.യുടെ IMAGE പദ്ധതി പ്രകാരമുള്ള MoU അനുസരിച്ച് തൃശ്ശൂർ, മലപ്പുറം, പാലക്കാട്, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ 100-ൽ കൂടുതൽ കിടക്കകളുള്ള ആശുപത്രികളിലെ ബയോ മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കും. മറ്റ് ജില്ലകളിലെ ആശുപത്രികളിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കാനും ഈ വർഷം തന്നെ സംവിധാനം ഏർപ്പെടുത്തും.

തൃശൂർ, കോഴിക്കോട്, തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രങ്ങളിൽ ബിഹേവിയറൽ ഇന്റൻസീവ് കെയർ യൂണിറ്റുകൾ പൂർത്തീകരിക്കും. തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിൽ സൈക്യാട്രിക് നഴ്സിംഗ് ഡിപ്ലോമ കോഴ്സ് ആരംഭിക്കും. ആദിവാസി മേഖലയിൽ ട്രൈബൽ മെഡിക്കൽ ക്യാമ്പുകൾ നടത്താനായി 48 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതി പട്ടികജാതി/പട്ടികവർഗ വകുപ്പിന്റെ പരിഗണനയിലാണ്. ഗവൺമെന്റിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ വർഷം തന്നെ പദ്ധതി നടപ്പാക്കാൻ കഴിയും. ജില്ലാ മെഡിക്കൽ സ്റ്റോറുകളുടെ കമ്പ്യൂട്ടർവത്കരണം ഒരു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയും. ഭരണനവീകരണ പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലാ മെഡിക്കൽ സ്റ്റോറുകളെയും ബന്ധപ്പെടുത്തി കമ്പ്യൂട്ടർവത്കൃത ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം ആറുമാസത്തിനകം നടപ്പാക്കും. ഇടുക്കി ജില്ലാ ആശുപത്രി, ഹരിപ്പാട്, ചേർത്തല താലൂക്കാശുപത്രികൾ എന്നിവയുടെ മന്ദിരങ്ങൾ ഈ വർഷം പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യും. 3.34 കോടി രൂപയുടെ കേന്ദ്രസഹായം ഉപയോഗപ്പെടുത്തിയാണ് ആശുപത്രി മന്ദിരങ്ങൾ നിർമിക്കുന്നത്. പാവപ്പെട്ട 200 രോഗികൾക്ക് 2005 വർഷത്തിൽ ഗവൺമെന്റിൽ നിന്ന് സാമ്പത്തിക സഹായം നൽകും. ഇടുക്കി, വയനാട് ജില്ലകളിൽ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം മെന്റൽ ഹെൽത്ത് സെന്ററുകൾ തുടങ്ങും. 53 ലക്ഷം രൂപയാണ് ഇതിന് ചെലവ് വരുന്നത്. ഒരു കോടിരൂപയുടെ അധിക കേന്ദ്രസഹായം ഉപയോഗപ്പെടുത്തി മാനന്തവാടിയിൽ ട്രോമാകെയർ സെന്റർ ആരംഭിക്കും. പാമ്പാടി ആശുപത്രി വികസനത്തിന് മൂന്ന് കോടി രൂപയുടെ അധിക കേന്ദ്രസഹായം ഉപയോഗപ്പെടുത്തും. നിരവധി വർഷങ്ങളായി വിവിധ തസ്തികകളിലേക്ക് പല കാരണങ്ങളാൽ പ്രമോഷൻ മുടങ്ങിക്കിടക്കുകയായിരുന്നു. ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റികൾ കൂടി ലിസ്റ്റ് അംഗീകരിച്ചശേഷം ഒഴിവുള്ള തസ്തികകളിലേക്കെല്ലാം പ്രൊമോഷൻ നൽകിവരികയാണ്. പാരാമെഡിക്കൽ കൗൺസിൽ സംബന്ധിച്ച നിയമനിർമാണത്തിന് നടപടി തുടങ്ങി. ■




**ഡോ. കെ. ജ്യോതിലാൽ**
പ്രൊഫസർ, സ്വസ്തവൃത്ത വിഭാഗം
ഗവ. ആയുർവേദ കോളജ്

ആയുർവേദത്തിന്റെ ജലഗുണ നിർണയം കേൾക്കുക. 'ജലം ജീവജാലങ്ങൾക്ക് ജീവൻ നിലനിർത്തുന്നതും ആഹ്ലാദത്തെ പ്രദാനം ചെയ്യുന്നതും ബുദ്ധിയെ ഉണർത്തുന്നതും തൃപ്തിയുണ്ടാക്കുന്നതും അതിവിശിഷ്ടമായ സ്വാദുള്ളതും നേർത്തതും അവ്യക്തമായ രസത്തോടു കൂടിയതുമാകുന്നു'. അന്തരീക്ഷജലം ധാരാ (Rain) കാരം (Hail Store) തുഷാരം (Mist) ഹൈമം (Ice) ഇങ്ങനെ നാലു തരമുണ്ടെന്നു പറയുന്നുണ്ട്. അതിൽ ധാരയായി പെയ്യുന്ന മഴവെള്ളം തന്നെയാണ് ശ്രേഷ്ഠം. അത് അമൃതതുല്യമാണ്. ഇത് നിർമലമായ പാത്രത്തിൽ സൂക്ഷിച്ച് കുടിക്കാൻ ഉപയോഗിക്കണമെന്നാണ് ആയുർവേദത്തിന്റെ ശുപാർശ.

ഇങ്ങനെയൊക്കെ ശ്രേഷ്ഠതരമായ മഴയെ പക്ഷേ ജനങ്ങൾ വല്ലാതെ ഭയപ്പെടുന്നു. ഭൂമി ജലസ്രോതസ്സുകളിലൂടെ ഉർവരമാക്കുവാനും കൃഷിക്ക് നിലമൊരുക്കുവാനും അത്യന്താപേക്ഷിതമാണെങ്കിലും മഴയും മഴക്കാലവും രോഗങ്ങളുടെ കാലവർഷം കൂടിയാണെന്നതിനാലാണ് ഈ ആശങ്ക. മഴവെള്ളം ഭൂമിയിൽ വീണ് വെയിലും നിലാവും കാറ്റും ഏറ്റു കഴിഞ്ഞാൽ പിന്നെ ഹിതമായും അഹിതമായും തീരുന്ന കാര്യത്തിൽ ഏതു ദേശത്തു പതിക്കുന്നുവെന്നും ഏതു കാലത്തു പെയ്യുന്നുവെന്നതിനെയും ആശ്രയിച്ചിരിക്കും എന്ന ആയുർവേദ ചിന്തകൾ ഇക്കാര്യത്തിലേക്കുള്ള ഒരു ചൂണ്ടുപലകയാകുന്നു. ഭൂമിദേശം സംശുദ്ധമായി സൂക്ഷിച്ചാൽ മഴജന്യമായ രോഗങ്ങളെ വലിയൊരളവിൽ പ്രതിരോധിക്കാമെന്നതാണ് ധ്വനി. കാലം തെറ്റി മഴ പെയ്യുന്നതിന് പരിസ്ഥിതിയുമായി ഏറെ ബന്ധമുണ്ടെന്ന് ആധുനിക ശാസ്ത്രലോ

# മഴക്കാലരോഗങ്ങളും പ്രതിരോധ മാർഗങ്ങളും

ക്കാൻ ഡി.എം.ഒ. മാർക്കും ജില്ലാ ഫുഡ് ഇൻസ്പെക്ടർമാർക്കും നിർദേശം നൽകി.

രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് വ്യാപകമായി ബോധവത്കരണം നടത്താൻ മാസ് മീഡിയാ വിഭാഗം പ്രവർത്തനം തുടങ്ങി. ഓരോ പ്രദേശത്തിന്റെയും സാഹചര്യത്തിനിണങ്ങുന്ന വിധം ബോധവത്കരണ ക്ലാസുകൾ, സെമിനാറുകൾ, ലഘുലേഖകൾ, പത്ര-ദൃശ്യ മാധ്യമങ്ങൾ വഴിയുള്ള പ്രചാരണ പ്രവർത്തനങ്ങൾ എന്നിവയാണ് നടത്തുന്നത്.

## പുതിയ പദ്ധതികൾ

ആരോഗ്യവകുപ്പിൽ ഈ വർഷം ഒട്ടേറെ വികസന, നവീകരണ പ്രവർത്തനങ്ങൾ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഭരണനവീകരണ പരിപാടിയുടെ ഭാഗമായുള്ള സർവീസസ് ഡെലിവറി പ്രോജക്ട് പ്രകാരം 138 ആശുപത്രികളിൽ 20.03 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഈ വർഷം നടപ്പാക്കും. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി വഴി നടപ്പാക്കുന്ന നാഷണൽ എയ്ഡ്സ് കൺട്രോൾ പ്രോഗ്രാമിന് 22 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഈ പദ്ധതി ഈ വർഷം നടപ്പാക്കുന്നതാണ്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകൾക്ക് പ്രസവത്തിന് മുമ്പും പ്രസവസമയത്തും തുടർന്നും ആരോഗ്യസുരക്ഷ പ്രദാനം ചെയ്യുന്നതിനായി കേന്ദ്രസഹായത്തോടെയുള്ള ജനനി സുരക്ഷാ യോജന സംസ്ഥാനത്ത് ഈ വർഷം നടപ്പാക്കും. സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും പ്രസവത്തിനെത്തുന്ന മൂന്നു ലക്ഷത്തോളം പാവപ്പെട്ട സ്ത്രീകൾക്ക് ഈ വർഷം ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് കണക്കാക്കുന്നു. 11-ാം ധനകാര്യകമ്മീഷന്റെ ശുപാർശപ്രകാരം കൊല്ലം, എറണാകുളം, പാലക്കാട് എന്നിവിടങ്ങളിൽ റീജിയണൽ ഡയഗ്നോസ്റ്റിക് ലബോറട്ടറികൾ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ സിവിൽ വർക്ക് പൂർത്തിയാക്കിയിട്ടുണ്ട്. യന്ത്രസാമഗ്രികൾ സ്ഥാപിച്ചുവരുന്നു. താമസിയാതെ ഉദ്ഘാടനം ചെയ്യുന്നതാണ്. വിവിധ ആശുപത്രികളിൽ പ്രവർത്തനക്ഷമമല്ലാതെ കിടക്കുന്ന അഞ്ച് കോടി രൂപ വില മതിക്കുന്ന ആശുപത്രി ഉപകരണങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കും. 25 ലക്ഷം രൂപയാണ് ഇതിന് ബജറ്റിൽ വകയിരുത്തുന്നത്. ഐ.എം.എ.യുടെ IMAGE പദ്ധതി പ്രകാരമുള്ള MoU അനുസരിച്ച് തൃശ്ശൂർ, മലപ്പുറം, പാലക്കാട്, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ 100-ൽ കൂടുതൽ കിടക്കകളുള്ള ആശുപത്രികളിലെ ബയോ മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കും. മറ്റ് ജില്ലകളിലെ ആശുപത്രികളിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കാനും ഈ വർഷം തന്നെ സംവിധാനം ഏർപ്പെടുത്തും.

തൃശൂർ, കോഴിക്കോട്, തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രങ്ങളിൽ ബിഹേവിയറൽ ഇന്റൻസീവ് കെയർ യൂണിറ്റുകൾ പൂർത്തീകരിക്കും. തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിൽ സൈക്യാട്രിക് നഴ്സിംഗ് ഡിപ്ലോമ കോഴ്സ് ആരംഭിക്കും. ആദിവാസി മേഖലയിൽ ട്രൈബൽ മെഡിക്കൽ ക്യാമ്പുകൾ നടത്താനായി 48 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതി പട്ടികജാതി/പട്ടികവർഗ വകുപ്പിന്റെ പരിഗണനയിലാണ്. ഗവൺമെന്റിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ വർഷം തന്നെ പദ്ധതി നടപ്പാക്കാൻ കഴിയും. ജില്ലാ മെഡിക്കൽ സ്റ്റോറുകളുടെ കമ്പ്യൂട്ടർവത്കരണം ഒരു വർഷത്തിനകം പൂർത്തീകരിക്കാൻ കഴിയും. ഭരണനവീകരണ പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലാ മെഡിക്കൽ സ്റ്റോറുകളെയും ബന്ധപ്പെടുത്തി കമ്പ്യൂട്ടർവത്കൃത ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം ആറുമാസത്തിനകം നടപ്പാക്കും. ഇടുക്കി ജില്ലാ ആശുപത്രി, ഹരിപ്പാട്, ചേർത്തല താലൂക്കാശുപത്രികൾ എന്നിവയുടെ മന്ദിരങ്ങൾ ഈ വർഷം പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യും. 3.34 കോടി രൂപയുടെ കേന്ദ്രസഹായം ഉപയോഗപ്പെടുത്തിയാണ് ആശുപത്രി മന്ദിരങ്ങൾ നിർമിക്കുന്നത്. പാവപ്പെട്ട 200 രോഗികൾക്ക് 2005 വർഷത്തിൽ ഗവൺമെന്റിൽ നിന്ന് സാമ്പത്തിക സഹായം നൽകും. ഇടുക്കി, വയനാട് ജില്ലകളിൽ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം മെന്റൽ ഹെൽത്ത് സെന്ററുകൾ തുടങ്ങും. 53 ലക്ഷം രൂപയാണ് ഇതിന് ചെലവ് വരുന്നത്. ഒരു കോടിരൂപയുടെ അധിക കേന്ദ്രസഹായം ഉപയോഗപ്പെടുത്തി മാനന്തവാടിയിൽ ട്രോമാകെയർ സെന്റർ ആരംഭിക്കും. പാമ്പാടി ആശുപത്രി വികസനത്തിന് മൂന്ന് കോടി രൂപയുടെ അധിക കേന്ദ്രസഹായം ഉപയോഗപ്പെടുത്തും. നിരവധി വർഷങ്ങളായി വിവിധ തസ്തികകളിലേക്ക് പല കാരണങ്ങളാൽ പ്രമോഷൻ മുടങ്ങിക്കിടക്കുകയായിരുന്നു. ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റികൾ കൂടി ലിസ്റ്റ് അംഗീകരിച്ചശേഷം ഒഴിവുള്ള തസ്തികകളിലേക്കെല്ലാം പ്രൊമോഷൻ നൽകി വരികയാണ്. പാരാമെഡിക്കൽ കൗൺസിൽ സംബന്ധിച്ച നിയമനിർമാണത്തിന് നടപടി തുടങ്ങി. ■




**ഡോ. കെ. ജ്യോതിലാൽ**
പ്രൊഫസർ, സ്വസ്തവൃത്ത വിഭാഗം
ഗവ. ആയുർവേദ കോളജ്

ആയുർവേദത്തിന്റെ ജലഗുണനിർണയം കേൾക്കുക. 'ജലം ജീവജാലങ്ങൾക്ക് ജീവൻ നിലനിർത്തുന്നതും ആഹ്ലാദത്തെ പ്രദാനം ചെയ്യുന്നതും ബുദ്ധിയെ ഉണർത്തുന്നതും തൃപ്തിയുണ്ടാക്കുന്നതും അതിവിശിഷ്ടമായ സ്വാദുള്ളതും നേർത്തതും അവ്യക്തമായ രസത്തോടു കൂടിയതുമാകുന്നു'. അന്തരീക്ഷജലം ധാരാ (Rain) കാരം (Hail Store) തുഷാരം (Mist) ഹൈമം (Ice) ഇങ്ങനെ നാലു തരമുണ്ടെന്നു പറയുന്നുണ്ട്. അതിൽ ധാരയായി പെയ്യുന്ന മഴവെള്ളം തന്നെയാണ് ശ്രേഷ്ഠം. അത് അമൃതതുല്യമാണ്. ഇത് നിർമലമായ പാത്രത്തിൽ സൂക്ഷിച്ച് കുടിക്കാൻ ഉപയോഗിക്കണമെന്നാണ് ആയുർവേദത്തിന്റെ ശുപാർശ.

ഇങ്ങനെയൊക്കെ ശ്രേഷ്ഠതരമായ മഴയെ പക്ഷേ ജനങ്ങൾ വല്ലാതെ ഭയപ്പെടുന്നു. ഭൂമി ജലസ്രോതസ്സുകളിലൂടെ ഉർവരമാക്കുവാനും കൃഷിക്ക് നിലമൊരുക്കുവാനും അത്യന്താപേക്ഷിതമാണെങ്കിലും മഴയും മഴക്കാലവും രോഗങ്ങളുടെ കാലവർഷം കൂടിയാണെന്നതിനാലാണ് ഈ ആശങ്ക. മഴവെള്ളം ഭൂമിയിൽ വീണ് വെയിലും നിലാവും കാറ്റും ഏറ്റു കഴിഞ്ഞാൽ പിന്നെ ഹിതമായും അഹിതമായും തീരുന്ന കാര്യത്തിൽ ഏതു ദേശത്തു പതിക്കുന്നുവെന്നും ഏതു കാലത്തു പെയ്യുന്നുവെന്നതിനെയും ആശ്രയിച്ചിരിക്കും എന്ന ആയുർവേദ ചിന്തകൾ ഇക്കാര്യത്തിലേക്കുള്ള ഒരു ചൂണ്ടുപലകയാകുന്നു. ഭൂമിദേശം സംശുദ്ധമായി സൂക്ഷിച്ചാൽ മഴജന്യമായ രോഗങ്ങളെ വലിയൊരളവിൽ പ്രതിരോധിക്കാമെന്നതാണ് ധ്വനി. കാലം തെറ്റി മഴപെയ്യുന്നതിന് പരിസ്ഥിതിയുമായി ഏറെ ബന്ധമുണ്ടെന്ന് ആധുനിക ശാസ്ത്രലോ

**മഴവെള്ളം പവിത്രമാണ്; മഴ വരദാനവും. പക്ഷേ മഴക്കാലം രോഗങ്ങളുടെ കാലവും കൂടിയാണ്. പവിത്രമായ മഴവെള്ളം രോഗകാരണമാകാതിരിക്കാൻ രോഗപ്രതിരോധം നാം വസിക്കുന്ന ഭൂമിയുടെ സംശുദ്ധിയിൽ നിന്ന് തുടങ്ങണം.**

# ങ്ങളുടെ കാലവർഷം

കവും അംഗീകരിക്കുന്നുണ്ട്. വൻ മലകളെ പിടിച്ചു നിർത്തുന്ന വൃക്ഷസമ്പത്തിന്റെ അമിതമായ ചൂഷണവും യുദ്ധത്തിന് ഉപയോഗിക്കുന്ന രാസായുധങ്ങൾ അന്തരീക്ഷത്തിനേല്പിക്കുന്ന ആഘാതവുമടക്കം പരിസ്ഥിതിക്കു ഹാനികരമാകുന്ന കാരണങ്ങളുടെ പട്ടിക സുദീർഘമാണ്. ആ നിലയ്ക്ക് പവിത്രമായ മഴവെള്ളം രോഗകാരണമാകാത്തവണ്ണം ഹിതമായിരിക്കണമെങ്കിൽ, ആദ്യത്തെ രോഗപ്രതിരോധം നാം വസിക്കുന്ന ഭൂമിയുടെ സംശുദ്ധിയും പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്ന ധർമപ്രവൃത്തികളും തന്നെയാണെന്ന് ഓർമിക്കുക.

കൗതുകകരമായ മറ്റൊരു കണ്ടെത്തലും ആയുർവേദം നടത്തിയിട്ടുണ്ട്: മഴ രണ്ടു തരമുണ്ട്. ഗാംഗവും സാമുദ്രവും! ഗാംഗജലം എക്കാലത്തും കുടിക്കാൻ ഉപയോഗിക്കാം. സാമുദ്രജലം കുടിക്കാൻ പാടില്ല. എന്നാൽ ശരത്ഋതുവിന്റെ ആദ്യമാസമായ ആശ്വയുജമാസത്തിൽ പെയ്യുന്ന സാമുദ്രം കുടിയ്ക്കുന്നതിൽ കുഴപ്പമില്ല. കാരണം, അശ്വതി നക്ഷത്രത്തോടു ചേർന്ന് വെളുത്ത വാവ് വരുകയും എന്തിനെയും നിർവിഷമാക്കാൻ പോന്ന അഗസ്ത്യനക്ഷത്രം ആകാശത്തിൽ ഇക്കാലത്ത് ഭൂമിക്ക് അഭിമുഖമായി ഉദിച്ചുനിൽക്കുകയും ചെയ്യുന്നു എന്നതിനാലാണിത്. ഇവയുടെ രശ്മികളേറ്റു പെയ്യുന്ന മഴവെള്ളം നിർമലമായിരിക്കും. വർഷഋതുകഴിഞ്ഞാൽ അടുത്ത ഋതുവാണ് ശരത്. 2005-ലെ കലണ്ടറനുസരിച്ച് സെപ്തംബർ 23 മുതൽ ഒക്ടോബർ 22 വരെയുള്ള കാലം. (കന്നി 7 മുതൽ തുലാം 5). ആയുർവേദത്തിന്റെ ഈ കണ്ടെത്തലിൽ നിന്നും സ്വാഭാവികമായി ഒരു സംശയം ജനിക്കാം. അങ്ങനെയല്ലാതെയുള്ള സാമുദ്രജലം പെയ്തിറങ്ങുന്നത്, ജലാശയങ്ങളിൽ നിന്നും കുടിക്കുവാനും പാചകം ചെയ്യുവാനും ഉപയോഗിക്കുന്നത് മഴക്കാലരോഗങ്ങൾക്കുള്ള പലകാരണങ്ങളിൽ പ്രധാനമായ ഒന്നല്ലേ?

എങ്ങനെയാണ് ഗാംഗ-സാമുദ്ര മഴകളെ തിരിച്ചറിയുക? അതിനുള്ള ലളിതമായ പരീക്ഷണമാണിനിപ്പറയുന്നത്. വെള്ളിപ്പാത്രത്തിൽ വച്ച നിർമലമായ ചെന്നെല്ലരിച്ചോറ് ഏതു മഴവെള്ളമേല്പിച്ചാൽ നുലയാതെയും നിറഭേദം വരാതെയുമിരിക്കുന്നുവോ ആ മഴവെള്ളം ഗംഗാമ്പുവാണ്. നുലയുകയും നിറഭേദമുണ്ടാവുകയും ചെയ്യുന്നത് സാമുദ്രമാണ്. അത് കുടിക്കാൻ പാടില്ല. നമ്മുടെ പ്രധാനഭക്ഷണമായ ചോറിനോട് ബന്ധപ്പെട്ട ഈ പരീക്ഷണം, ചോറ് ആഹരിച്ചതിനു ശേഷം സാമുദ്രജലം കുടിച്ചാലുണ്ടാകുന്ന ഭവിഷ്യത്തിനെയും ഓർമിപ്പിക്കുന്നതാണ്. ചോറുമായി പ്രതിപ്രവർത്തിച്ച് സാമുദ്രജലം വിഷം ആഹരിച്ചതിനു തുല്യമായ രോഗങ്ങൾ ഉണ്ടാക്കും.

നേരിട്ട് മഴവെള്ളം ശേഖരിച്ച് കുടിക്കാനും പാചകം ചെയ്യാനും ഉപയോഗിക്കുന്നത് ഇക്കാലത്തു സാധാരണമല്ല. എന്നാൽ മഴക്കുഴികൾ ഉണ്ടാക്കുന്നത് ജല ദൗർലഭ്യത്തിനുള്ള ഒരു പരിഹാരമായി പ്രായോഗികമാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, മഴക്കുഴികളിൽ ശേഖരിക്കപ്പെടുന്നത് ഗംഗാമ്പുവാണെന്ന് ഉറപ്പുവരുത്തണം എന്നതാണ് ആയുർവേദത്തിന്റെ ഈ ദൃശ്യവെളിപ്പെടുത്തലുകൾ നമ്മെ ഓർമിപ്പിക്കുന്നത്.

രോഗങ്ങൾ പിടിപെടാതിരിക്കുവാനുള്ള മറ്റൊരു നിർദേശം കേൾക്കുക. ചെളി കൊണ്ടു കലങ്ങിയും പായൽ, പുല്ല്, ഇലകൾ എന്നിവയാൽ മൂടിക്കിടക്കുന്നതും വെയിലും നിലാവും കാറ്റുമേല്ക്കാത്തതും കൊഴുപ്പുള്ളതും ഈടുകൂടിയതും പതയുള്ളതും അണുകൃമികളുള്ളതും ചൂടുപിടിച്ചു കിടക്കുന്നതും അധികം തണുപ്പുള്ളതു കൊണ്ട് പല്ല് കോച്ചുന്നതുമായ വെള്ളം ഉപയോഗിക്കരുത്. ഇതുകൊണ്ട് കുളിക്കുകയോ കുടിക്കുകയോ ചെയ്യുന്നത് തണ്ണീർദാഹം, വയറുപെരുക്കം, മഹോദരം എന്നീ രോഗങ്ങൾ ഉണ്ടാക്കും. ജലം പൊതുവിതരണത്തിനായി കെട്ടിയിരിക്കുന്ന വലിയ ടാങ്കുകളും വീടിന്റെ ടെറസ്സിലെ വാട്ടർടാങ്കുകളും അടച്ചുമൂടിയിടുന്നത് ഈ വീക്ഷണത്തിൽ ശരിയല്ല. വെള്ളത്തിൽ വെയിലും നിലാവും ഏല്ക്കുക തന്നെ വേണം. സൂര്യന്റെയും ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും രശ്മികൾ ജലത്തിലേല്ക്കണം. ശരത്ഋതുകാലത്ത്, വീടിന്റെ മട്ടുപ്പാവിൽ, വൃത്തിയുള്ള ഒരു പാത്രത്തിൽ ജലം വച്ച് അതിൽ വെയിലും നിലാവും ഏല്പിച്ച് കുടിക്കാൻ ഉപയോഗി



**കൗതുകകരമായ മറ്റൊരു കണ്ടെത്തലും ആയുർവേദം നടത്തിയിട്ടുണ്ട്: മഴ രണ്ടുതരമുണ്ട്. ഗാംഗവും സാമുദ്രവും! ഗാംഗജലം എക്കാലത്തും കുടിക്കാൻ ഉപയോഗിക്കാം. സാമുദ്രജലം കുടിക്കാൻ പാടില്ല.**

# മഴക്കാലരോഗങ്ങളും പ്രതിരോധ മാർഗങ്ങളും



**വെള്ളിപ്പാത്രത്തിൽ വച്ച നിർമലമായ ചെന്നെല്ലരിച്ചോറ് ഏതു മഴവെള്ളമേല്പിച്ചാൽ നുലയാതെയും നിറഭേദം വരാതെയുമിരിക്കുന്നുവോ ആ മഴവെള്ളം ഗംഗാമ്പുവാണ്. നുലയുകയും നിറഭേദമുണ്ടാവുകയും ചെയ്യുന്നത് സാമുദ്രമാണ്. അത് കുടിക്കാൻ പാടില്ല.**

**രോഗങ്ങൾ പിടിപെടാതിരിക്കുവാനുള്ള ഒരു നിർദേശം ഇതാണ്. ചെളികൊണ്ടു കലങ്ങിയും പായൽ, പുല്ല്, ഇലകൾ എന്നിവയാൽ മൂടിക്കിടക്കുന്നതും വെയിലും നിലാവും കാറ്റുമേല്ക്കാത്തതും കൊഴുപ്പുള്ളതും ഈടുകൂടിയതും പതയുള്ളതും അണുക്യമികളുള്ളതും ചൂടുപിടിച്ചു കിടക്കുന്നതും അധികം തണുപ്പുള്ളതു കൊണ്ട് പല്ല് കോച്ചുന്നതുമായ വെള്ളം ഉപയോഗിക്കരുത്.**



മഴക്കാലത്തു സമൃദ്ധമായി ഒഴുകുന്ന നദി ആരുടെ മനമാണ് കുളിർപ്പിക്കാത്തത്? നിത്യോപയോഗത്തിന് ഈ ജലം ഉപയോഗിക്കുന്ന കാര്യത്തിൽ ആയുർവേദം നല്കുന്ന അപായസൂചനകൾ ശ്രദ്ധിക്കുക. നദി ഏതു മലയിൽ നിന്നും ഉത്ഭവിക്കുന്നതാണെന്ന് നോക്കണം. ഏതു ദിശകളിലേക്കൊഴുകുന്നുവെന്നതും ശ്രദ്ധിക്കണം. സഹ്യപർവതത്തിൽ നിന്നും വിന്ധ്യപർവതത്തിൽ നിന്നും ഉറവയിട്ടു വരുന്ന നദികൾ കുഷ്ഠം, വിളർച്ച, ശിരോരോഗങ്ങൾ എന്നിവയെ ഉണ്ടാക്കും. ഹിമവാൻ, മലയം എന്നീ പർവതങ്ങളിൽ നിന്നുമുള്ള നദീജലം ആരോഗ്യകരമാണ്. പ്രാച്യം, അവന്തി, അപരാന്തം, മഹേന്ദ്രം എന്നിങ്ങനെ ഒട്ടനവധി പർവതങ്ങളിൽ നിന്നുമുള്ള നദികളെ ഈ തരത്തിൽ ആയുർവേദം വിശകലനം ചെയ്തിട്ടുണ്ട്. പടിഞ്ഞാറൻ കടലിലേക്ക് ഒഴുകുന്ന നദീജലമാണ് ഉത്തമം. കിഴക്കൻ കടലിലേക്ക് ഒഴുകുന്ന ജലത്തിന് ഘനം കൂടിയിരിക്കുമെന്നതിനാൽ നല്ലതല്ല. തെക്കോട്ടൊഴുകുന്ന നദികളിലെ ജലം മദ്ധ്യമഗുണമുള്ളതാണ്. ഈ നദികൾ തന്നെ ഒരിടത്തു കെട്ടിനില്ക്കുന്നതായാൽ കൃമിരോഗം, മന്ത്, ഹൃദ്രോഗം, കണ്ഠരോഗം, ശിരോരോഗങ്ങൾ എന്നിവയെ ഉണ്ടാക്കും. താരതമ്യേന കിണർവെള്ളമാണ് നല്ലത്. എന്നിരുന്നാലും കിണർ, കുളം മുതലായവയെ ജാംഗലദേശം (മലകളും താഴ്വാരങ്ങളും ഇടകലർന്ന ഭൂമി) ആന്തവദേശം (ഈർപ്പം കൂടുതലുള്ള ഭൂമി) സാധാരണഭൂമി (അധികം ഉഷ്ണവും ശീതവുമില്ലാത്ത ഭൂമി) എന്നിങ്ങനെ ഭൂമിദേശങ്ങൾ കൊണ്ടും അടുത്തുള്ള മല ഏതെന്നു വിലയിരുത്തിക്കൊണ്ടും ഗുണ-ദോഷങ്ങൾ നിശ്ചയിക്കണം. ജാംഗലം വാതഫൂയിഷ്ഠവും, ആന്തവം കഫഫൂയിഷ്ഠവും, സാധാരണം സമദോഷഹിതവുമാണെന്നറിയണം.

മഴക്കാലരോഗങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ മഴയും ജലസ്രോതസ്സുകളും ഭൂമിയും സൂര്യചന്ദ്രന്മാരുടെ സാന്നിദ്ധ്യവും ചേർന്നുള്ള പ്രകൃതിയുടെ അവസ്ഥയെ വിശകലനം ചെയ്യാൻ ആധുനികലോകം ശ്രദ്ധിക്കാറില്ല. പടർന്നു പിടിക്കുന്ന മഴക്കാലവ്യാധികളെക്കുറിച്ച് വേവലാതിപ്പെടുമ്പോൾ ഹൃദ്രോഗം, മഹോദരം തുടങ്ങി ചിരകാരി

ക്കണമെന്ന ആയുർവേദവിധി ശ്രദ്ധേയമാണ്. ഈ ജലത്തിന് ആയുർവേദം സാഹിത്യസുന്ദരവും ആലോചനാമൃതവുമായ ഒരു പേരും നല്കിയിട്ടുണ്ട്. ഹംസോദകം.

ജലസ്രോതസ്സുകളിൽ മാറാലയും ചെടികളും മറ്റും നിറഞ്ഞു നിൽപ്പുണ്ടെങ്കിൽ ആ വെള്ളം ഉപയോഗയോഗ്യമല്ല എന്ന നിർദേശവും ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഡ്രെയിനേജ് മാലിന്യങ്ങൾ ജലാശയത്തിൽ കലരുന്നതും ഫാക്ടറിയിൽ നിന്നും പുറംതള്ളുന്ന വിഷവസ്തുക്കൾ ജലാശയത്തിൽ കലരുന്നതും, ആ ജലം ഉപയോഗിക്കപ്പെടുമ്പോൾ മേൽപറഞ്ഞ രോഗങ്ങൾക്കു കാരണമാണെന്നു വരുന്നു. ആഹാരത്തിലും വിഹാരത്തിലും ചിട്ടയാർന്ന ശീലങ്ങളുള്ളവർക്കുപോലും മഴക്കാലത്തുരോഗങ്ങൾ സംഭവിക്കുന്നുവെങ്കിൽ അതു മഴക്കാലത്തിന്റെ കുറ്റം കൊണ്ടല്ല എന്നതും ഇവിടെ ഓർമിപ്പിക്കുകയാണ്.



**വെള്ളം കെട്ടി നിൽക്കുന്നിടങ്ങളിൽ വംശവർദ്ധനയ്ക്കു സാധ്യതയുള്ളതിനാൽ ഏഡസ് ഈജിപ്തി**(Aedes Egypti) **ഏഡസ് ആൽബോപിക്ട്സ്** (Aedes Albo pictus) **എന്നീ കൊതുകുകൾ സംക്രമിപ്പിക്കുന്ന ഡെങ്കിപ്പനി വർഷകാലത്ത് അധികരിച്ചു വരും.**

# മഴക്കാലരോഗങ്ങളും പ്രതിരോധ മാർഗങ്ങളും

**ആയുർവേദഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുള്ള മൂഷികവിഷബാധയിലെ ലക്ഷണങ്ങളും സന്നിപാതജ്വരത്തിന്റെ ലക്ഷണങ്ങളും ഏകകാലത്തു രോഗിയിൽ പ്രകടമാക്കുന്നതാണ് എലിപ്പനി.**



യായ രോഗങ്ങൾ അപ്രസക്തമാകുന്നതു കൊണ്ടാണിത്.

വർഷകാലത്ത് വാതദോഷപ്രധാനമായ രോഗങ്ങൾ പിടിപെടുന്നതും ശരത്കാലത്ത് പിത്തദോഷപ്രധാനമായ രോഗങ്ങൾ പിടിപെടുന്നതും വസന്തഋതുവിൽ കഫപ്രധാനമായ രോഗങ്ങൾ പിടിപെടുന്നതും ആണ്, ബാഹ്യപ്രകൃതിയുടെ മാറ്റങ്ങളും ആഹാരശീലങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഉത്തരായനം-ദക്ഷിണായനം എന്നീ സൂര്യസഞ്ചാരപഥം (ഭൂമിയുടെ സ്വയം ഭ്രമണത്തിലൂടെ ഭൂവാസികൾക്ക് തോന്നുന്നതാണ് സൂര്യസഞ്ചാരം) പഠിച്ചുകൊണ്ടുള്ള പ്രസ്താവനയാണിത്.

വർഷകാലത്തെക്കുറിച്ചുള്ള കൂടുതൽ പഠനത്തിൽ ആയുർവേദത്തിന്റെ കണ്ടെത്തലുകൾ ഇങ്ങനെയാണ്. തൊട്ടുമുമ്പുണ്ടായിരുന്ന ഗ്രീഷ്മഋതുവിൽ ദഹനേന്ദ്രിയ പ്രവർത്തനങ്ങൾക്ക് മന്ദതയുണ്ടായിരുന്നു. വർഷഋതുവിൽ ഇതു കുറേക്കൂടി മന്ദിക്കുന്നു. ആകാശത്തെങ്ങും വെള്ളം കൊണ്ടു തീർത്ത കാർമേഘങ്ങൾ തൂങ്ങിക്കിടക്കുമ്പോൾ ജലകണങ്ങളോടു കൂടി വീശുന്നതും പെട്ടെന്നു തണുത്തതുമായ കാറ്റുകൊണ്ടും അമ്ലപാകത്തെ ഉണ്ടാക്കുന്ന ഭൂമിയിൽ നിന്നു പൊങ്ങുന്ന ആവി കൊണ്ടും കലങ്ങിയ വെള്ളം കൊണ്ടും മന്ദിച്ചിരിക്കുന്ന ജഠരാഗ്നി കൊണ്ടു തന്നെയും ദോഷങ്ങൾ ദുഷിക്കുന്നു. ആയതിനാൽ വാതം-പിത്തം-കഫം എന്നീ മൂന്നു ദോഷങ്ങളുടെയും രോഗങ്ങൾ വർഷ ഋതുവിൽ പിടിപെടാൻ സാധ്യതയുണ്ട്. അതിനാൽ മൂന്നു ദോഷങ്ങളുടെ ദുഷ്യത്തിനുതകാത്തതും തീക്ഷ്ണ ഉഷ്ണരൂപത്തിലുള്ളതും മിതമായതും (മധുരം, അമ്ലം ഇവ കുറയ്ക്കുകയും, കയ്പ്, ചവർപ്പ്, എരിവ് എന്നിവ കൂട്ടുകയും ആവാം) എന്ന തരത്തിലുള്ള ആഹാരങ്ങളും ശീലങ്ങളുമാണ് സ്വീകരിക്കേണ്ടത്. ഭൂമിയിൽ നിന്നുമുള്ള മാലിന്യങ്ങൾ ഒഴുകിയിറങ്ങി ദൂഷിതമാകുന്നതിനാലും രോഗബാധിതമായ ഇതര ജന്തുക്കളുടെ സമ്പർക്കത്താലും ജലാശയങ്ങളിലെ മത്സ്യങ്ങൾക്കു പോലും രോഗമുണ്ടാകാം. അതിനാൽ മത്സ്യോപയോഗം പാടില്ല. കുടിക്കാനും കുളിക്കാനും കിണർ ജലത്തെയോ ശുദ്ധീകരിച്ച വെള്ളത്തെയോ മാത്രം സ്വീകരിക്കുക.

പഞ്ചകർമചികിത്സാ പ്രാധാന്യം നോക്കാം. ശരീരത്തിൽ അടിഞ്ഞു കൂടി ക്രമേണ രോഗകാരണമാകുന്ന രീതിയിൽ ത്രിദോഷങ്ങളെ കോപിപ്പിക്കുന്ന മാലിന്യങ്ങളെ പുറത്തു കളയാനുള്ള അഞ്ച് ശോധനകർമങ്ങളാണു പഞ്ചകർമ ചികിത്സ എന്നറിയപ്പെടുന്നത്. അതിനുപറ്റിയ മൂന്നു കാലങ്ങളാണ് ഒരു കൊല്ലത്തിലുള്ളത്. ഈ കാലങ്ങളെ സാധാരണ മാസങ്ങൾ എന്നു പറയുന്നു. വസന്തഋതുവിലെ ചൈത്രമാസവും (മാർച്ച് 22 - ഏപ്രിൽ 20) വർഷഋതുവിലെ ശ്രാവണമാസവും (ജൂലൈ 23 - ആഗസ്റ്റ് 22, കർക്കിടകം 7 - ചിങ്ങം 6) ശരത്ഋതുവിലെ കാർത്തികമാസവും (ഒക്ടോബർ 23 - നവംബർ 21) ആണിവ. ഛർദ്ദിപ്പിക്കുക, വയറിളക്കുക, നസ്യം, സ്നേഹവസ്തി, കഷായവസ്തി എന്നിവയാണ് ചരക നിർദേശിതമായ പഞ്ചശോധനകൾ. ഉചിതമായ ഘൃതം സേവിച്ചുകൊണ്ടും ദേഹത്തിന് അനുയോജ്യമായ തൈലം ദേഹത്തു തേച്ചുകൊണ്ടും ശരീര-ബാഹ്യാന്തരഭാഗങ്ങളെ സ്നിഗ്ധമാക്കുകയും തുടർന്ന് സ്വേദിപ്പിച്ച് ശരീരദോഷങ്ങളെ കോഷ്ഠത്തിലേക്ക് കൊണ്ടു വന്ന് ശോധനം ചെയ്തു കളയുന്ന രീതിയാണ് ഇതിൽ അവലംബിക്കുന്നത്. സ്വേദിപ്പിക്കുന്നതിന് സർവാംഗം ആവികൊടുക്കുകയോ, ഇലക്കിഴിയോ, പിഴിച്ചിലോ ഇങ്ങനെ ഏതു പ്രയോഗവും സ്വീകരിക്കാവുന്നതാണ്. ബാഹ്യപ്രകൃതി ശീതള സമ്പന്നമായതിനാൽ വർഷകാലത്തുള്ള ഈ പ്രയോഗങ്ങൾ വളരെ സുഖകരമായി അനുഭവപ്പെടും. വിശേഷിച്ച് രോഗമൊന്നുമില്ലാത്തവർക്ക് ആരോഗ്യസംരക്ഷണമെന്നരീതിയിലോ, രോഗമുള്ളവർക്ക് രോഗാവസ്ഥക്കനുസരിച്ചോ പഞ്ചകർമങ്ങൾ ശീലിക്കാം.

ഇത്തരത്തിൽ പഞ്ചശോധനകൾ ചെയ്ത വ്യക്തി പഴക്കം ചെന്നതും കേടുകൂടാത്തതുമായ ഗോതമ്പുകൊണ്ടുള്ള പലഹാരങ്ങൾ, സംസ്കരിച്ചു കറിയാക്കിയ മാംസരസം, ജാംഗലദേശത്തെ ജന്തുക്കളുടെ മാംസം കറിവെച്ചത്, ചെറുപയർ, ചണമ്പയറ് എന്നിവ കൊണ്ടുണ്ടാക്കിയ ധാന്യരസവും തൈർവെള്ളവും തിളപ്പിച്ചാറ്റിയ വെള്ളവും വർഷകാലത്ത് ഉപയോഗിക്കണം. സൂര്യനെ കാണാൻ കഴിയാത്തവണ്ണം അതിവർഷമുള്ള ദിവസങ്ങളിൽ തിരിച്ചറിയത്തക്കവണ്ണം ഉപ്പും പുളിയും നെയ്യും ചേർത്തതും ഉരുട്ടാവുന്ന വിധത്തിൽ ശുഷ്കമായതും തേൻ ചേർത്തതും ലഘുത്വഗുണമുള്ളതുമായ ആഹാരമാണ് ഉപയോഗിക്കേണ്ടത്.

ആറ്റുവെള്ളം, വെള്ളത്തിൽ കലർത്തിയ മലർപ്പൊടി, പകലുറക്കം, അത്യദ്ധ്വാനം, വെയിൽ ഇവയെല്ലാം ഉപേക്ഷിക്കണം.

എലിപ്പനി (Lepto spirosis), കോളറ എന്നിവയാണ് വർഷകാലത്തു മരണകാരികളായിത്തീരാവുന്ന പകർച്ചവ്യാധികൾ. കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് ശരീരം ബാഹ്യാഭ്യന്തരമായി ക്രമീകരിക്കാൻ (Adjust with nature) പ്രാപ്തിയില്ലാത്തവർക്കാകട്ടെ വൈറൽ ഫീവർ എന്ന കടുത്ത പനിയും ബാധിച്ചുകാണുന്നുണ്ട്. വെള്ളം കെട്ടി നിൽക്കുന്നിടങ്ങളിൽ വംശവർദ്ധനയ്ക്കു സാധ്യതയുള്ളതിനാൽ ഏഡസ് ഈജിപ്തി(Aedes Egypti) ഏഡസ് ആൽബോ പിക്ടസ് (Aedes Albo pictus) എന്നീ കൊതുകുകൾ സംക്രമിപ്പിക്കുന്ന ഡെങ്കിപ്പനി വർഷകാലത്ത് അധികരിച്ചു വരും. രോഗപ്രതിരോധശേഷി ആർജിക്കുക എന്നതുമാത്രമാണ് ആത്യന്തികമായി



**കോളറയ്ക്ക് ആയുർവേദത്തിൽ വിഷൂചിക എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. വിബ്രിയോ കോളറ 01 എന്ന ബാക്ടീരിയ ഈച്ച വഴി തുറന്നു വച്ചിരിക്കുന്ന ആഹാരത്തിലോ, ജലാശയത്തിലോ എത്തിപ്പെടുകയും അവ ആഹരിക്കുന്നവരിലെ ചെറുകുടൽ കേന്ദ്രമാക്കി അണു, രോഗപ്രവൃത്തി നടത്തുകയുമാണ് ചെയ്യുന്നത്.**




# മഴക്കാല രോഗങ്ങളും പ്രതിവിധിയും

**ഡോ. എം. അബ്ദുൾ റഷീദ്**
ഡപ്യൂട്ടി ഡയറക്ടർ, ആരോഗ്യവകുപ്പ്

അത്യുഷ്ണവും വരൾച്ചയും ജലദൗർലഭ്യവും മാറി കാത്തിരുന്ന വർഷകാലം വന്നു, സമൃദ്ധമായി തന്നെ. ജീവജാലങ്ങൾക്കെല്ലാം ഉത്സാഹമായി. പക്ഷേ ആഗ്രഹിക്കാത്ത ഉരുൾപൊട്ടൽ വന്ന് വിലപ്പെട്ട അനേകം ജീവനുകൾ അപഹരിച്ചു. കാലിസമ്പത്തും കൃഷിസമ്പത്തും നശിപ്പിച്ചു. അനുബന്ധമായി ആഗ്രഹിക്കാത്ത പലതരം പനികളും!

ഈ പനികളെല്ലാം വൈറൽ പനി (Viral Fever) യുടെ രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നതെങ്കിലും ജ്വരമായും, ജപ്പാൻ ജ്വരമായും എലിപ്പനിയായും ഡെങ്കിപ്പനിയായും മലേറിയയായും പരിണമിച്ച് മനുഷ്യജീവനെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇനിയും വയറിളക്ക രോഗങ്ങൾ വരാനിരിക്കുന്നതേയുള്ളൂ.

Vector Born Disease Control (State) Society (കൊതുക്, ഈച്ച, എലി, ചെള്ള് മുതലായവ പരത്തുന്ന രോഗങ്ങളെ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള സംസ്ഥാന തല സൊസൈറ്റി) രൂപീകരിച്ച്, ഇടവപ്പാതി മൂലമുണ്ടാകാവുന്ന കെടുതികളെ പ്രതിരോധിക്കാൻ വേണ്ട സാധനസാമഗ്രികളും മരുന്നും ദ്രുതകർമ സേനയുമായി കാത്തിരുന്ന ആരോഗ്യവകുപ്പിന്റെ സന്നാഹങ്ങളെ കബളിപ്പിച്ചുകൊണ്ട് പനി പടർന്നു പിടിക്കുകയാണ്; പ്രതിദിനം പതിനായിരക്കണക്കിന്. കഴിഞ്ഞകൊല്ലത്തിന്റെ അത്രയും വ്യാപകമല്ലായെന്നത് ആശ്വാസത്തിന് വക നൽകുന്നുണ്ട്.

ഉഷ്ണത്തിൽ നിന്ന് മഴയി



ഇവയെ ചെറുക്കുവാനുള്ള ഉപാധി. ആയുർവേദത്തിൽ പറയുന്ന സാധാരണ കാലങ്ങളിൽ യഥാശക്തി ധനസ്ഥിതിക്കനുസരിച്ച് ആയുർവേദ ഭിഷഗ്വരനിൽ നിന്നു തന്നെയോ ചികിത്സകന്റെ ഉപദേശ നിർദേശങ്ങളോടെ ലളിതമായ വിധത്തിലുള്ള ശോധനക്രിയകൾ സ്വന്തമായോ സ്വീകരിക്കപ്പെടുന്നതിലൂടെ രോഗപ്രതിരോധശേഷി ആർജിക്കാൻ കഴിയും.

ആയുർവേദഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുള്ള മൂഷികവിഷബാധയിലെ ലക്ഷണങ്ങളും സന്നിപാതജ്വരത്തിന്റെ ലക്ഷണങ്ങളും ഏകകാലത്തു രോഗിയിൽ പ്രകടമാക്കുന്നതാണ് എലിപ്പനി. ലെപ്റ്റോസ്പൈറോ ബാക്ടീരിയ ജനുസ്സിൽപ്പെട്ട ലെപ്റ്റോസ്പൈറോ ഇക്ടറോഹെമറേജിയേ (Lepto Spira letero haemoorhagiae) എന്ന അണു, കെട്ടിക്കിടക്കുന്ന ജലാശയങ്ങളിലെ ജീവികളിലും സമീപത്തുള്ള താവളത്തിലെ എലി തുടങ്ങി കരണ്ടു തിന്നുന്ന ജീവികളിലും കുടികൊള്ളുന്നു. എലിയുടെ മൂത്രത്തിൽ കലർന്നു ജലാശയത്തിൽ കലരുന്ന രോഗാണു, ജലാശയത്തോടു ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരുടെ ശരീരത്തുള്ള മുറിവുകളിൽ കൂടിയോ ജലജീവികളെ ഭക്ഷിക്കുന്നതുവഴി വായ് മുതലുള്ള ശ്ലേഷ്മ കലയിൽ (Mucous membrane) കൂടിയോ രക്തത്തിൽ കലർന്നു വർദ്ധിക്കുന്നതു വഴിയാണ് രോഗം വ്യക്തീഭവിക്കുന്നതെന്ന് ആധുനിക ശാസ്ത്രം മനസ്സിലാക്കിയിട്ടുണ്ട്. കോളറയ്ക്ക് ആയുർവേദത്തിൽ വിഷൂചിക എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. വിബ്രിയോ കോളറ 01 എന്ന ബാക്ടീരിയ ഈച്ച വഴി തുറന്നു വച്ചിരിക്കുന്ന ആഹാരത്തിലോ ജലാശയത്തിലോ എത്തിപ്പെടുകയും അവ ആഹരിക്കുന്നവരിലെ ചെറുകുടൽ കേന്ദ്രമാക്കി അണു, രോഗപ്രവൃത്തി നടത്തുകയുമാണ് ചെയ്യുന്നത്. ആദ്യം വയറിളക്കവും പിന്നെ ഛർദ്ദിയും കൂടിയായി രോഗം, രോഗിയെ നിർജലനീകരണ (dehydration) അവസ്ഥയിലെത്തിച്ച് മരണത്തിലേക്ക് നയിക്കും.

മേൽപ്പറഞ്ഞ രണ്ടുരോഗങ്ങളുടെയും പ്രധാന ഹേതുക്കളാണ് മഴക്കാലത്തെ ജലാശയങ്ങളും ഓടകളും മറ്റും. തീരദേശങ്ങളിൽ രോഗബാധയ്ക്കു സാധ്യത വളരെക്കൂടുതലാണ്. അണുബാധിതമായ ജലം വിഷത്തിനു തുല്യമാണെന്ന് ആയുർവേദം പറയുന്നു. വിഷം കലർന്ന വെള്ളം സ്വാദുമാറിയതും ഇളം ചൂടുള്ളതും രേഖകൾ പരന്നതും നുരയുള്ളതും കട്ടിയുള്ളതും പക്ഷികൾ ഇഷ്ടപ്പെടാത്തതും ചത്തതും പിടയുന്നതുമായ മത്സ്യങ്ങളുള്ളതും തൊട്ടാൽ വേദനയും നീരും ചൊറിച്ചിലുമുണ്ടാക്കുന്നതുമാ



**ആഹാരത്തിന് മുമ്പ് കൈകൾ നന്നായി കഴുകണം.**
**അണുക്കൾ ആഹാരത്തിലൂടെ ചെറുകുടലിലെത്തി രോഗപ്രവൃത്തി നടത്തുന്നു.**

# മഴക്കാലരോഗങ്ങളും പ്രതിരോധ മാർഗങ്ങളും

## ഉഷ്ണത്തിൽ നിന്നും മഴയിലേക്കും തണുപ്പിലേക്കുമുള്ള കാലാവസ്ഥാ മാറ്റം നമ്മുടെ പ്രതിരോധശക്തിയെ കുറയ്ക്കുന്നു. വർഷകാല രോഗങ്ങൾ ഒന്നൊന്നായി രംഗത്തെത്തുന്നതും അതിനാലാണ്.



ലേക്കും തണുപ്പിലേക്കും പെട്ടെന്നുള്ള കാലാവസ്ഥാമാറ്റം പലരീതിയിലും മനുഷ്യപ്രതിരോധ ശക്തി താരതമ്യേന കുറയ്ക്കുന്നതു കൊണ്ടാണ് വർഷകാലത്ത് രോഗങ്ങൾ പെരുകുന്നതെന്നാണ് വിദഗ്ദ്ധാഭിപ്രായം. കൂടാതെ ഉയർന്ന ഹ്യുമിഡിറ്റിയുള്ള ഈ കാലാവസ്ഥ സൂക്ഷ്മാണുക്കളുടെ വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ഈ വാദം ശാസ്ത്രലോകം പൂർണമായി അംഗീകരിച്ചതായി കാണുന്നില്ല. വർഷകാലത്തിന്റെ കെടുതിയായി ഉണ്ടാകുന്ന തൊഴിൽ നഷ്ടം, ദാരിദ്ര്യം, പട്ടിണി, പോഷകാഹാരക്കുറവ്, നിത്യരോഗങ്ങളായ ആസ്ത്മാ, അലർജി, ക്ഷയരോഗം, പക്ഷപാതം മൂലമുണ്ടാകുന്ന മാനസിക-ശാരീരികാസ്വാസ്ഥ്യങ്ങൾ ഇവയെല്ലാം രോഗപ്പകർച്ചയെ സഹായിക്കുന്ന ഘടകങ്ങളാണ്. കുട്ടികൾ, വൃദ്ധന്മാർ ഇവരെയാണ് വർഷ കാല രോഗങ്ങൾ കൂടുതലായി ആക്രമിക്കുന്നത്.

വൈറസുകളെ നശിപ്പിക്കുന്ന ഫലവത്തായ ആന്റി വൈറൽ, ആന്റി ബയോട്ടിക്കുകൾ സുലഭമല്ലാത്തതിനാൽ വൈറൽ രോഗങ്ങളായ പനി, ഡെങ്കിപ്പനി, ഇൻഫ്ളുവൻസ, ജപ്പാൻജ്വരം മുതലായവ വരാതിരിക്കാൻ മുൻകരുതലുകളെടുക്കൽ മാത്രമാണ് കരണീയമായിട്ടുള്ളത്. പനി പിടിപെട്ടാൽ നിസ്സാരമായി കാണാതെ വൈദ്യസഹായം തേടുക, പരിശോധനകൾക്ക് വിധേയരാകുക, വായുസഞ്ചാരമുള്ള മുറികളിൽ സ്വസ്ഥമായി വിശ്രമിക്കുക, മരുന്നുകൾ കൃത്യമായി കഴിക്കുക, കുട്ടികളെ ഉമ്മ വയ്ക്കാതിരിക്കുക, തൊട്ടുതലോടാതിരി ►►

ണെന്ന് അഷ്ടാംഗസംഗ്രഹത്തിൽ വിവരിച്ചിട്ടുണ്ട്. ഇത്തരം ജലം കൊണ്ടു ഭക്ഷണമുണ്ടാക്കിയാൽ ദഹിക്കാൻ പ്രയാസമാകും. ദഹിച്ചു തുടങ്ങിയാലാകട്ടെ ബോധക്കേടും പനിയും ഉണ്ടാകുന്നു. കാഴ്ചശക്തി ക്ഷയിക്കുകയും ദർശനത്തിൽ വിചിത്ര വർണങ്ങൾ തോന്നിപ്പിക്കുകയും ചെയ്യും.

ഇത്തരം ജലത്തെ ശുദ്ധമാക്കാൻ ഒട്ടനവധി പ്രയോഗങ്ങൾ ആയുർവേദഗ്രന്ഥങ്ങളിൽ പറയുന്നുണ്ട്. മഴക്കാലത്തു കെട്ടിക്കിടക്കുന്ന ജലത്തിന്റെ വിഷാവസ്ഥ മാറ്റുന്നതിന് എളുപ്പം ചെയ്യാവുന്ന ഒരു ജലശുദ്ധീകരണം ഇതാണ്: ആട്ടുകൊട്ടപ്പാല, കാട്ടുവെള്ളരി, കരളകം, വേലിപ്പരുത്തി, മണിക്കഞ്ഞകം, അതിവിടയം എന്നിവ കത്തിച്ച ഭസ്മം വെള്ളത്തിൽ കലർത്തി തെളിച്ച് ഊറ്റിയെടുത്ത് അതിൽ ചരളം, മരമഞ്ഞൾത്തൊലി, മഞ്ഞൾ, ഏലത്തരി, ഇരുവേലി, മഞ്ചട്ടി, ചുവന്നരത്ത, കാർകോകിലരി എന്നിവ അരച്ചു കലക്കണം. പിന്നെ അത് ജലാശയത്തിൽ തളിക്കണം. പാതിരിവേര്, വേപ്പിൻതൊലി, മരുതിൻതൊലി, കൊന്നത്തൊലി, കരിനൊച്ചിവേര് എന്നിവ അരിഞ്ഞുണക്കി കുടത്തിലാക്കി ശീലമൺചെയ്ത് കത്തിച്ച് ആ ഭസ്മം വിഷമുള്ള

**ദഹനപ്രവർത്തനത്തെ ത്വരിതപ്പെടുത്തുവാൻ അയമോദകം, ചുക്ക്, മുത്തങ്ങ ഇവ ഒരുമിച്ചിട്ടു വെള്ളം തിളപ്പിച്ചു കുടിക്കുന്നത് മഴക്കാലത്ത് ഒരു ശീലമാക്കണം. ദഹനേന്ദ്രിയ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്താനാണിത്.**



വെള്ളത്തിലിടുന്നതു മറ്റൊരു പ്രയോഗമാണ്. വേപ്പെണ്ണയും പുകയിലക്കഷായവും ചേർത്ത് ഓടകളിലും കക്കൂസുകളിലും മറ്റും ഒഴുക്കുന്നത് കോളറ ബാധയ്ക്കെതിരെയുള്ള ഒരു മുൻകരുതലാണ്. ദഹനപ്രവർത്തനത്തെ ത്വരിതപ്പെടുത്തുവാൻ അയമോദകം, ചുക്ക്, മുത്തങ്ങ ഇവ ഒരുമിച്ചിട്ടു വെള്ളം തിളപ്പിച്ചു കുടിക്കുന്നത് മഴക്കാലത്ത് ഒരു ശീലമാക്കണം. ദഹനേന്ദ്രിയ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്താനാണിത്.

മുൻകാലങ്ങളിൽ വീടുകളിൽ നെരിപ്പോടുണ്ടാക്കി കടുക്, വേപ്പില, കുന്തിരിക്കം, തുമ്പ തുടങ്ങിയവ പുകയ്ക്കുമായിരുന്നു. അന്തരീക്ഷത്തിലെ രോഗബീജങ്ങളെ നിർവീര്യമാക്കാൻ മേൽ പറഞ്ഞവയ്ക്ക് അസാമാന്യശേഷിയുണ്ട്. ഡെങ്കിപ്പനി, വൈറൽഫീവർ എന്നിവയുടെ പ്രതിരോധത്തിന് ഇത്തരം ധൂപനപ്രയോഗം നല്ലതാണ്. ഒട്ടനവധി ധൂപന പ്രയോഗങ്ങളെക്കുറിച്ച് ആയുർവേദ സംഹിതകളിൽ പറയുന്നുണ്ട്. 'അപരാജിത' എന്നറിയപ്പെടുന്ന ചൂർണം ധൂപനയോഗങ്ങളിൽ ശ്രേഷ്ഠമാണ്. ഗുഗ്ഗുലു, നാന്മുകപ്പുല്ല്, വയമ്പ്, ചെഞ്ചല്യം, വേപ്പിൻതൊലി, എരുക്കിൻവേര്, അകിൽ, ദേവതാരം ഇവ സമാംശം ചൂർണമാക്കി ഉണ്ടാക്കുന്നതാണ് അപരാജിത. ■

# മഴക്കാല രോഗങ്ങളും പ്രതിവിധിയും

ഡോ. എം. അബ്ദുൾ റഷീദ്
ഡപ്യൂട്ടി ഡയറക്ടർ, ആരോഗ്യവകുപ്പ്

അത്യുഷ്ണവും വരൾച്ചയും ജലദൗർലഭ്യവും മാറി കാത്തിരുന്ന വർഷകാലം വന്നു, സമൃദ്ധമായി തന്നെ. ജീവജാലങ്ങൾക്കെല്ലാം ഉത്സാഹമായി. പക്ഷേ ആഗ്രഹിക്കാത്ത ഉരുൾപൊട്ടൽ വന്ന് വിലപ്പെട്ട അനേകം ജീവനുകൾ അപഹരിച്ചു. കാലിസമ്പത്തും കൃഷിസമ്പത്തും നശിപ്പിച്ചു. അനുബന്ധമായി ആഗ്രഹിക്കാത്ത പലതരം പനികളും!

ഈ പനികളെല്ലാം വൈറൽ പനി (Viral Fever) യുടെ രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നതെങ്കിലും ജ്വരമായും, ജപ്പാൻ ജ്വരമായും എലിപ്പനിയായും ഡെങ്കിപ്പനിയായും മലേറിയയായും പരിണമിച്ച് മനുഷ്യജീവനെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇനിയും വയറിളക്ക രോഗങ്ങൾ വരാനിരിക്കുന്നതേയുള്ളൂ.

Vector Born Disease Control (State) Society (കൊതുക്, ഈച്ച, എലി, ചെള്ള് മുതലായവ പരത്തുന്ന രോഗങ്ങളെ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള സംസ്ഥാന തല സൊസൈറ്റി) രൂപീകരിച്ച്, ഇടവപ്പാതി മൂലമുണ്ടാകാവുന്ന കെടുതികളെ പ്രതിരോധിക്കാൻ വേണ്ട സാധനസാമഗ്രികളും മരുന്നും ദ്രുതകർമ സേനയുമായി കാത്തിരുന്ന ആരോഗ്യവകുപ്പിന്റെ സന്നാഹങ്ങളെ കബളിപ്പിച്ചുകൊണ്ട് പനി പടർന്നു പിടിക്കുകയാണ്; പ്രതിദിനം പതിനായിരക്കണക്കിന്. കഴിഞ്ഞകൊല്ലത്തിന്റെ അത്രയും വ്യാപകമല്ലായെന്നത് ആശ്വാസത്തിന് വക നൽകുന്നുണ്ട്.

ഉഷ്ണത്തിൽ നിന്ന് മഴയി



ഇവയെ ചെറുക്കുവാനുള്ള ഉപാധി. ആയുർവേദത്തിൽ പറയുന്ന സാധാരണ കാലങ്ങളിൽ യഥാശക്തി ധനസ്ഥിതിക്കനുസരിച്ച് ആയുർവേദ ഭിഷഗ്വരനിൽ നിന്നു തന്നെയോ ചികിത്സകന്റെ ഉപദേശ നിർദേശങ്ങളോടെ ലളിതമായ വിധത്തിലുള്ള ശോധനക്രിയകൾ സ്വന്തമായോ സ്വീകരിക്കപ്പെടുന്നതിലൂടെ രോഗപ്രതിരോധശേഷി ആർജിക്കാൻ കഴിയും.

ആയുർവേദഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുള്ള മൂഷികവിഷബാധയിലെ ലക്ഷണങ്ങളും സന്നിപാതജ്വരത്തിന്റെ ലക്ഷണങ്ങളും ഏകകാലത്തു രോഗിയിൽ പ്രകടമാക്കുന്നതാണ് എലിപ്പനി. ലെപ്റ്റോസ്പൈറോ ബാക്ടീരിയ ജനുസ്സിൽപ്പെട്ട ലെപ്റ്റോസ്പൈറോ ഇക്ടറോഹെമറേജിയേ (Lepto Spira letero haemoorhagiae) എന്ന അണു, കെട്ടിക്കിടക്കുന്ന ജലാശയങ്ങളിലെ ജീവികളിലും സമീപത്തുള്ള താവളത്തിലെ എലി തുടങ്ങി കരണ്ടു തിന്നുന്ന ജീവികളിലും കുടികൊള്ളുന്നു. എലിയുടെ മൂത്രത്തിൽ കലർന്നു ജലാശയത്തിൽ കലരുന്ന രോഗാണു, ജലാശയത്തോടു ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരുടെ ശരീരത്തുള്ള മുറിവുകളിൽ കൂടിയോ ജലജീവികളെ ഭക്ഷിക്കുന്നതുവഴി വായ് മുതലുള്ള ശ്ലേഷ്മ കലയിൽ (Mucous membrane) കൂടിയോ രക്തത്തിൽ കലർന്നു വർദ്ധിക്കുന്നതു വഴിയാണ് രോഗം വ്യക്തീഭവിക്കുന്നതെന്ന് ആധുനിക ശാസ്ത്രം മനസ്സിലാക്കിയിട്ടുണ്ട്. കോളറയ്ക്ക് ആയുർവേദത്തിൽ വിഷൂചിക എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. വിബ്രിയോ കോളറ 01 എന്ന ബാക്ടീരിയ ഈച്ച വഴി തുറന്നു വച്ചിരിക്കുന്ന ആഹാരത്തിലോ ജലാശയത്തിലോ എത്തിപ്പെടുകയും അവ ആഹരിക്കുന്നവരിലെ ചെറുകുടൽ കേന്ദ്രമാക്കി അണു, രോഗപ്രവൃത്തി നടത്തുകയുമാണ് ചെയ്യുന്നത്. ആദ്യം വയറിളക്കവും പിന്നെ ഛർദ്ദിയും കൂടിയായി രോഗം, രോഗിയെ നിർജലനീകരണ (dehydration) അവസ്ഥയിലെത്തിച്ച് മരണത്തിലേക്ക് നയിക്കും.

മേൽപ്പറഞ്ഞ രണ്ടുരോഗങ്ങളുടെയും പ്രധാന ഹേതുക്കളാണ് മഴക്കാലത്തെ ജലാശയങ്ങളും ഓടകളും മറ്റും. തീരദേശങ്ങളിൽ രോഗബാധയ്ക്കു സാധ്യത വളരെക്കൂടുതലാണ്. അണുബാധിതമായ ജലം വിഷത്തിനു തുല്യമാണെന്ന് ആയുർവേദം പറയുന്നു. വിഷം കലർന്ന വെള്ളം സ്വാദുമാറിയതും ഇളം ചൂടുള്ളതും രേഖകൾ പരന്നതും നുരയുള്ളതും കട്ടിയുള്ളതും പക്ഷികൾ ഇഷ്ടപ്പെടാത്തതും ചത്തതും പിടയുന്നതുമായ മത്സ്യങ്ങളുള്ളതും തൊട്ടാൽ വേദനയും നീരും ചൊറിച്ചിലുമുണ്ടാക്കുന്നതുമാ



**ആഹാരത്തിന് മുമ്പ് കൈകൾ നന്നായി കഴുകണം.**
**അണുക്കൾ ആഹാരത്തിലൂടെ ചെറുകുടലിലെത്തി രോഗപ്രവൃത്തി നടത്തുന്നു.**

## ഉഷ്ണത്തിൽ നിന്നും മഴയിലേക്കും തണുപ്പിലേക്കുമുള്ള കാലാവസ്ഥാ മാറ്റം നമ്മുടെ പ്രതിരോധശക്തിയെ കുറയ്ക്കുന്നു. വർഷകാല രോഗങ്ങൾ ഒന്നൊന്നായി രംഗത്തെത്തുന്നതും അതിനാലാണ്.



ലേക്കും തണുപ്പിലേക്കും പെട്ടെന്നുള്ള കാലാവസ്ഥാമാറ്റം പലരീതിയിലും മനുഷ്യപ്രതിരോധ ശക്തി താരതമ്യേന കുറയ്ക്കുന്നതു കൊണ്ടാണ് വർഷകാലത്ത് രോഗങ്ങൾ പെരുകുന്നതെന്നാണ് വിദഗ്ദ്ധാഭിപ്രായം. കൂടാതെ ഉയർന്ന ഹ്യുമിഡിറ്റിയുള്ള ഈ കാലാവസ്ഥ സൂക്ഷ്മാണുക്കളുടെ വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ഈ വാദം ശാസ്ത്രലോകം പൂർണമായി അംഗീകരിച്ചതായി കാണുന്നില്ല. വർഷകാലത്തിന്റെ കെടുതിയായി ഉണ്ടാകുന്ന തൊഴിൽ നഷ്ടം, ദാരിദ്ര്യം, പട്ടിണി, പോഷകാഹാരക്കുറവ്, നിത്യരോഗങ്ങളായ ആസ്ത്മാ, അലർജി, ക്ഷയരോഗം, പക്ഷപാതം മൂലമുണ്ടാകുന്ന മാനസിക-ശാരീരികാസ്വാസ്ഥ്യങ്ങൾ ഇവയെല്ലാം രോഗപ്പകർച്ചയെ സഹായിക്കുന്ന ഘടകങ്ങളാണ്. കുട്ടികൾ, വൃദ്ധന്മാർ ഇവരെയാണ് വർഷ കാല രോഗങ്ങൾ കൂടുതലായി ആക്രമിക്കുന്നത്.

വൈറസുകളെ നശിപ്പിക്കുന്ന ഫലവത്തായ ആന്റി വൈറൽ, ആന്റി ബയോട്ടിക്കുകൾ സുലഭമല്ലാത്തതിനാൽ വൈറൽ രോഗങ്ങളായ പനി, ഡെങ്കിപ്പനി, ഇൻഫ്ളുവൻസ, ജപ്പാൻജ്വരം മുതലായവ വരാതിരിക്കാൻ മുൻകരുതലുകളെടുക്കൽ മാത്രമാണ് കരണീയമായിട്ടുള്ളത്. പനി പിടിപെട്ടാൽ നിസ്സാരമായി കാണാതെ വൈദ്യസഹായം തേടുക, പരിശോധനകൾക്ക് വിധേയരാകുക, വായുസഞ്ചാരമുള്ള മുറികളിൽ സ്വസ്ഥമായി വിശ്രമിക്കുക, മരുന്നുകൾ കൃത്യമായി കഴിക്കുക, കുട്ടികളെ ഉമ്മവയ്ക്കാതിരിക്കുക, തൊട്ടുതലോടാതിരി ►

ണെന്ന് അഷ്ടാംഗസംഗ്രഹത്തിൽ വിവരിച്ചിട്ടുണ്ട്. ഇത്തരം ജലം കൊണ്ടു ഭക്ഷണമുണ്ടാക്കിയാൽ ദഹിക്കാൻ പ്രയാസമാകും. ദഹിച്ചു തുടങ്ങിയാലാകട്ടെ ബോധക്കേടും പനിയും ഉണ്ടാകുന്നു. കാഴ്ചശക്തി ക്ഷയിക്കുകയും ദർശനത്തിൽ വിചിത്ര വർണങ്ങൾ തോന്നിപ്പിക്കുകയും ചെയ്യും.

ഇത്തരം ജലത്തെ ശുദ്ധമാക്കാൻ ഒട്ടനവധി പ്രയോഗങ്ങൾ ആയുർവേദഗ്രന്ഥങ്ങളിൽ പറയുന്നുണ്ട്. മഴക്കാലത്തു കെട്ടിക്കിടക്കുന്ന ജലത്തിന്റെ വിഷാവസ്ഥ മാറ്റുന്നതിന് എളുപ്പം ചെയ്യാവുന്ന ഒരു ജലശുദ്ധീകരണം ഇതാണ്: ആട്ടുകൊട്ടപ്പാല, കാട്ടുവെള്ളരി, കരളകം, വേലിപ്പരുത്തി, മണിക്കഞ്ഞകം, അതിവിടയം എന്നിവ കത്തിച്ച ഭസ്മം വെള്ളത്തിൽ കലർത്തി തെളിച്ച് ഊറ്റിയെടുത്ത് അതിൽ ചരളം, മരമഞ്ഞൾത്തൊലി, മഞ്ഞൾ, ഏലത്തരി, ഇരുവേലി, മഞ്ചട്ടി, ചുവന്നരത്ത, കാർകോകിലരി എന്നിവ അരച്ചു കലക്കണം. പിന്നെ അത് ജലാശയത്തിൽ തളിക്കണം. പാതിരിവേര്, വേപ്പിൻതൊലി, മരുതിൻതൊലി, കൊന്നത്തൊലി, കരിനൊച്ചിവേര് എന്നിവ അരിഞ്ഞുണക്കി കുടത്തിലാക്കി ശീലമൺചെയ്ത് കത്തിച്ച് ആ ഭസ്മം വിഷമുള്ള

**ദഹനപ്രവർത്തനത്തെ ത്വരിതപ്പെടുത്തുവാൻ അയമോദകം, ചുക്ക്, മുത്തങ്ങ ഇവ ഒരുമിച്ചിട്ടു വെള്ളം തിളപ്പിച്ചു കുടിക്കുന്നത് മഴക്കാലത്ത് ഒരു ശീലമാക്കണം. ദഹനേന്ദ്രിയ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്താനാണിത്.**



വെള്ളത്തിലിടുന്നതു മറ്റൊരു പ്രയോഗമാണ്. വേപ്പെണ്ണയും പുകയിലക്കഷായവും ചേർത്ത് ഓടകളിലും കക്കൂസുകളിലും മറ്റും ഒഴുക്കുന്നത് കോളറ ബാധയ്ക്കെതിരെയുള്ള ഒരു മുൻകരുതലാണ്. ദഹനപ്രവർത്തനത്തെ ത്വരിതപ്പെടുത്തുവാൻ അയമോദകം, ചുക്ക്, മുത്തങ്ങ ഇവ ഒരുമിച്ചിട്ടു വെള്ളം തിളപ്പിച്ചു കുടിക്കുന്നത് മഴക്കാലത്ത് ഒരു ശീലമാക്കണം. ദഹനേന്ദ്രിയ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്താനാണിത്.

മുൻകാലങ്ങളിൽ വീടുകളിൽ നെരിപ്പോടുണ്ടാക്കി കടുക്, വേപ്പില, കുന്തിരിക്കം, തുമ്പ തുടങ്ങിയവ പുകയ്ക്കുമായിരുന്നു. അന്തരീക്ഷത്തിലെ രോഗബീജങ്ങളെ നിർവീര്യമാക്കാൻ മേൽ പറഞ്ഞവയ്ക്ക് അസാമാന്യശേഷിയുണ്ട്. ഡെങ്കിപ്പനി, വൈറൽഫീവർ എന്നിവയുടെ പ്രതിരോധത്തിന് ഇത്തരം ധൂപനപ്രയോഗം നല്ലതാണ്. ഒട്ടനവധി ധൂപന പ്രയോഗങ്ങളെക്കുറിച്ച് ആയുർവേദ സംഹിതകളിൽ പറയുന്നുണ്ട്. 'അപരാജിത' എന്നറിയപ്പെടുന്ന ചൂർണം ധൂപനയോഗങ്ങളിൽ ശ്രേഷ്ഠമാണ്. ഗുഗ്ഗുലു, നാന്മുകപ്പുല്ല്, വയമ്പ്, ചെഞ്ചല്യം, വേപ്പിൻതൊലി, എരുക്കിൻവേര്, അകിൽ, ദേവതാരം ഇവ സമാംശം ചൂർണമാക്കി ഉണ്ടാക്കുന്നതാണ് അപരാജിത. ■

# മഴക്കാലരോഗങ്ങളും പ്രതിരോധ മാർഗങ്ങളും

**ഇലക്ട്രോണിക് സ്പീഡിൽ ജീവിതമോടുന്ന ആധുനിക യുഗത്തിൽ മരുന്ന് കഴിച്ചുകൊണ്ട് വിശ്രമിക്കാതെ വൈറൽ പനി ബാധിതർ പണിയെടുത്താൽ ഹൃദയപേശികളെ പനി ബാധിക്കാൻ സാദ്ധ്യതയുണ്ട്. അങ്ങനെ പനി ബാധിച്ചവരിൽ ചിലർ വൈറൽ മയോകാർഡയിറ്റിസ് മൂലം മരിച്ച സംഭവങ്ങളും വിരളമല്ല.**

ക്കുക, വിസർജന വസ്തുക്കളും വസ്ത്രങ്ങളും അണുനശീകരണം നടത്തുക എന്നീ കാര്യങ്ങൾ രോഗിയും ബന്ധുമിത്രാദികളും ശ്രദ്ധിക്കേണ്ടതാണ്. ഇലക്ട്രോണിക് സ്പീഡിൽ ജീവിതമോടുന്ന ആധുനിക യുഗത്തിൽ മരുന്ന് കഴിച്ചുകൊണ്ട് വിശ്രമിക്കാതെ വൈറൽ പനി ബാധിതർ പണിയെടുത്താൽ ഹൃദയപേശികളെ പനി ബാധിക്കാൻ സാദ്ധ്യതയുണ്ട്. അങ്ങനെ പനി ബാധിച്ചവരിൽ ചിലർ വൈറൽ മയോകാർഡയിറ്റിസ് മൂലം മരിച്ച സംഭവങ്ങളും വിരളമല്ല.

രോഗികളുമായി അടുത്തിടപഴകാതിരിക്കുക, വിശാലമായ മുറികളിൽ ഉറങ്ങുക, തിക്കിലും തിരക്കിലും പെടാതിരിക്കുക, ഭക്ഷണശുചിത്വം, പാനീയശുചിത്വം, പരിസരശുചിത്വം, വ്യക്തിശുചിത്വം ഇവ ശ്രദ്ധിക്കുക, കൊതുക് കടി കൊള്ളാതിരിക്കുക, ഈച്ചശല്യം കുറയ്ക്കുക ഇവയെല്ലാമാണ് പൊതുജനങ്ങൾ കൈക്കൊള്ളേണ്ട പ്രതിരോധമാർഗങ്ങൾ.

പനി ബാധിച്ച രോഗിക്ക് മലേറിയ, ഡെങ്കിപ്പനി, ജപ്പാൻജ്വരം ഇവയാണോ എന്ന് സൂക്ഷ്മനിരീക്ഷണം നടത്തേണ്ടത് ആരോഗ്യ പ്രവർത്തകരുടെയും ഡോക്ടർമാരുടെയും കടമയാണ്. എല്ലാ പ്രധാന ആശുപത്രികളിലും രോഗനിർണയത്തിനാവശ്യമായ ലബോറട്ടറി സൗകര്യം ലഭ്യമാണ്.

വർഷകാലാഗമനത്തോടെ പത്തിവിടർത്തുന്ന ഉഗ്രസർപ്പങ്ങളായ ഡെങ്കി, മലമ്പനി, ജപ്പാൻജ്വരം ഇവ പരത്തുന്നതിന് മദ്ധ്യവർത്തിയായി പ്രവർത്തിക്കുന്ന വിവിധതരം കൊതുകുകളുടെ പ്രജനന ഉറവിടം നശിപ്പിക്കലിലൂടെ മാത്രമേ ഈ രോഗങ്ങളിൽ നിന്നും കേരളത്തെ രക്ഷിക്കാൻ കഴിയൂ. മഹിളാസംഘടനകൾ, മറ്റു സന്നദ്ധസേവന സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, എൻ.സി.സി, സ്കൗട്ട്, ഗൈഡ്സ്, വിദ്യാലയാരോഗ്യ ക്ലബ്ബുകൾ ഇവയുടെ സഹായത്തോടെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കൊതുകുനശീകരണയജ്ഞങ്ങൾ ജനകീയാസൂത്രണത്തിന്റെ ഭാഗമായി മാറിയിരിക്കുകയാണ്. ഇനിയും ഈ രംഗത്ത് ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ഉറവിട നശീകരണം ഒരു ജനകീയ മുന്നേറ്റമായി മാറേണ്ടിയിരിക്കുന്നു.

വെള്ളം കെട്ടി നില്ക്കാൻ സാദ്ധ്യതയുള്ള കടലോര പ്രദേശങ്ങളിലും ചതുപ്പു പ്രദേശങ്ങളിലും വിസർജന വസ്തുക്കൾ കൊണ്ട് കിണർവെള്ളം മലിനമാകുന്നതും ഒരു ഗുരുതരമായ ആരോഗ്യപ്രശ്നമാണ്. വയറിളക്കരോഗങ്ങളും കോളറയും ഈ പ്രദേശങ്ങളിൽ പൊട്ടിപ്പുറപ്പെടാൻ സാധ്യതയുണ്ട്.

ഇരുപതു മിനിട്ട് തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കൂ എന്ന ശീലം വളർത്തുക. കുടങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന കുടിവെള്ളത്തിൽ ഓരോ ക്ലോറിൻ ഗുളിക വീതം ഇട്ട് അണുവിമുക്തമാക്കുക. ഈച്ചശല്യം ഒഴിവാക്കുക. കുടിവെള്ള സ്രോതസ്സുകൾ ബ്ലീച്ചിംഗ് പൗഡറുപയോഗിച്ച് അണുവിമുക്തമാക്കുക.

ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ, കടൽക്ഷോഭം, കൊടുങ്കാറ്റ്, ഇടി, മിന്നൽ, കടത്തുവഞ്ചിയപകടങ്ങൾ എല്ലാം കേരളീയരുടെ ആയുസ്സിനെ ചുരുക്കുന്ന ദുരന്തങ്ങളാണ്. ദുരന്ത സാധ്യതയുള്ള പ്രദേശത്തുനിന്നും മാറിത്താമസിക്കലും പരിശീലനം ലഭിച്ച ഡിസാസ്റ്റർ മാനേജ്മെന്റ് ടീമുമാണ് ഈ രംഗത്തെ പ്രതിരോധ പ്രവർത്തനങ്ങൾ.

ദുരിതാശ്വാസ ക്യാമ്പുകളിലെ പകർച്ചവ്യാധി നിയന്ത്രണവും ഒരു വർഷ കാല ആരോഗ്യപ്രശ്നം തന്നെയാണ്. ▪

---

ശാസ്ത്രത്തിലെ കണ്ടുപിടിത്തങ്ങൾ വ്യക്തികളെയും സമൂഹത്തെയും പലവിധത്തിൽ ബാധിച്ചിട്ടുണ്ട്. ഭൂമിയുടെ ഭ്രമണം സ്ഥിരീകരിച്ച ഗലീലിയോ, ബൈബിൾതത്ത്വങ്ങൾ വെല്ലുവിളിക്കുകയാണെന്നു കരുതി അധികൃതർ വധശിക്ഷയാണ് നൽകിയത്. അവോഗാഡ്രോ എന്ന ശാസ്ത്രജ്ഞൻ തന്റെ തന്മാത്രാസിദ്ധാന്തം അവതരിപ്പിച്ചപ്പോൾ പരോക്ഷമായി അത് പ്രഹരമേൽപ്പിച്ചത് ഹോമിയോപ്പതിയെയായിരുന്നു.

1796-ൽ ഡോ. സാമുവൽ ഹാനിമാൻ ഹോമിയോപ്പതി വികസിപ്പിച്ചെടുക്കുമ്പോൾത്തന്നെ നേർപ്പിക്കുന്ന രീതിയിലുള്ള ആവർത്തനത്തെ വർദ്ധിച്ച ആശങ്കയോടെയാണ് ശാസ്ത്രസമൂഹം വീക്ഷിച്ചത്. ഔഷധ പദാർത്ഥവും വാഹകവും (Vehicle) സമയക്ലിപ്തതയോടെ മർദിക്കുകയോ അരയ്ക്കുകയോ ലയിപ്പിക്കുകയോ ചെയ്താണ് ഔഷധങ്ങൾ രൂപപ്പെടുത്തുന്നത്. ആൽക്കഹോൾ, ശുദ്ധി ചെയ്ത വെള്ളം, പാലിൽ നിന്നും തയ്യാറാക്കുന്ന ഷുഗർമിൽക്ക് എന്നിവയാണ് സാധാരണ ഉപയോഗിക്കുന്ന വാഹകങ്ങൾ. 1:9, 1:99, 1:50,000 എന്നീ അനുപാതങ്ങളിൽ യഥാക്രമം ഔഷധ പദാർത്ഥവും വാഹകവും ചേർത്താണ് മൂന്നു വ്യത്യസ്ത തോതുകളിൽ പൊട്ടൻസികൾ നിർമിക്കുന്നത്. ഇതിൽ ഒന്നാമത്തേത് ഡെസിമൽ, രണ്ടാമത്തേത് സെന്റിസിമൽ, മൂന്നാമത്തേത് 50 മില്ലിസിമൽ.

ഒരുഭാഗം ഔഷധപദാർത്ഥവും 9 ഭാഗം വാഹകവും (അല്ലെങ്കിൽ തത്തുല്യമായി) ചേർത്ത് 1X ഉണ്ടാക്കിയെന്നു സങ്കല്പിക്കുക. ഡെസിമൽ തോതിലെ ആദ്യത്തെ ഈ പൊട്ടൻസിയിൽ നിന്നും അടുത്ത 2X നിർമിക്കുവാൻ, 1X -ൽ നിന്ന് ഒരു ഭാഗവും പുതുതായി എടുത്ത 9 ഭാഗം വാഹകവും വേണം. അടുത്ത 3X നിർമിക്കുമ്പോഴും 2X ന്റെ ഒരു ഭാഗവും പുതുതായി എടുത്ത 9 ഭാഗം വാഹകവും ആവശ്യമായി വരുന്നു. ഇങ്ങനെയാണ് പടിപടിയായി ആവർത്തനം കൂട്ടുന്നത്.

സെന്റിസിമൽ തോതിലാകട്ടെ, ഔഷധ പദാർത്ഥവും വാഹകവും 1:99 എന്ന അനുപാതത്തിലാണ് ചേർക്കപ്പെടുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന ആദ്യത്തെ സെന്റിസിമൽ പൊട്ടൻസിയെ 1C യെന്നാണ് വിളിക്കുന്നത്. ഇതിൽ നിന്ന് 2C യുണ്ടാക്കുവാൻ, 1C യുടെ ഒരു ഭാഗവും 99 ഭാഗം വാഹകവും അനിവാര്യമാണ്. ഇങ്ങനെ വരുമ്പോൾ പൊട്ടൻസിയുടെ വർദ്ധനവിൽ ക്രമമായി ഔഷധപദാർത്ഥ(Drug)ത്തിന്റെ സാന്നിദ്ധ്യം കുറഞ്ഞുവരികയാണെന്ന് കാണാം.

# മഴക്കാലരോഗങ്ങളും പ്രതിരോധ മാർഗങ്ങളും

**ഇലക്ട്രോണിക് സ്പീഡിൽ ജീവിതമോടുന്ന ആധുനിക യുഗത്തിൽ മരുന്ന് കഴിച്ചുകൊണ്ട് വിശ്രമിക്കാതെ വൈറൽ പനി ബാധിതർ പണിയെടുത്താൽ ഹൃദയപേശികളെ പനി ബാധിക്കാൻ സാദ്ധ്യതയുണ്ട്. അങ്ങനെ പനി ബാധിച്ചവരിൽ ചിലർ വൈറൽ മയോകാർഡയിറ്റിസ് മൂലം മരിച്ച സംഭവങ്ങളും വിരളമല്ല.**

ക്കുക, വിസർജന വസ്തുക്കളും വസ്ത്രങ്ങളും അണുനശീകരണം നടത്തുക എന്നീ കാര്യങ്ങൾ രോഗിയും ബന്ധുമിത്രാദികളും ശ്രദ്ധിക്കേണ്ടതാണ്. ഇലക്ട്രോണിക് സ്പീഡിൽ ജീവിതമോടുന്ന ആധുനിക യുഗത്തിൽ മരുന്ന് കഴിച്ചുകൊണ്ട് വിശ്രമിക്കാതെ വൈറൽ പനി ബാധിതർ പണിയെടുത്താൽ ഹൃദയപേശികളെ പനി ബാധിക്കാൻ സാദ്ധ്യതയുണ്ട്. അങ്ങനെ പനി ബാധിച്ചവരിൽ ചിലർ വൈറൽ മയോകാർഡയിറ്റിസ് മൂലം മരിച്ച സംഭവങ്ങളും വിരളമല്ല.

രോഗികളുമായി അടുത്തിടപഴകാതിരിക്കുക, വിശാലമായ മുറികളിൽ ഉറങ്ങുക, തിക്കിലും തിരക്കിലും പെടാതിരിക്കുക, ഭക്ഷണശുചിത്വം, പാനീയശുചിത്വം, പരിസരശുചിത്വം, വ്യക്തിശുചിത്വം ഇവ ശ്രദ്ധിക്കുക, കൊതുക് കടി കൊള്ളാതിരിക്കുക, ഈച്ചശല്യം കുറയ്ക്കുക ഇവയെല്ലാമാണ് പൊതുജനങ്ങൾ കൈക്കൊള്ളേണ്ട പ്രതിരോധമാർഗങ്ങൾ.

പനി ബാധിച്ച രോഗിക്ക് മലേറിയ, ഡെങ്കിപ്പനി, ജപ്പാൻജ്വരം ഇവയാണോ എന്ന് സൂക്ഷ്മനിരീക്ഷണം നടത്തേണ്ടത് ആരോഗ്യ പ്രവർത്തകരുടെയും ഡോക്ടർമാരുടെയും കടമയാണ്. എല്ലാ പ്രധാന ആശുപത്രികളിലും രോഗനിർണയത്തിനാവശ്യമായ ലബോറട്ടറി സൗകര്യം ലഭ്യമാണ്.

വർഷകാലാഗമനത്തോടെ പത്തിവിടർത്തുന്ന ഉഗ്രസർപ്പങ്ങളായ ഡെങ്കി, മലമ്പനി, ജപ്പാൻജ്വരം ഇവ പരത്തുന്നതിന് മദ്ധ്യവർത്തിയായി പ്രവർത്തിക്കുന്ന വിവിധതരം കൊതുകുകളുടെ പ്രജനന ഉറവിടം നശിപ്പിക്കലിലൂടെ മാത്രമേ ഈ രോഗങ്ങളിൽ നിന്നും കേരളത്തെ രക്ഷിക്കാൻ കഴിയൂ. മഹിളാസംഘടനകൾ, മറ്റു സന്നദ്ധസേവന സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, എൻ.സി.സി, സ്കൗട്ട്, ഗൈഡ്സ്, വിദ്യാലയാരോഗ്യ ക്ലബ്ബുകൾ ഇവയുടെ സഹായത്തോടെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കൊതുകുനശീകരണയജ്ഞങ്ങൾ ജനകീയാസൂത്രണത്തിന്റെ ഭാഗമായി മാറിയിരിക്കുകയാണ്. ഇനിയും ഈ രംഗത്ത് ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ഉറവിട നശീകരണം ഒരു ജനകീയ മുന്നേറ്റമായി മാറേണ്ടിയിരിക്കുന്നു.

വെള്ളം കെട്ടി നില്ക്കാൻ സാദ്ധ്യതയുള്ള കടലോര പ്രദേശങ്ങളിലും ചതുപ്പു പ്രദേശങ്ങളിലും വിസർജന വസ്തുക്കൾ കൊണ്ട് കിണർവെള്ളം മലിനമാകുന്നതും ഒരു ഗുരുതരമായ ആരോഗ്യപ്രശ്നമാണ്. വയറിളക്കരോഗങ്ങളും കോളറയും ഈ പ്രദേശങ്ങളിൽ പൊട്ടിപ്പുറപ്പെടാൻ സാധ്യതയുണ്ട്.

ഇരുപതു മിനിട്ട് തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കൂ എന്ന ശീലം വളർത്തുക. കുടങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന കുടിവെള്ളത്തിൽ ഓരോ ക്ലോറിൻ ഗുളിക വീതം ഇട്ട് അണുവിമുക്തമാക്കുക. ഈച്ചശല്യം ഒഴിവാക്കുക. കുടിവെള്ള സ്രോതസ്സുകൾ ബ്ലീച്ചിംഗ് പൗഡറുപയോഗിച്ച് അണുവിമുക്തമാക്കുക.

ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ, കടൽക്ഷോഭം, കൊടുങ്കാറ്റ്, ഇടി, മിന്നൽ, കടത്തുവഞ്ചിയപകടങ്ങൾ എല്ലാം കേരളീയരുടെ ആയുസ്സിനെ ചുരുക്കുന്ന ദുരന്തങ്ങളാണ്. ദുരന്ത സാധ്യതയുള്ള പ്രദേശത്തുനിന്നും മാറിത്താമസിക്കലും പരിശീലനം ലഭിച്ച ഡിസാസ്റ്റർ മാനേജ്മെന്റ് ടീമുമാണ് ഈ രംഗത്തെ പ്രതിരോധ പ്രവർത്തനങ്ങൾ.

ദുരിതാശ്വാസ ക്യാമ്പുകളിലെ പകർച്ച വ്യാധി നിയന്ത്രണവും ഒരു വർഷ കാല ആരോഗ്യപ്രശ്നം തന്നെയാണ്. ▪

ശാസ്ത്രത്തിലെ കണ്ടുപിടിത്തങ്ങൾ വ്യക്തികളെയും സമൂഹത്തെയും പലവിധത്തിൽ ബാധിച്ചിട്ടുണ്ട്. ഭൂമിയുടെ ഭ്രമണം സ്ഥിരീകരിച്ച ഗലീലിയോ, ബൈബിൾതത്ത്വങ്ങൾ വെല്ലുവിളിക്കുകയാണെന്നു കരുതി അധികൃതർ വധശിക്ഷയാണ് നൽകിയത്. അവോഗാഡ്രോ എന്ന ശാസ്ത്രജ്ഞൻ തന്റെ തന്മാത്രാ സിദ്ധാന്തം അവതരിപ്പിച്ചപ്പോൾ പരോക്ഷമായി അത് പ്രഹരമേൽപ്പിച്ചത് ഹോമിയോപ്പതിയെയായിരുന്നു.

1796-ൽ ഡോ. സാമുവൽ ഹാനിമാൻ ഹോമിയോപ്പതി വികസിപ്പിച്ചെടുക്കുമ്പോൾത്തന്നെ നേർപ്പിക്കുന്ന രീതിയിലുള്ള ആവർത്തനത്തെ വർദ്ധിച്ച ആശങ്കയോടെയാണ് ശാസ്ത്രസമൂഹം വീക്ഷിച്ചത്. ഔഷധ പദാർത്ഥവും വാഹകവും (Vehicle) സമയക്ലിപ്തതയോടെ മർദിക്കുകയോ അരയ്ക്കുകയോ ലയിപ്പിക്കുകയോ ചെയ്താണ് ഔഷധങ്ങൾ രൂപപ്പെടുത്തുന്നത്. ആൽക്കഹോൾ, ശുദ്ധി ചെയ്ത വെള്ളം, പാലിൽ നിന്നും തയ്യാറാക്കുന്ന ഷുഗർമിൽക്ക് എന്നിവയാണ് സാധാരണ ഉപയോഗിക്കുന്ന വാഹകങ്ങൾ. 1:9, 1:99, 1:50,000 എന്നീ അനുപാതങ്ങളിൽ യഥാക്രമം ഔഷധ പദാർത്ഥവും വാഹകവും ചേർത്താണ് മൂന്നു വ്യത്യസ്ത തോതുകളിൽ പൊട്ടൻസികൾ നിർമിക്കുന്നത്. ഇതിൽ ഒന്നാമത്തേത് ഡെസിമൽ, രണ്ടാമത്തേത് സെന്റിസിമൽ, മൂന്നാമത്തേത് 50 മില്ലിസിമൽ.

ഒരുഭാഗം ഔഷധപദാർത്ഥവും 9 ഭാഗം വാഹകവും (അല്ലെങ്കിൽ തത്തുല്യമായി) ചേർത്ത് 1X ഉണ്ടാക്കിയെന്നു സങ്കല്പിക്കുക. ഡെസിമൽ തോതിലെ ആദ്യത്തെ ഈ പൊട്ടൻസിയിൽ നിന്നും അടുത്ത 2X നിർമിക്കുവാൻ, 1X -ൽ നിന്ന് ഒരു ഭാഗവും പുതുതായി എടുത്ത 9 ഭാഗം വാഹകവും വേണം. അടുത്ത 3X നിർമിക്കുമ്പോഴും 2X ന്റെ ഒരു ഭാഗവും പുതുതായി എടുത്ത 9 ഭാഗം വാഹകവും ആവശ്യമായി വരുന്നു. ഇങ്ങനെയാണ് പടിപടിയായി ആവർത്തനം കൂട്ടുന്നത്.

സെന്റിസിമൽ തോതിലാകട്ടെ, ഔഷധ പദാർത്ഥവും വാഹകവും 1:99 എന്ന അനുപാതത്തിലാണ് ചേർക്കപ്പെടുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന ആദ്യത്തെ സെന്റിസിമൽ പൊട്ടൻസിയെ 1C യെന്നാണ് വിളിക്കുന്നത്. ഇതിൽ നിന്ന് 2C യുണ്ടാക്കുവാൻ, 1C യുടെ ഒരു ഭാഗവും 99 ഭാഗം വാഹകവും അനിവാര്യമാണ്. ഇങ്ങനെ വരുമ്പോൾ പൊട്ടൻസിയുടെ വർദ്ധനവിൽ ക്രമമായി ഔഷധപദാർത്ഥ(Drug)ത്തിന്റെ സാന്നിദ്ധ്യം കുറഞ്ഞുവരികയാണെന്ന് കാണാം.






കുറഞ്ഞമാത്രകളുടെ ഉത്തേജനത്തിലൂടെയാണ് രോഗാവസ്ഥയിൽ നിന്ന് ആരോഗ്യത്തിലേക്ക് ഹോമിയോപ്പതി ഔഷധങ്ങൾ നമ്മെ നയിക്കുന്നത്. ആവർത്തനത്തിന്റെ ഈ രസതന്ത്രം അറിയുക.

# അവോഗാഡ്രോയും ഹോമിയോപ്പതിയും

**ഡോ. പി. കൃഷ്ണൻ**



ഡോ. സാമുവൽ ഹനിമാൻ

പൊട്ടാസ്യം സയനൈഡ് പോലുള്ള ഉഗ്രവിഷത്തെയും പൊതുവെ നിർഗുണമെന്നു കരുതുന്ന മരക്കരിയെയുമെല്ലാം ഔഷധമാക്കി ഇണക്കുന്ന പ്രക്രിയ കൂടിയാണ് ആവർത്തനത്തിൽ നടക്കുന്നത്.

**ആവർത്തനത്തിന്റെ രസതന്ത്രമെന്തെന്ന് നോക്കാം.**

ഒരു ഗ്രാം മോൾ കറിയുപ്പ് 1:99 എന്ന അനുപാതത്തിൽ ഹോമിയോപ്പതിയിലെ നാട്രം മൂറിയാറ്റിക്കം (Natrum Muriaticum) എന്ന ഔഷധമാക്കുമ്പോൾ, 1C യെന്ന ഒന്നാമത്തെ സെന്റിസിമൽ പൊട്ടൻസിയിൽ നിന്നു തുടങ്ങി 12-ാം ആവർത്തനം (12 C) വരെ മാത്രമേ കറിയുപ്പ് അതിന്റെ സ്വഭാവ വിശേഷങ്ങളോടു കൂടി നിലനിൽക്കുകയുള്ളൂ. 13-C മുതലുള്ള ആവർത്തനങ്ങളിൽ ഔഷധ പദാർത്ഥങ്ങൾ കാണുവാൻ കഴിയില്ല എന്നർത്ഥം. എന്നാൽ ഇതേ അനുപാതത്തിൽ തുടർച്ചയായ ആവർത്തനത്തിലൂടെ തയ്യാറാക്കുന്ന 30-C യാണ് സാധാരണ ഉപയോഗിക്കുന്ന പൊട്ടൻസി എന്നു വരുമ്പോൾ നെറ്റി ചുളിക്കേണ്ട ആവശ്യമില്ല.

ഒരു പദാർത്ഥത്തിന്റെ സ്വഭാവമുൾക്കൊള്ളുന്ന ലഘുവായ സംജ്ഞ തന്മാത്രയാണെന്നിരിക്കെ, വർദ്ധിച്ച ആവർത്തനത്തിലും പ്രവർത്തനത്തിൽ അവ എങ്ങനെ വ്യത്യസ്തത പുലർത്തുന്നു എന്നത് ഹോമിയോപ്പതി ഡോക്ടർമാരെയും ശാസ്ത്രജ്ഞ



**തുടർച്ചയായി സെന്റിസിമൽ തോതിൽ ഔഷധമുണ്ടാക്കുമ്പോൾ ഔഷധപദാർത്ഥങ്ങളുടെ നില**




ചിത്രം I

രെയും ഒരുപോലെ കുഴയ്ക്കുകയാണ്. ഇനിയും കണ്ടെത്തിയിട്ടില്ലാത്ത ഈ പ്രതിഭാസത്തെ മുതലെടുത്താണ് ഹോമിയോപ്പതിയെ കപട ശാസ്ത്ര (Pseudo Science) ത്തിന്റെ പട്ടികയിൽ പെടുത്തിയത്.

ആണ്ട്-ഷൂൾട്ട്സ് നിയമമനുസരിച്ച് കുറഞ്ഞ മാത്രകളുടെ ഉത്തേജനത്തിലൂടെയാണ് ഹോമിയോപ്പതി ഔഷധങ്ങൾ രോഗാവസ്ഥയിൽ നിന്ന് ആരോഗ്യത്തിലേക്ക് നയിക്കുന്നത്. അതനുസരിച്ച് പ്രവർത്തനക്ഷമമായ മരുന്ന് കുറഞ്ഞ മാത്രകളിൽ മാത്രമേ ആവശ്യമുള്ളൂ. സാങ്കേതികതയുടെ അതിപ്രസരമില്ലാതെ, പാർശ്വഫലങ്ങൾ കുറഞ്ഞ ഹോമിയോപ്പതിയെ, ആധുനിക രോഗ ചികിത്സയ്ക്ക് ഉപയോഗിക്കുവാൻ കഴിയുമോ എന്ന അന്വേഷണമാണ് ലോകാരോഗ്യ സംഘടന പോലും ഹോമിയോപ്പതിയിൽ വിശ്വാസമർപ്പിക്കുന്നതിന് കാരണം.

ഒരു ഗ്രാം ഉൾക്കൊള്ളുന്ന തന്മാത്രകളുടെ എണ്ണം എല്ലാ വസ്തുക്കളിലും തുല്യമായിരിക്കും. പഞ്ചസാരയും ഉപ്പും കല്ലുമെല്ലാം ഈ നിയമമനുസരിച്ചാണ് നിലനിൽക്കുന്നത്.

ആറ്റങ്ങൾ, അയണുകൾ, തന്മാത്രകൾ എന്നിവയുടെ എണ്ണം അളക്കുന്ന സംജ്ഞയാണ് മോൾ. ഒരു മോൾ എന്നത് $6.023X10^{23}$ എണ്ണമാണെന്ന് കണ്ടെത്തിയത് അവോഗാഡ്രോ എന്ന ഇറ്റാലിയൻ ശാസ്ത്രജ്ഞനായിരുന്നു. ഇതിനെ അവോഗാഡ്രോ സംഖ്യ എന്നു പറയും.



# പാർശ്വഫലം ഇല്ലാത്തത്

ഇന്ത്യയിൽ ഇന്ന് ഹോമിയോപ്പതിക്ക് പ്രചാരം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഹോമിയോപ്പതി ചികിത്സാരംഗത്ത് കൂടുതൽ അടിസ്ഥാന സൗകര്യങ്ങളുള്ള നാടും ഇന്ത്യയാണ്. ലോകത്ത് ആദ്യമായി ഹോമിയോ മരുന്നുകൾ മൃഗചികിത്സയ്ക്കായി ഉപയോഗിച്ചു തുടങ്ങിയതും ഇവിടെത്തന്നെ. പാട്ന മൃഗശാലയിലെ മൃഗങ്ങളുടെ ചികിത്സയ്ക്ക് ഹോമിയോ ഔഷധങ്ങൾ ഉപയോഗിക്കുന്നു. പാർശ്വഫലങ്ങളൊന്നും തന്നെയില്ലാത്തതിനാലാണ് ഇത് ഉപയോഗിച്ചുതുടങ്ങിയതെന്ന് മൃഗശാലാധികൃതർ പറയുന്നു. അലോപ്പതി മരുന്നുകളും ഔഷധസസ്യങ്ങളും മാത്രമാണ് മൃഗചികിത്സയ്ക്ക് ഇതിനു മുമ്പ് ഉപയോഗിച്ചിരുന്നത്. ഇന്ത്യയ്ക്കകത്തു തന്നെ ധാരാളം ഹോമിയോ ഔഷധങ്ങൾ നിർമിക്കുന്നുമുണ്ട്. ആസ്ത്മ, അലർജി, അൾസർ, ആർത്രൈറ്റിസ്, കാൻസർ, ഓട്ടിസം തുടങ്ങിയ രോഗങ്ങൾക്കു പോലും ഹോമിയോ ഔഷധം ഇന്ത്യയിൽ ലഭ്യം. മൂവായിരത്തോളം ഹോമിയോ ഔഷധങ്ങൾ ഇന്നുപയോഗിക്കുന്നു.




ചിത്രം II




ചിത്രം III




**ഡെസിമൽ തോതിൽ ഔഷധമുണ്ടാക്കുമ്പോൾ**
**അനുപാതം 1:9**

| പൊട്ടൻസിയുടെ ശക്തി | പൊട്ടൻസി | തന്മാത്രകളുടെ എണ്ണം | |
|---|---|---|---|
| $10^{-1}$ | 1X | ഔഷധപദാർത്ഥം നിലനിൽക്കുന്ന അവസ്ഥ | $10^{22}$ |
| $10^{-2}$ | 2X | | $10^{21}$ |
| $10^{-3}$ | 3X | | $10^{20}$ |
| $10^{-4}$ | 4X | | $10^{19}$ |
| $10^{-5}$ | 5X | | $10^{18}$ |
| $10^{-6}$ | 6X | | $10^{17}$ |
| $10^{-7}$ | 7X | | $10^{16}$ |
| $10^{-8}$ | 8X | | $10^{15}$ |
| $10^{-9}$ | 9X | | $10^{14}$ |
| $10^{-10}$ | 10X | | $10^{13}$ |
| $10^{-11}$ | 11X | | $10^{12}$ |
| $10^{-12}$ | 12X | | $10^{11}$ |
| $10^{-13}$ | 13X | | $10^{10}$ |
| $10^{-14}$ | 14X | | $10^{9}$ |
| $10^{-15}$ | 15X | | $10^{8}$ |
| $10^{-16}$ | 16X | | $10^{7}$ |
| $10^{-17}$ | 17X | | $10^{6}$ |
| $10^{-18}$ | 18X | | $10^{5}$ |
| $10^{-19}$ | 19X | | $10^{4}$ |
| $10^{-20}$ | 20X | | $10^{3}$ |
| $10^{-21}$ | 21X | | $10^{2}$ |
| $10^{-22}$ | 22X | | $10^{1}$ |
| $10^{-23}$ | 23X | | $10^{0}$ |
| $10^{-24}$ | 24X | ഔഷധ പദാർത്ഥം ഇല്ല | $10^{-1}$ |
| $10^{-25}$ | 25X | | $10^{-2}$ |

**സെന്റിസിമൽ തോതിൽ ഔഷധമുണ്ടാക്കുമ്പോൾ**
**അനുപാതം 1:99**

| പൊട്ടൻസിയുടെ ശക്തി | പൊട്ടൻസി | തന്മാത്രകളുടെ എണ്ണം | |
|---|---|---|---|
| $100^{-1}$ | 1C | ഔഷധപദാർത്ഥം നിലനിൽക്കുന്ന അവസ്ഥ | $100^{11}$ |
| $100^{-2}$ | 2C | | $100^{10}$ |
| $100^{-3}$ | 3C | | $100^{9}$ |
| $100^{-4}$ | 4C | | $100^{8}$ |
| $100^{-5}$ | 5C | | $100^{7}$ |
| $100^{-6}$ | 6C | | $100^{6}$ |
| $100^{-7}$ | 7C | | $100^{5}$ |
| $100^{-8}$ | 8C | | $100^{4}$ |
| $100^{-9}$ | 9C | | $100^{3}$ |
| $100^{-10}$ | 10C | | $100^{2}$ |
| $100^{-11}$ | 11C | | $100^{1}$ |
| $100^{-12}$ | 12C | | $100^{0}$ |
| $100^{-13}$ | 13C | ഔഷധ പദാർത്ഥം ഇല്ലാത്ത അവസ്ഥ | $100^{-1}$ |
| $100^{-14}$ | 14C | | $100^{-2}$ |
| $100^{-30}$ | 30C | | $100^{-18}$ |
| $100^{-1000}$ | 1000C | | $100^{-988}$ |
| $100^{-10000}$ | 10000C | | $100^{-9988}$ |

ഇതു പ്രകാരം ഒരു ഗ്രാം മോൾ കറിയുപ്പിൽ $\frac{6.023X10^{23}}{58.5}$ എണ്ണം തന്മാത്രകൾ ഉണ്ടായിരിക്കും. നേർപ്പിക്കുമ്പോഴും ലായനിയാക്കുമ്പോളും അവോഗാഡ്രോ സംഖ്യയുടെ പരിധിക്കപ്പുറത്തേക്ക് പദാർത്ഥത്തിന്റെ സ്വഭാവ വിശേഷങ്ങളോടു കൂടി തന്മാത്രകൾ നിലനിൽക്കുന്നില്ല എന്ന് ശാസ്ത്രീയമായി തെളിയിച്ചിട്ടുണ്ട്.

നിരവധി വർഷങ്ങളായി ഉത്തരം കിട്ടാതെ ജോൺ ഡാൾട്ടനും ഗേലൂസാക്കും സംഘർഷമനുഭവിച്ച, രാസവസ്തുക്കളുടെ പ്രവർത്തനവും അവ തമ്മിലുള്ള അനുപാതവും, എന്ന പ്രശ്നത്തിൽ അവോഗാഡ്രോ, തന്മാത്രയെയും ആറ്റത്തെയും പ്രായോഗികമായി നിർമിച്ചതിലൂടെ പരിഹാരമായി. 18-ാം നൂറ്റാണ്ടിലെ ശ്രദ്ധേയമായ ഈ കണ്ടെത്തൽ നടത്തിയത് അവോഗാഡ്രോയായിരുന്നു.

1776 ആഗസ്റ്റ് 9ന് ഇറ്റലിയിലെ ടൂറിൻ എന്ന സ്ഥലത്ത് ജനിച്ച അവോഗാഡ്രോ, തലമുറകളായി പിന്തുടർന്ന ഭരണാധികാരിയാകുവാനായി നിയമത്തിൽ ബിരുദാനന്തരബിരുദം നേടുകയുണ്ടായി. സർവീസിൽ പ്രവേശിച്ചെങ്കിലും അദ്ദേഹത്തിന്റെ മനസ്സ് ഊർജതന്ത്ര-രസതന്ത്ര പഠനങ്ങളിലേക്കാണ് വഴി മാറിയത്. മൂലകങ്ങളുടെയും വാതകങ്ങളുടെയും സ്വഭാവത്തെക്കുറിച്ചാണ് ഏറെയും ഗവേഷണങ്ങൾ നടത്തിയത്.

ഈ ഗവേഷണപ്രബന്ധങ്ങളാണ് അവോഗാഡ്രോയെ ടൂറിൻ സർവകലാശാലയിലെ പ്രൊഫസറാക്കിയത്. സാർഡിനിയയിൽ വിപ്ലവം നടത്താൻ സാമ്പത്തിക സഹായം നൽകിയെന്നാരോപിച്ച് വൈകാതെ ജോലിയിൽ നിന്ന് പുറത്താക്കുകയും ചെയ്തു. 12 വർഷത്തിനുശേഷമാണ് തിരിച്ച് ജോലിയിൽ പ്രവേശിപ്പിച്ചത്.

1856 ജൂലൈ 9 ന് മരിക്കും വരെ അവോഗാഡ്രോയുടെ കണ്ടെത്തലുകൾ ശാസ്ത്രലോകം അംഗീകരിച്ചിരുന്നില്ല.

അവോഗാഡ്രോ നിയമം, അവോഗാഡ്രോ സംഖ്യ എന്നിവയുടെ ഉപജ്ഞാതാവെന്ന നിലയിൽ അദ്ദേഹം ശാസ്ത്രലോകത്തെ ഇന്നും ആവേശം കൊള്ളിക്കുന്നു. ▪



# നേത്രസംരക്ഷണം ആയുർവേദത്തിൽ

**ഡോ. കെ.എൻ. ആനന്ദലക്ഷ്മി,**
**ട്യൂട്ടർ, ഗവ. ആയുർവേദ കോളേജ്**

**തൊഴിൽമേഖലയിലെ കടുത്ത മാത്സര്യങ്ങളിൽപ്പെട്ട് നേത്രപഥ്യങ്ങളിൽ ഏർപ്പെടുന്നവർ ഏറെയുണ്ട് നമ്മുടെ നാട്ടിൽ. നേത്രസംരക്ഷണം മാനസികവും ശാരീരികവുമായ ആരോഗ്യത്തെയും പ്രദാനം ചെയ്യുന്നു. വീട്ടിൽ ചെയ്യാവുന്നതും ലളിതവുമായ നേത്രസംരക്ഷണ രീതികളെ കുറിച്ചാണ് ലേഖനത്തിൽ.**

മുഖം മനസ്സിന്റെ കണ്ണാടിയാണ്. യഥാർത്ഥത്തിൽ ഈ ചൊല്ലിനെ അന്വർത്ഥമാക്കുന്നത് ഭാവദ്യോതകമായ കണ്ണുകളാണ്. ലോകത്തിലുള്ള സകല സൗന്ദര്യവും ആസ്വദിക്കാനുള്ള ഈശ്വരന്റെ വരദാനമാണ് കാഴ്ച.

ആയുർവേദശാസ്ത്രത്തിൽ ഇന്ദ്രിയങ്ങളിൽ വച്ച് ഏറ്റവും പ്രധാനപ്പെട്ടത് നേത്രമാണെന്ന് പറഞ്ഞിരിക്കുന്നു. കണ്ണുകളുടെ ഘടന അത്യധികം സുരക്ഷിതമായ രീതിയിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. തലയോട്ടിയിൽ തന്നെ നേത്രഗുഹയിലാണ് ഈ ഇന്ദ്രിയത്തിന്റെ സ്ഥിതി. കൂടാതെ കൺപുരികങ്ങളും കൺപോളകളും നേത്രത്തിന് സുരക്ഷ നൽകുന്നു. പൊടിയോ പുകയോ ഏൽക്കുന്ന പക്ഷം ഞൊടിയിടയിൽ കൺപോളകളടച്ച് നമുക്ക് കണ്ണുകളെ സംരക്ഷിക്കാം. കണ്ണുനീരിന്റെ ഒരു പാളി (tear film) സദാ കണ്ണുകൾക്ക് ഈർപ്പം നൽകുന്നു. പൊടിയോ കണ്ണിനെ ബാധിക്കുന്ന മറ്റ് അപകടകരമായ സൂക്ഷ്മധൂളികളോ നേത്രത്തിൽ പ്രവേശിക്കുമ്പോൾ അശ്രുഗ്രന്ഥി (lacrimal aparatus) കണ്ണുനീർ കൂടുതലായി ഉത്പാദിപ്പിച്ച് ഇവയെ കഴുകിക്കളയുന്നു.

പ്രക്ഷുബ്ധമായ വേളകളിൽ മനസ്സിന്റെ ഭാരം കുറയ്ക്കാൻ കണ്ണുനീർ വഹിക്കുന്ന പങ്ക് പറയേണ്ടതില്ലല്ലോ. വാക്കുകളെക്കാൾ ശക്തമായി സംവദിക്കാൻ കഴിയും ആഹ്ലാദത്തിലും ദുഃഖത്തിലും കണ്ണിൽ നിന്നും പൊഴിയുന്ന അശ്രുകണങ്ങൾക്ക്.

ആയുർവേദത്തിൽ നേത്രരോഗത്തിന് കാരണമായി ഉറക്കമൊഴിയൽ, ഉഷ്ണമായ അന്തരീക്ഷത്തിൽ നിന്ന് പെട്ടെന്ന് തണുപ്പുള്ള അന്തരീക്ഷത്തിലേക്ക് പ്രവേശിക്കൽ, കണ്ണിന് ആയാസമുണ്ടാക്കുന്ന കൃത്യങ്ങളിലേർപ്പെടൽ, അധികം പുളിരസമടങ്ങിയ ഭക്ഷണ പദാർത്ഥങ്ങളുപയോഗിക്കൽ എന്നിങ്ങനെ പറഞ്ഞിരിക്കുന്നു. കണ്ണിന് ആയാസകരമായ കൃത്യങ്ങളിലേർപ്പെടൽ എന്ന് പറയുമ്പോൾ സൂക്ഷ്മദർശിനിയിലൂടെ ഏറെനേരം വീക്ഷിക്കുക, വളരെ അടുത്തിരുന്ന് ടെലിവിഷൻ കാണുക, അധികനേരം കമ്പ്യൂട്ടർ സ്ക്രീൻ നോക്കിയിരിക്കുക എന്നിങ്ങനെ ഇന്ന് നാം സാധാരണമായി ചെയ്യുന്ന പല കാര്യങ്ങളും ഉൾപ്പെടും. ഇതുകൂടാതെ ക്രോധം, ശോകം തുടങ്ങിയ മാനസികഭാവങ്ങളും നേത്രരോഗത്തിന് കാരണമായി പറഞ്ഞിരിക്കുന്നു.

ആയുർവേദത്തിൽ നേത്രസംരക്ഷണ പ്രകരണത്തിൽ പ്രകാശമാനവും ഇളകുന്നതും സൂക്ഷ്മവുമായ കാര്യങ്ങൾ തീരെ നോക്കാതിരിക്കുക എന്ന് പറഞ്ഞിരിക്കുന്നു. ടി.വി, കമ്പ്യൂട്ടറുകൾ, വീഡിയോ ഗെയിമുകൾ ഇവയിൽ ഏതെടുത്താലും ഈ ദോഷങ്ങൾ ഒത്തുചേർന്നവയാണെന്ന് മനസ്സിലാക്കാം. കുഞ്ഞുങ്ങൾ ടിവിക്ക് മുമ്പിൽ മണിക്കൂർ കണക്കിന് ചടഞ്ഞിരുന്ന് കാർട്ടൂണും മറ്റും കാണുന്നത് കണ്ണിനെ മാത്രമല്ല മുഴുവൻ ശരീരത്തെയും ദോഷകരമായി ബാധിക്കുന്നു.

നേത്രസംരക്ഷണത്തിനായി തീർത്തും ലളിതവും വീട്ടിൽ ചെയ്യാവുന്നതുമായ ചര്യകളെ കുറിച്ച് ആയുർവേദത്തിൽ പ്രതിപാദിക്കുന്നുണ്ട്.

ഉറങ്ങി എഴുന്നേറ്റ് മുഖം കഴുകുമ്പോൾ കണ്ണുകളും തണുത്തവെള്ളത്തിൽ കഴുകാൻ ശ്രദ്ധിക്കണം. ഉറങ്ങുമ്പോൾ കൺപോളയ്ക്കകത്ത് അടിഞ്ഞ് കൂടുന്നതായ നേത്രമലങ്ങൾ ഇങ്ങനെ കഴുകി വൃത്തിയാക്കും വഴി പുറത്ത് പോകുന്നു. കണ്ണുകൾ കഴുകാതെ പത്രം വായിക്കുകയും പഠനകാര്യങ്ങളിലേർപ്പെടുകയും ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ചൊറിച്ചിലും മറ്റും അനുഭവപ്പെടുന്നതായി കാണാം.

വളരെ തിരക്കുള്ള സമയത്ത് ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുന്നവർക്ക് കണ്ണിനനുഭവപ്പെടുന്ന എരിച്ചിലും പുകച്ചിലും മാറ്റാൻ ശുദ്ധജലം കൊണ്ടുള്ള ഈ നേത്രപ്രക്ഷാളനം ഏറെ ഗുണകരമാണ്. യാത്ര കഴിഞ്ഞ് വീട്ടിലെത്തിയാലുടൻ കുറച്ചൊന്ന് വിശ്രമിച്ചിട്ട് കണ്ണുകൾ കഴുകാൻ പ്രത്യേകം ശ്രദ്ധിക്കണം. അന്തരീക്ഷത്തിലെ പൊടിയും ഹാനികരമായ പുകയും കണ്ണിലുണ്ടാക്കുന്ന ഈ അസ്വസ്ഥതകൾ അവഗണിച്ചാൽ അത് പിന്നീട് കൂടുതൽ ഗഹനമായ നേത്രരോഗങ്ങളുണ്ടാക്കുന്നതായി കാണാം. കണ്ണിൽ പുകച്ചിൽ വളരെ അധികമായി അനുഭവപ്പെടുന്ന അവസ്ഥയിൽ ഉണക്കമുന്തിരിങ്ങ, പാച്ചോറ്റി, ഇരട്ടിമധുരം, രാമച്ചം ഇവയിട്ട് തിളപ്പിച്ച വെള്ളം കണ്ണ് കഴുകാനെടുക്കാ

വുന്നതാണ്. കണ്ണിന് ഈ കഷായജലം കൊണ്ടുള്ള കഴുകൽ കുളിർമയും സുഖവും ഉണ്ടാക്കും.

ഇന്നത്തെ തലമുറ തീർത്തും അവഗണിക്കുന്ന ഒരു കാര്യമാണ് തലയിൽ എണ്ണ തേച്ച് കുളിക്കുന്നത്. തലയിൽ എണ്ണ തേച്ച് കുളിച്ചാൽ തലയിലുണ്ടാകാവുന്ന രോഗങ്ങൾ ഒരുപരിധിവരെ പ്രതിരോധിക്കാൻ സാധിക്കും. എണ്ണതേയ്പ് ചക്ഷുശ്രോതാദി ഇന്ദ്രിയങ്ങൾക്ക് വിഷയഗ്രാഹ്യശക്തിയെ വേണ്ടവിധത്തിലുണ്ടാക്കും. പ്രത്യേകിച്ചും കണ്ണിന്റെ സംരക്ഷണത്തിനുതകുന്നവയാണ് അസനവില്യാദി തൈലം, കയ്യോന്ന്യാദി തുടങ്ങിയ എണ്ണകൾ.

ആയുർവേദത്തിൽ തലയിൽ എണ്ണ തേയ്ക്കുന്ന അത്രയും പ്രാധാന്യത്തോടെ തന്നെയാണ് ദേഹത്ത് എണ്ണ തേച്ചു കുളിക്കുന്നതിനും പറഞ്ഞിരിക്കുന്നത്. ദേഹത്ത് എണ്ണ തേയ്ക്കുമ്പോൾ പാദത്തിൽ കൂടി എണ്ണ തേയ്ക്കാൻ ശ്രദ്ധിക്കണം. ഈ ചര്യ കണ്ണുകളുടെ ആരോഗ്യത്തിനുതകുമെന്ന് ശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നു.



തല കുളിക്കുമ്പോൾ നല്ല തണുത്ത വെള്ളത്തിൽ മാത്രമേ കുളിക്കാവൂ. എന്നും ചൂടുവെള്ളത്തിൽ കുളിക്കുന്നത് കണ്ണിനും തലമുടിയ്ക്കും ഏറെ ഹാനികരമാണെന്ന് പ്രത്യേകം പറഞ്ഞിരിക്കുന്നു. നല്ല തണുത്ത വെള്ളത്തിലുള്ള കുളി ചക്ഷുരാദി ഇന്ദ്രിയങ്ങൾക്ക് ചൈതന്യവും കർമസാമർത്ഥ്യവും ഉണ്ടാക്കുന്നു. കുളിക്കുമ്പോൾ ഒരു കവിൾ വെള്ളം വായിൽകൊണ്ട് അല്പസമയം നിർത്തിയ ശേഷം തുപ്പിക്കളയേണ്ടതാണ്. കബളം എന്ന പേരിലറിയപ്പെടുന്ന ഈ ലളിതമായ ചര്യ ശിരോരോഗങ്ങളെ അകറ്റാൻ ഏറെ ഫലപ്രദമാണ്.

കണ്ണിന് കുളിർമയും സൗന്ദര്യവും ഉണ്ടാക്കുന്നതിന് അഞ്ജനം ഫലപ്രദമാണ്. എന്നാൽ ആയുർവേദത്തിൽ അഞ്ജനം എന്നാൽ കണ്ണിൽ മരുന്ന് എഴുതൽ എന്നർത്ഥം. സ്വസ്ഥന് (അസുഖമില്ലാത്ത ആൾക്ക്) സൗവീരാഞ്ജനം ആണ് അഞ്ജനം ചെയ്യാൻ വിധിച്ചിരിക്കുന്നത്. സൂക്ഷ്മദൃഷ്ടിയും നേത്രത്തിന് ആരോഗ്യവും ഉണ്ടാക്കുന്ന ഈ അഞ്ജനം ഒരു വിവാദവിഷയം ആയതുകൊണ്ട് കുഞ്ഞുങ്ങൾക്കും മറ്റും വീട്ടിൽ ഉണ്ടാക്കുന്ന കൺമഷി ഉപയോഗിച്ച് കണ്ണെഴുതിക്കൊടുക്കാവുന്നതാണ്. ആവണക്കെണ്ണയിട്ട് കത്തിച്ച വിളക്കിൽ കട്ടിയുള്ള ഒരു ഇരുമ്പുചട്ടിയോ തവിയോ വച്ച് മൂടിയാൽ കിട്ടുന്ന കരി അല്പം വെണ്ണ ചേർത്ത് ചാലിച്ച് കണ്ണിൽ എഴുതാവുന്നതാണ്. പക്ഷേ ആദ്യം സൂചിപ്പിച്ചപോലെ ആയുർവേദത്തിൽ അഞ്ജനം വെറും കൺമഷി എന്ന അർത്ഥത്തിലല്ല ഉപയോഗിച്ചിരിക്കുന്നത്. നേത്രത്തിൽ പുറം പാളി മുതൽ ഞരമ്പിനെ സംബന്ധിക്കുന്ന രോഗങ്ങൾ വരെ മാറ്റാൻ സഹായിക്കുന്ന പല തരം ഗുളികകളുണ്ട്. ഇവ അവസ്ഥാനുസരണം മുലപ്പാൽ, ജലം, പനിനീർ ഇവയിൽ അരച്ച് ഡോക്ടറുടെ നിർദേശപ്രകാരം കണ്ണുകളിലെഴുതി അഞ്ചുമിനിട്ടിന് ശേഷം നേത്രസംരക്ഷണത്തിൽ പറഞ്ഞിട്ടുള്ളതായ കഷായം കൊണ്ട് കണ്ണ് കഴുകുന്നതാണ് അഞ്ജനം എന്ന ക്രിയ കൊണ്ട് ഉദ്ദേശിക്കുന്നത്. കൈവിരലോ, നാഗം, വെള്ളി ഇവ കൊണ്ട് തയ്യാറാക്കിയതായ ശലാകയോ കൊണ്ടാണ് മരുന്ന് കണ്ണിലെഴുതേണ്ടത്. തിമിരത്തിന്റെ ആദ്യാവസ്ഥയിൽ ഇന്ന് ഇന്ത്യ മുഴുവൻ കണ്ണുകളിൽ എഴുതാൻ ഉപയോഗിക്കുന്ന ഇളനീർ കുഴമ്പ് എന്ന അഞ്ജനം ശാസ്ത്രലോകത്തിന് കേരളത്തിലെ വൈദ്യന്മാരുടെ മാത്രം തനതു സംഭാവനയാണ്.

നേത്രരക്ഷക്കായിട്ടുള്ള ഔഷധങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് കടുക്ക, നെല്ലിക്ക, താന്നിക്ക എന്നിവ. ത്രിഫല എന്ന പേരിലറിയപ്പെടുന്ന ഈ ഔഷധയോഗം കണ്ണിന് ധാരയായും മരുന്നുകൾ പൊടിച്ച് ഉള്ളിൽ കഴിക്കാനും ഉപയോഗിക്കുന്നു. കൂടാതെ ഇവയിട്ട് കാച്ചിയ നെയ്യ് ഉള്ളിൽ കുടിക്കാനും ത്രിഫലയും മറ്റ് നേത്രഹിതമായ ഔഷധങ്ങളുമിട്ട് തയ്യാറാക്കിയ നെയ്യ് കണ്ണിൽ നിർത്താനും ഉപയോഗിക്കുന്നു. വിവിധ നേത്ര രോഗങ്ങൾക്ക് അവസ്ഥാനുസരണം ഉപയോഗിക്കുന്ന ഈ യോഗം അതിശയമായ ഫലത്തെയാണ് നൽകുന്നത്. മുതിർന്നവർ രാത്രി കിടക്കുംമുമ്പ് ത്രിഫലപ്പൊടി തേനിലോ വെള്ളത്തിലോ ചേർത്ത് കുടിക്കുന്നത് നേത്രരോഗങ്ങൾ വരാതെ ചെറുക്കാനും സഹായിക്കും. ഒരു സ്പൂൺ പൊടി ആഹാരശേഷം സേവിക്കാവുന്നതാണ്. നേത്രസംരക്ഷണ പ്രകരണത്തിൽ അപഥ്യമായ ഭക്ഷണം ഒഴിവാക്കാൻ നിർദേശിച്ചിരിക്കുന്നു. അമിതമായ ഭക്ഷണം, അല്പമായി ഇടയ്ക്കിടയ്ക്ക് ഭക്ഷണം, ടി.വി.യും മറ്റും കണ്ടുകൊണ്ട് ഭക്ഷണം കഴിക്കുന്നത് ഇങ്ങനെയുള്ള അപഥ്യങ്ങൾ ഒഴിവാക്കേണ്ടതാണ്.

ഇവ കൂടാതെ മനസ്സിന്റെ സുഖം നേത്രസംരക്ഷണത്തിനുതകുന്നതായി പറഞ്ഞുകാണുന്നു. നേത്രം ഒരവയവമാണെങ്കിലും അതു ശരീരത്തിന്റെ ഭാഗമാണെന്നും ആ അവയവത്തിനെ ബാധിക്കുന്ന ഒരു രോഗത്തിന് മനസ്സിനെയും ശരീരത്തെയും കണക്കിലെടുത്ത് ചികിത്സിക്കണമെന്നുമുള്ള ആയുർവേദത്തിലെ അടിസ്ഥാനതത്ത്വമാണ് ഈ നിർദേശത്തിലൂടെ പ്രതിഫലിച്ചു കാണുന്നത്. എത്ര ധനമുണ്ടെങ്കിലെന്ത് കണ്ണിന് കാഴ്ചയില്ലെങ്കിൽ ഈ ലോകത്തെ ജീവിതം വ്യർത്ഥമാകുന്നു. അതുകൊണ്ട് നേത്രരക്ഷയ്ക്കായി സദാ പ്രയത്നിക്കണം എന്ന് അഷ്ടാംഗഹൃദയത്തിൽ പറഞ്ഞിരിക്കുന്ന ശ്ലോകം എത്ര അർത്ഥവത്താണ്! ഐ.ടി. രംഗത്ത് ഉയർന്ന ശമ്പളത്തിൽ ജോലി ചെയ്യുന്ന യുവതീയുവാക്കൾ എട്ട് മണിക്കൂറിലേറെ കമ്പ്യൂട്ടറിന്റെ മുമ്പിൽ ചെലവഴിക്കുന്നു. ആ രംഗത്തെ തന്നെ കടുത്ത മത്സരത്തിന്റെ ഫലമായി മാനസിക പിരിമുറുക്കമനുഭവിക്കുകയും ചെയ്യുന്നു. ഈ രംഗത്തുള്ളവർ ഏറെ മനസ്സിലാക്കേണ്ടതാണ് ശാസ്ത്രത്തിലെ ഈ വരികൾ. തൊഴിൽ മേഖലയിൽ ഇത്തരം നേത്ര പഥ്യങ്ങളിൽ നിത്യം ഏർപ്പെടുന്നവർ യത്നിച്ചുതന്നെ നേത്രങ്ങൾക്ക് സംരക്ഷണം നൽകുന്ന ആയുർവേദചര്യകൾക്ക് സമയം കണ്ടെത്തേണ്ടതാണ്.



മാങ്കോസ്റ്റൈൻ മാവിൻ ചുവട്ടിൽ ചാരുകസാല യിൽ "സോജാ രാജകുമാരി......" ആസ്വദിച്ച്...

# കൈവിലങ്ങ് പൊട്ടിച്ച് തടവറ ഭേദ

എൻ. സമിത

അറുപത്തിമൂന്നു വർഷങ്ങൾക്കപ്പുറം 1941-42 കാലം; ക്വിറ്റ് ഇന്ത്യാ സമരത്തിൽ രാജ്യമാകെ ഉരുകിയുണർന്ന നാളുകളൊന്നിൽ വൈക്കം മുഹമ്മദ് ബഷീർ അറസ്റ്റിലായി. കഥ രാജ്യദ്രോഹമായി കണ്ടായിരുന്നു അറസ്റ്റ്. കൈവിലങ്ങണിയിച്ച് ബഷീറിനെ കൊല്ലം കസ്ബാ പൊലീസ് സ്റ്റേഷനിൽ കൊണ്ടുവന്ന് തടവിലാക്കി: 63 വർഷങ്ങൾക്കിപ്പുറം ഇക്കഴിഞ്ഞ ജൂലൈ മൂന്നിന് ആ തടവറ ഭേദിച്ച് ബഷീറിന്റെ മനസ്സിലെ സ്വാതന്ത്ര്യക്കിളി 'വെളിച്ചത്തിന് എന്ത് വെളിച്ചം' എന്ന് ഉരുവിട്ട് പുറത്ത് വരുന്നത് വിഖ്യാത മാന്ത്രികൻ ഗോപിനാഥ് മുതുകാട് മാന്ത്രികവിദ്യയിലൂടെ അവതരിപ്പിച്ചു, ബഷീറിന്റെ പതിനൊന്നാം ചരമവാർഷിക സ്മരണയിലൊരു മാന്ത്രിക പുഷ്പാർച്ചനയായി.

അന്ന് തടവറയിൽ ഏകനായിരുന്ന് ബഷീർ 'കൈവിലങ്ങ്' എന്ന കഥയെഴുതി. പിന്നെ ഉറ്റമിത്രങ്ങളായ പോഞ്ഞിക്കര റാഫി, എം.പി. പോൾ, പൊൻകുന്നം വർക്കി എന്നിവർക്ക് തുടരെ തുടരെ കത്തുകളും. കഥയിലും കത്തുകളിലും കൈവിലങ്ങ് പൊട്ടിച്ച് തടവറകൾ ഭേദിച്ച് പറന്നു പോകുന്ന തന്റെ മനസ്സിലെ സ്വാതന്ത്ര്യക്കിളിയെ ബഷീർ ഭാവന ചെയ്തു.

'കൈവിലങ്ങി'ൽ തടവറ ജീവിതത്തെക്കുറിച്ച് ബഷീർ എഴുതിയതിങ്ങനെ: നൂറ്റമ്പതോളം പുരുഷന്മാർ നാല് ലോക്കപ്പ് മുറികളിൽ: രാവും പകലും മൂകത പാലിച്ചിരുന്നു. വർത്തമാനമില്ല, ചിരിയില്ല, മന്ദഹാസമില്ല: ഒന്നുമില്ല. മൂകത: ഇരുമ്പഴിക്കുള്ളിൽ മൂകനായിരുന്ന ബഷീറിനെയോർത്ത് ലളിതാംബിക അന്തർജനം വേദനയോടെ 'തടവുകാരൻ' എന്ന കവിത രചിച്ചു.

ഇരുളടഞ്ഞൊരു തടവ് മൂലയിൽ
ഇരവിലേകനായി ഇരുന്നിടുന്ന നീ
അമരഗാനങ്ങൾ ഉതിർന്ന തൂലിക
അലസമൂകമായി ശയിച്ചിടുന്നു.

പോഞ്ഞിക്കര റാഫിക്കെഴുതിയ കത്തിൽ; 'സ്വതന്ത്രമായ സൂര്യപ്രകാശം ഇനി എന്ന് കാണുമെന്ന് എനിക്ക് നിശ്ചയമില്ല. ഇത് ഞാൻ ദുഃഖത്തോടെ പറയുകയാണെന്ന് വിചാരിക്കരുത്. എന്റെ മനസ്സിൽ ദുഃഖമില്ല. സന്തോഷവുമില്ല. എന്റെ മുമ്പിലുള്ള തടവുകാരോടുള്ള പൊലീസിന്റെ പെരുമാറ്റം ഹൃദയത്തെ വിറപ്പിക്കുന്ന വിധമാണ്. ചിലപ്പോൾ ചോര എന്റെ ദേഹത്തേക്ക് തെറിക്കും. അരുതേ മതിയാക്ക് എന്ന് ഞാൻ അറിയാതെ വിളിച്ചു പറഞ്ഞു പോയിട്ടുണ്ട്. അത്രയ്ക്ക് ഹൃദയശൂന്യമായ പെരുമാറ്റമാണ്.... ഇതിന്റെയൊക്കെ ഇടയിലാണ് ഞാൻ'. ഈ നരകത്തടവറയിൽ നിന്നുള്ള മോചനം ബഷീർ കൊതിച്ചു. 'ജയിലിനുള്ളിൽ ഞാൻ തനിച്ച്. എന്റെ ചിറകുകൾ അരിഞ്ഞിരിക്കുന്നു. എനിക്ക് രക്ഷപ്പെടണം സ്വാതന്ത്ര്യത്തിലേക്ക് എന്റെ സ്വപ്നങ്ങളിലേക്ക്...... എനിക്കും സ്വാതന്ത്ര്യത്തിനുമിടയിൽ രണ്ടു ചുമരുകളുണ്ട്'. കൈവിലങ്ങുകൾ പൊട്ടിച്ച് ആ ചുമരുകൾ ഭേദിച്ച് സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിലേക്ക് സ്വർണച്ചിറകടിച്ച് ബഷീർ പോയിട്ട് ഇക്കഴിഞ്ഞ ജൂലൈ അഞ്ചിന് പതിനൊന്ന് വർഷം തികഞ്ഞു.

കൊല്ലം കസ്ബാ പൊലീസ് സ്റ്റേഷൻ ഇന്ന് കൊല്ലം താലൂക്ക് ഓഫീസാണ്. പാരതന്ത്ര്യത്തിന്റെ ചിതലെടുത്ത പ്രതീകം പോലെ ആ തടവറകൾ ഇന്നും അവിടെയുണ്ട്. ആ തടവറവളപ്പിൽ ബഷീർ നട്ടു



# ിച്ചെത്തിയ ബഷീർ എന്ന മുതുകാട്

പിടിപ്പിച്ച വേപ്പ് മരവും പട്ടു പോയിരിക്കുന്നു. പക്ഷേ ചിതലരിക്കാത്ത ആ ഓർമകൾ ബഷീറിന് ഹൃദയാഞ്ജലിയായി ഇക്കഴിഞ്ഞ ജൂലൈ മൂന്നിന് ഇവിടെ പുനരാവിഷ്കൃതമായി. തടവറ ഭേദിച്ച് പറന്നുയരുന്ന ബഷീറിന്റെ സ്വാതന്ത്ര്യ സ്വപ്നം: വിഖ്യാത മാന്ത്രികൻ ഗോപിനാഥ് മുതുകാടിന്റെ ഭാവനയും മാന്ത്രിക വൈഭവവും സാക്ഷാത്കരിച്ചു.

ജയിൽ പുള്ളിയുടെ വേഷമിട്ട് ഗാന്ധിത്തൊപ്പി ധരിച്ച് രണ്ടു പൊലീസുകാരുടെ അകമ്പടിയോടെ എത്തിയ മുതുകാടിനെ തൊഴിൽ മന്ത്രി ബാബു ദിവാകരനും ജില്ലാ കളക്ടർ ബി. ശ്രീനിവാസും ചേർന്ന് കൈവിലങ്ങിട്ട് ബന്ധിച്ചു. പഴയ തടവ് മുറി പരിശോധിച്ച് ഉറപ്പിച്ച ശേഷം തടവറക്കുള്ളിലാക്കി കൂറ്റൻ ഇരുമ്പ് വാതിലുകൾ ചങ്ങലയിൽ കുരുക്കി താഴിട്ട് പൂട്ടി. ഒപ്പം യാതനകൾ നിറഞ്ഞ ബഷീറിന്റെ ജീവിതയാത്ര കാര്യമാത്രമായി വിവരിക്കുന്ന ചിത്രങ്ങൾ തിരശ്ശീലയിൽ തെളിഞ്ഞു. ബഷീർ സ്മരണയിൽ വ്യാമുഗ്ധനായി ഒ.എൻ.വി. രചിച്ച ജീവനും താളവുമുള്ള 'സോജാ' എന്ന കവിത കവിയുടെ തന്നെ കാതരമായ ശബ്ദത്തിൽ ഒഴുകിപ്പരന്നു. ഇതിനിടെ തടവറയിലെ പ്രത്യേകം തയ്യാറാക്കിയിരുന്ന പെട്ടകത്തിൽ 'ബഷീർ മുതുകാടി'നെ അടക്കം ചെയ്തിരുന്നു. നിമിഷങ്ങൾക്കുള്ളിൽ അടുത്ത ഇടനാഴിയിൽ ബഷീർ മുതുകാട് ചുമരുകൾ തുളച്ച് പ്രത്യക്ഷപ്പെട്ടു. ഞൊടിയിടയിൽ തൊട്ടടുത്ത ജയിൽ മുറിയുടെ വാതിൽ മെല്ലെ തുറന്ന് ജുബ്ബയും മുണ്ടും വേഷധാരിയായി ബഷീർ മുതുകാട് മെല്ലെ ഇറങ്ങി വന്നു.

പ്രിയകവി ഒ.എൻ.വി.യും കാക്കനാടനും ഡോ. ജോർജ് ഓണക്കൂറും ഡോ. എഴുമറ്റൂർ രാജരാജവർമയും ബഷീറിന്റെ മകൻ അനീഷും ജില്ലാ കളക്ടർ ബി. ശ്രീനിവാസും ഡി.റ്റി.പി.സി. സെക്രട്ടറി കെ.ഇ. ഷാനവാസും എല്ലാം ബഷീർ സ്മരണയിൽ ലയിച്ചിരിക്കെ അവർക്ക് മുമ്പിലൂടെ ഒരു കാലൻകുട നിവർത്തിപ്പിടിച്ച് തടവറക്ക് മുമ്പിലെ കൊച്ചു മാവിൻ ചുവട്ടിലെ ചാരുകസേരക്കരികിലേക്ക് ബഷീർ മുതുകാട് നടന്നു. തടി സ്റ്റൂളിൽ ഫ്ളാസ്ക്കും ബീഡിയും പിന്നെ പഴയ ഗ്രാമഫോൺ റിക്കാർഡും. കുന്ദൻ ലാൽ സൈഗാളിന്റെ പ്രിയഗാനം. സോജാ രാജകുമാരി സോജ..... കേട്ട് ലയിച്ചിരുന്നു. മാന്ത്രിക വിദ്യയുടെ മാസ്മര ലഹരിയിൽ ബഷീറിന്റെ സ്വാതന്ത്ര്യ സ്വപ്നം ഇളം തലമുറയുടെ കിളുന്നു മനസ്സുകളിൽ മായാമുദ്രയാക്കി, മുതുകാട് ഒരിക്കൽ കൂടി വിസ്മയാതിരേകങ്ങൾ വിരിയിച്ചു.

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും മാജിക് അക്കാദമിയും സംയുക്തമായി ഒരുക്കിയ ഈ മാന്ത്രിക വിരുന്ന് ബഷീറിന് മാത്രമുള്ള ഹൃദയാഞ്ജലിയായിരുന്നില്ല. ഒരു കാലഘട്ടത്തിന്റെ കൂടി ഓർമയായിരുന്നു. അന്യജീവനുതകി സ്വജീവിതം ധന്യമാക്കിയ ബഷീറിന്റെ സഹതടവുകാരായിരുന്ന ധീര ദേശാഭിമാനികൾ സി.കേശവൻ, ടി.എം. വർഗീസ്, കുമ്പളത്ത് ശങ്കുപ്പിള്ള തുടങ്ങിയവരുടെ തടവറസ്മരണകൾ പുതുക്കൽ കൂടിയായി ഈ മാന്ത്രിക വിസ്മയം. ■

## മലയാളികളുടെ മധുരപ്രതീക്ഷകളുടെ പൂങ്കാവനങ്ങളിൽ നിറഞ്ഞ

# അപാരസുന്ദര നീലാകാശം

**ശശികുമാർ സി. തലശ്ശേരി**

പനിനീർ തൂവുന്ന ലാവണ്യത്തോടെ എഴുപതുകളിൽ മലയാള ചലച്ചിത്ര ഗാനലോകത്ത് പദമൂന്നിയ സംഗീതസംവിധായകൻ പുകഴേന്തിയെക്കുറിച്ചോർക്കുമ്പോൾ ഓർമയിൽ വിരിയുന്നത് അനുരാഗത്തിന്റെയും സാന്ദ്രസ്വപ്നങ്ങളുടെയും ഒരു പിടി ഗാനങ്ങളാണ്. സംഗീതത്തെ ഭാവഗീതങ്ങളുടെ തലത്തിലേക്കുയർത്തിയ അപാരമായ സർഗവൈഭവമായിരുന്നു പുകഴേന്തിക്ക്.

അരനൂറ്റാണ്ടിലേറെക്കാലം ചെന്നൈയിൽ സ്ഥിരതാമസമാക്കിയ പുകഴേന്തി ആണ്ടിലൊരിക്കലാണ് ജന്മനാടായ തിരുവനന്തപുരത്തെത്തുന്നത്. ആറ്റുകാൽ ദേവീക്ഷേത്രത്തിലെ പൊങ്കാലനാളിൽ ഈ വർഷവും മുടങ്ങാതെ അദ്ദേഹം ഭാര്യ സേതുലക്ഷ്മിയോടൊപ്പം ആറ്റുകാലമ്മയുടെ ദർശനത്തിനെത്തി. അദ്ദേഹത്തിന്റെ സഹോദരങ്ങളും ബന്ധുക്കളും ഒപ്പമുണ്ടായിരുന്നു. വഴിപാട് നടത്തി പ്രസാദം രുചിച്ച് പിരിഞ്ഞ പുകഴേന്തിയെ മരണം തേടിയെത്തുകയായിരുന്നു.

മലയാളത്തിന്റെ മണ്ണിൽ നിന്നും അദ്ദേഹം മാറി നിന്നിട്ടും മലയാളികളുടെ മധുരപ്രതീക്ഷകൾക്കൊത്ത ഗാനങ്ങൾ അദ്ദേഹം സൃഷ്ടിച്ചു. മലയാളികളുടെ മധുരപ്രതീക്ഷകളുടെ പൂങ്കാവനത്തിൽ മധുരഗാനങ്ങൾ നിറച്ചിട്ടാണ് പുകഴേന്തി മരണത്തിന്റെ കരങ്ങളിൽ നിത്യശാന്തി പൂണ്ടത്. ചുരുക്കം മലയാള ചിത്രങ്ങൾക്കേ അദ്ദേഹം സംഗീതം ചിട്ടപ്പെടുത്തിയിട്ടുള്ളൂ. അതിലെ ഗാനങ്ങൾ കൊണ്ട് തന്നെ അദ്ദേഹം മലയാള ചലച്ചിത്രഗാനശാഖയെ സമ്പന്നമാക്കി. പഴയതലമുറയും പുതിയ തലമുറയും ഒരുപോലെ അദ്ദേഹത്തിന്റെ ഗാനങ്ങൾ ഇഷ്ടപ്പെടുന്നു.

മിതമായ വാദ്യോപകരണങ്ങൾ ഉപയോഗിച്ചാണ് അദ്ദേഹം ഈണങ്ങൾ സൃഷ്ടിച്ചിരുന്നത്. പുകഴേന്തിയുടെ മിതത്വം പാലിക്കുന്ന ഈ സമ്പ്രദായം ഹിന്ദി ചലച്ചിത്ര സംഗീത സാമ്രാട്ട് നൗഷാദിനെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. 150 പീസ് ഓർക്കസ്ട്ര ഉപയോഗിച്ചു സംഗീതം നിർവഹിക്കുന്ന ഹിന്ദി ചലച്ചിത്രലോകത്ത് നിന്നാണല്ലോ നൗഷാദിന്റെ വരവ്. ഇത്രയും ചുരുക്കം ഉപകരണങ്ങൾ കൊണ്ട് ഭാവാത്മകമായ ഗാനങ്ങൾ എങ്ങനെ ഇവിടെ ചിട്ടപ്പെടുത്തുന്നു എന്നാണ് നൗഷാദ് ചോദിച്ചത്. പുകഴേന്തിക്ക് കിട്ടിയ ഏറ്റവും വലിയ ഒരംഗീകാരമായിരുന്നു അത്.

തിരുവനന്തപുരം തമ്പാനൂരിലെ കേശവവിലാസം വിളപുത്തൻവീട്ടിൽ കേശവപിള്ളയുടെയും ജാനകിയമ്മയുടെയും മകനായി 1927 സെപ്തംബർ 27-ന് ജനിച്ച പുകഴേന്തിയുടെ യഥാർത്ഥപേര് ടി.കെ. വേലപ്പൻനായർ എന്നായിരുന്നു. ചാല പി.എ. സ്കൂളിൽ പഠിച്ച വേലപ്പൻനായർ അപ്പു എന്ന ഓമനപ്പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്. നാടകാഭിനയത്തിൽ താത്പര്യം പ്രകടിപ്പിച്ചിരുന്ന അപ്പുവിന്റെ സംഗീതസങ്കല്പങ്ങൾക്ക് നിറം പകർന്നത് നാടകപ്രസ്ഥാനങ്ങളായിരുന്നു. എൻ.എസ്. കൃഷ്ണൻ നാടക സഭയുടെ സജീവപ്രവർത്തകനായ അപ്പുവിനെ എൻ.എസ്. കെ. ട്രൂപ്പിന്റെ മ്യൂസിക് ഡയറക്ടർ ആയ ശിവമാണ് ഹാർമോണിയം പഠിപ്പിച്ചതും സംഗീതം അഭ്യസിപ്പിച്ചതും. ഇക്കാലങ്ങളിലാണ് ശക്തി നാടക ട്രൂപ്പിന്റെ 'തോഴൻ' എന്ന നാടകത്തിലെ ഗാനങ്ങൾക്ക് സംഗീതം പകരുവാൻ അവസരം ലഭിക്കുന്നത്. സംഗീത സംവിധാന രംഗത്തേയ്ക്കുള്ള ആദ്യ കാൽവയ്പായിരുന്നു അത്. അൻപതുകളിൽ ദക്ഷിണേന്ത്യൻ പര്യടനത്തിനിറങ്ങിയ 'ബോംബെ ഷോ' എന്ന കാർണിവൽ സംഘം അവതരിപ്പിച്ച നാടകത്തിന്റെ സംഗീതസംവിധാനം നിർവഹിക്കാനുള്ള ചുമതലയും പുകഴേന്തിയിൽ അർപ്പിതമായി. എല്ലാറ്റിനും പിന്നിൽ പിന്തുണച്ചുകൊണ്ടിരുന്ന ഗുരു ശിവം തന്നെയാണ് അപ്പുവിന്റെ പേര് പുകഴേന്തി എന്നാക്കിയതും. പുകഴേന്തി എന്ന പേരുമാറ്റം അദ്ദേഹത്തിന് പ്രശസ്തിയിലേയ്ക്കുള്ള ഒരു കാൽവയ്പായിരുന്നു.

തെന്നിന്ത്യയിലെ പ്രശസ്ത ഗായിക കെ.ബി. സുന്ദരാംബാൾ തിരുവനന്തപുരത്തെത്തിയപ്പോൾ ഒരു പാട്ട് പാടിക്കേൾപ്പിക്കാൻ പുകഴേന്തിക്ക് അവസരം ലഭിച്ചു. പുകഴേന്തിയുടെ സ്വരപ്രവാഹം കേട്ട സുന്ദരാംബാൾ അദ്ദേഹത്തെ അഭിനന്ദിക്കുകയുണ്ടായി. ഒരു ഗായകനാകാനുള്ള പുകഴേന്തിയുടെ ആഗ്രഹത്തിനു കിട്ടിയ ഒരു പിന്തുണയായിരുന്നു സുന്ദരാംബാളിന്റെ പ്രശംസ. മനസ്സ് നിറയെ സംഗീതവുമായി, സിനിമയെക്കുറിച്ചു മാത്രം ചിന്തിച്ചു നടന്ന നാളുകളായിരുന്നു പിന്നീട്.

ഒരു തമിഴ് ചിത്രത്തിലൂടെയാണ് പുകഴേന്തി ചലച്ചിത്ര രംഗത്തെത്തുന്നത്. സി. എൽ. പാണ്ഡുരംഗത്തിന്റെ ഹാർമോണിസ്റ്റായി 'എൻ തങ്കൈയിലൂടെ' രംഗപ്രവേശം ചെയ്ത പുകഴേന്തി സി.എൽ. പാണ്ഡുരംഗത്തിന്റെ അഞ്ച് സിനിമകളിൽ പ്രവർത്തിക്കുകയുണ്ടായി. 'മദനമോഹിനി' എന്ന ചിത്രത്തിന്റെ ഷൂട്ടിംഗിനിടയിലാണ് പ്രശസ്ത സംഗീതസംവിധായകൻ കെ.വി. മഹാദേവനെ ശിവം പുകഴേന്തിക്ക് പരിചയപ്പെടുത്തുന്നത്. അത് ദശാബ്ദങ്ങൾ നീണ്ടുനിന്ന ഒരു കൂട്ടുകെട്ടിന്റെ ആരംഭം കുറിക്കലായിരുന്നു. ഹിറ്റുഗാനങ്ങളുടെ ഒരു പരമ്പര തന്നെ ഈ കൂട്ട് കെട്ട് സൃഷ്ടിച്ചു. അതിലൊന്നായിരുന്നു ഇന്ത്യൻ ചലച്ചിത്ര ഇതിഹാസമായി മാറിയ ശങ്കരാഭരണത്തിലെ ഗാനങ്ങൾ. ചലച്ചിത്രരംഗത്ത് പുതിയൊരു തരംഗമാണ് ശങ്കരാഭരണത്തിലെ ഗാനങ്ങൾ സൃഷ്ടിച്ചത്.

# തു നിന്ന അനശ്വരപ്രതിഭ പുകഴേന്തിയെ സ്മരിക്കുമ്പോൾ.....



**മിതമായ വാദ്യോപകരണങ്ങൾ ഉപയോഗിച്ചാണ് പുകഴേന്തി ഈണങ്ങൾ സൃഷ്ടിച്ചിരുന്നത്. അദ്ദേഹത്തിന്റെ മിതത്വം പാലിക്കുന്ന ഈ സമ്പ്രദായം ഹിന്ദി ചലച്ചിത്ര സംഗീത സാമ്രാട്ട് നൗഷാദിനെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്.**

ശിവാജിഗണേശൻ നായകനായി അഭിനയിച്ച 'ഗുരുദക്ഷിണ'യായിരുന്നു പുകഴേന്തിയുടെ ആദ്യപടം. പക്ഷേ ആ പടം ശ്രദ്ധിക്കപ്പെട്ടില്ല. തുടർന്നു 'പൊന്നിയിൽ ശെൽവം', 'തപം' എന്നീ തമിഴ് ചിത്രങ്ങൾക്കും 'വിശാലി', 'പമ്പിപാനിപര', 'ഗുഢി ഗുണ്ടലു' തുടങ്ങിയ തെലുങ്ക് ചിത്രങ്ങൾക്കും സംഗീതം ഒരുക്കി.

പുകഴേന്തി മലയാളി ശ്രോതാക്കളുടെ ഹൃദയം കവർന്നത് 'മുതലാളി'യിലൂടെയാണ്. 'പെണ്ണരശ്ശ്' എന്ന തമിഴ് ചിത്രത്തിന്റെ റീമേക്കായ മുതലാളിയിലെ (1965) "പനിനീരുതൂവുന്ന പൂനിലാവേ", "മുല്ലപ്പൂം തൈലമിട്ട്" തുടങ്ങിയ ഗാനങ്ങൾ ശ്രദ്ധിക്കപ്പെട്ടു. മുതലാളിയിലെ ഗാനങ്ങൾ എഴുതിയ പി. ഭാസ്കരന്റെ നിർലോഭമായ സഹകരണം കൂടിയായപ്പോൾ പുകഴേന്തിക്ക് കൂടുതൽ അവസരങ്ങൾ മലയാളത്തിൽ ലഭിച്ചു തുടങ്ങി. തുടർന്ന് അദ്ദേഹം ചെയ്ത ഗാനങ്ങൾ മലയാള സിനിമാചരിത്രത്തിലെ സർവകാല ഹിറ്റുകളായി. 1967-ൽ പുറത്തിറങ്ങിയ ഭാഗ്യമുദ്രയിലെ ഗാനങ്ങൾ പുകഴേന്തിക്ക് ഒരു ഭാഗ്യമുദ്രയായി ത്തീർന്നു. "മധുരപ്രതീക്ഷ തൻ പൂങ്കാവിൽ വച്ചൊരു", "പേരാറും പെരിയാറും", "മാമ്പഴക്കൂട്ടത്തിൽ മൽഗോവയാണുനീ" തുടങ്ങിയ ഭാഗ്യമുദ്രയിലെ ഗാനങ്ങൾ കൊണ്ട് പുകഴേന്തി മലയാളത്തിൽ സ്ഥിരപ്രതിഷ്ഠ നേടി. യേശുദാസും, ജാനകിയും ചേർന്ന് ആലപിച്ച് "മധുരപ്രതീക്ഷതൻ" എന്ന ഗാനം മലയാളത്തിൽ കേട്ട ഏറ്റവും മികച്ച യുഗ്മഗാനങ്ങളിലൊന്നാണ്. "ഗോപുരക്കിളിവാതിലിൽ", "മദ്ധ്യാഹ്നസുന്ദര സ്വപ്നത്തിൽ ഞാനൊരു", നിഴൽ നാടകത്തിലെ നായിക നീ തുടങ്ങിയ 'വിലകുറഞ്ഞ മനുഷ്യനി'ലെ (1967) ഗാനങ്ങളെ അതീവ മനോഹരമാക്കി പുകഴേന്തി. 1971-ൽ റിലീസ് ചെയ്ത വിത്തുകളിലെ "ഗോപുരമുകളിൽ വാസന്തചന്ദ്രൻ", "അപാരസുന്ദരനീലാകാശം", "മരണദേവനൊരുവരംകൊടുത്താൽ" തുടങ്ങിയ ഗാനങ്ങൾ ചെയ്യുമ്പോഴേക്കും പുകഴേന്തി മലയാളികളുടെ പ്രിയങ്കരനായ സംഗീത സംവിധായകനായി മാറുകയായിരുന്നു.

"ലോകം മുഴുവൻ സുഖം പകരാനായി സ്നേഹദീപമേ മിഴി തുറക്കൂ", "നിന്റെ മിഴികൾ നീലമിഴികൾ" (സ്നേഹദീപമേ മിഴി തുറക്കൂ) "വിണ്ണിലിരുന്നുറങ്ങുന്ന ദൈവമോ", "സഖീകുങ്കുമമോ നവയൗവ്വനമോ" (മൂന്നു പൂക്കൾ) സുന്ദരരാവിൻ ചന്ദനമുകിലിൽ", "കൊച്ചിളം കാറ്റേ", (കൊച്ചനിയത്തി) "അമരാപുരിയിലെ" (അരയന്നം) "മകരകൊയ്ത്ത്" (അഗ്നിപർവതം) തുടങ്ങിയവയെല്ലാം ഓർമയിൽ പുകൾപെറ്റ ഗാനങ്ങളാണ്.

എസ്. ജാനകിയുടെ വോക്കൽ റേഞ്ച് ശരിക്കും പ്രയോജനപ്പെടുത്തിയത് പുകഴേന്തിയാണ്. ചിട്ടപ്പെടുത്തിയവയിൽ ഏറെയും ആലപിച്ചതും ജാനകി തന്നെ. ഏത് ഭാവവും അനായാസമായി ആവിഷ്കരിക്കാൻ കഴിവുള്ള ജാനകിയുടെ ആലാപന വൈശിഷ്ട്യത്തെ പറ്റി പല അഭിമുഖങ്ങ

ളിലും പുകഴേന്തി പരാമർശിക്കുക പതിവായിരുന്നു. കൊച്ചനിയത്തിയിലെ "സുന്ദരരാവിൻ ചന്ദനമുകിലിൽ മന്ത്രങ്ങളെഴുതും ചന്ദ്രികേ" എന്ന ഗാനത്തിലെ അനുരാഗത്തിന്റെ ആദ്യനൊമ്പരങ്ങൾ ഭാവാത്മകമായി, അതും അനായാസമായി ജാനകി പ്രതിഫലിപ്പിച്ചത് തന്നെ അത്ഭുതപ്പെടുത്തിയെന്നു പുകഴേന്തി ഒരിക്കൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

തെന്നിന്ത്യയിലെ പ്രശസ്ത സംഗീത സംവിധായകൻ കെ.വി. മഹാദേവന്റെ ശിഷ്യത്വം സ്വീകരിച്ച പുകഴേന്തി അവസാനം വരെയും അദ്ദേഹത്തിന്റെ തണലിൽ നില്ക്കാനാണ് ആഗ്രഹിച്ചത്. ചലച്ചിത്ര രംഗത്തെ അപൂർവമായ ഒരു ആത്മബന്ധം അരനൂറ്റാണ്ട് കാലം, ഗുരുവിനോടൊപ്പം നിന്ന ഒരു ശിഷ്യനെയും സംഗീതലോകത്ത് കണ്ടെത്താനാവില്ല.

സംഗീതരംഗത്ത് പുതിയ അംഗങ്ങൾ ഉദയം ചെയ്തപ്പോൾ പുകഴേന്തി പതുക്കെ പിന്മാറി, അകന്നു നില്ക്കുകയായിരുന്നു. എന്നിരുന്നാലും പുതിയ സമ്പ്രദായങ്ങളെ ഒന്നും തന്നെ അദ്ദേഹം എതിർത്തിരുന്നില്ല. മറിച്ച് മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിയണം എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. മലയാള സിനിമയിലെ പാശ്ചാത്യവത്കരണത്തെയും പുകഴേന്തി എതിർത്തിരുന്നില്ല. പാശ്ചാത്യസംഗീതം പുകഴേന്തിയെയും സ്വാധീനിച്ചിട്ടുണ്ട്. തനി വെസ്റ്റേൺ ശൈലിയിൽ അദ്ദേഹം ഗാനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. "നാടകം തീർന്നു ശൂന്യമീ വേളയിൽ" എന്ന ഗാനത്തിന് പാശ്ചാത്യ സംഗീതജ്ഞനായ ഡോക്ടർ ഷിവാഗോവിന്റെ മ്യൂസിക് ഉപയോഗിച്ചിട്ടുണ്ട് എന്ന് അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്. ശാസ്ത്രീയ സംഗീത പാടവം വിളിച്ചോതുന്ന ഗാനങ്ങൾക്കിടയിലും ഇത്തരം ഗാനങ്ങളും ശ്രോതാക്കൾ ഇഷ്ടപ്പെട്ടു. എസ്. ജാനകി ആലപിച്ച "മദ്ധ്യാഹ്നസുന്ദര സ്വപ്നത്തിൽ ഞാനൊരു ചിത്രശലഭമായി പറന്നുവന്നു" എന്ന ഗാനവും പാശ്ചാത്യശൈലിയിൽ ചിട്ടപ്പെടുത്തിയതാണ്.

സിനിമയിൽ നിന്നു വിട്ടതിനു ശേഷവും കാസറ്റുകൾക്കും പുരാണകഥയെ ആസ്പദമാക്കി നിർമിച്ച തെലുങ്ക് ടെലി സീരിയലുകൾക്കും പുകഴേന്തി സംഗീതം നിർവഹിച്ചിട്ടുണ്ട്. സിനിമയ്ക്ക് നൽകിയ സമഗ്ര സംഭാവനകളെ മുൻനിർത്തി, തമിഴ്നാട് സർക്കാർ 2004-ൽ അദ്ദേഹത്തിനു കലൈമാമണിപട്ടം നല്കി ആദരിച്ചിരുന്നു. ഏറ്റവു മൊടുവിൽ സുനാമി ദുരന്തത്തെക്കുറിച്ചുള്ള ഒരു ഹ്രസ്വചിത്രത്തിനായിരുന്നു സംഗീതം നല്കിയത്.

പുകഴേന്തിയുടെ ഈണങ്ങൾ ഇന്നും ഗോപുരമുകളിൽ തന്നെ. അദ്ദേഹം വിട പറഞ്ഞെങ്കിലും അദ്ദേഹത്തിന്റെ ഗാനങ്ങൾ നറു നിലാവ് പോലെ, തൂവൽസ്പർശം പോലെ ശ്രോതാക്കളെ തഴുകി ഉണർത്താനെത്തും. ■

# വിദ്യാഭ്യാസമേഖല

എ. പ്രഭാകരൻ

ഏറ്റവും അധികം ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് വിദ്യാഭ്യാസം. മിക്കപ്പോഴും കൂർത്ത വിമർശനശരങ്ങൾ തൊടുത്തുവിട്ട് ആക്ഷേപിക്കാനാണ് പലർക്കും താത്പര്യം. എന്താണ് ഇത്രയും കഠിനമായി നിരന്തര ആഘാതത്തിന് പാത്രമാകാൻ വിദ്യാഭ്യാസരംഗത്തെ വിശേഷിച്ചും പഠിക്കലും പഠിപ്പിക്കലും ചെയ്ത കുറ്റം? സമൂഹത്തിൽ ഇന്നുവരെ വന്നുചേർന്നിട്ടുള്ള അപചയങ്ങളുടെ ഉത്തരവാദിത്തം തലമുറകളുടെ വിദ്യാഭ്യാസ പ്രക്രിയയുടെ മേലാണ് ചാരുക. ഈ രംഗം എങ്ങനെ മാറണം എന്നു ചിന്തിക്കുന്നതാണ് ഇവിടെ അഭികാമ്യം.

### ലക്ഷ്യം പ്രസക്തം

പല നിർവചനങ്ങളും വിദ്യാഭ്യാസത്തിനുണ്ടായിട്ടുണ്ട്. ഇന്ത്യയിൽ നമ്മുടെ വിദ്യാഭ്യാസ രംഗം കൂടുതൽ മികവുള്ളതാക്കാൻ നിരവധി കമ്മീഷനുകൾ സൃഷ്ടിക്കപ്പെട്ടപ്പോഴൊക്കെ ആകർഷകങ്ങളായ നിരവധി വ്യാഖ്യാനങ്ങൾ രംഗപ്രവേശം ചെയ്തിട്ടുണ്ടല്ലോ. എങ്കിലും ഇവിടെ മാറാതെ നില്ക്കുന്ന ഒന്നാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. കാലാതിവർത്തിയാണത്. സ്വതന്ത്രമായി അറിവ് തേടുക, ആ അറിവു വഴി ജീവിതത്തിന് ഒരു വഴിയൊരുക്കി, പ്രാപ്തിയോടെ ഫലവത്തായി ജീവിക്കുക. പ്രസക്തമാണ് ഈ ലക്ഷ്യം. പ്രാപ്തി എന്നു വിവക്ഷിക്കുന്നതുതന്നെ മെച്ചപ്പെട്ട സാമൂഹികജീവിതത്തിനാവശ്യമായ ശേഷിയും ധാരണയും മൂല്യവും ആണ്. ഇതൊക്കെ ലക്ഷ്യംവച്ചുകൊണ്ടാണ് നമ്മുടെ നാട്ടിൽ വിദ്യാഭ്യാസ രംഗത്തു പ്രവർത്തനം നടക്കുന്നതെങ്കിലും കാലം ആവശ്യപ്പെടുന്ന മാറ്റം ഉൾക്കൊള്ളാൻ തയ്യാറാകേണ്ടതുണ്ട്. പുതിയ പ്രവണതകൾക്കുനേരെ പുറംതിരിഞ്ഞു നടന്നാൽ ഭാവി സമൂഹത്തിൽ

> **വിദ്യാഭ്യാസം നിരവധി നിർവചനങ്ങൾക്ക് വിധേയമായിട്ടുണ്ടെങ്കിലും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് എന്നും ഏകാഭിപ്രായം തന്നെയാണ്. സ്വതന്ത്രമായ അറിവുനേടി, ആ അറിവുവഴി പ്രാപ്തിയോടെ ജീവിതം നയിക്കുക എന്ന ഈ ലക്ഷ്യം കാലാതിവർത്തിയാണ്. അതിനാൽ പുതിയ പ്രവണതകൾക്കു നേരെ പുറം തിരിഞ്ഞു പോകാതെ അത് ഉൾക്കൊള്ളുകയാണ് വിദ്യാഭ്യാസത്തിന്റെ ധർമം.**

വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ധർമം നിർവഹിക്കാൻ പറ്റുകയില്ല. ഇന്ന് ഈ രംഗത്ത് നടക്കുന്ന പരിഷ്കാരങ്ങൾ അനിഷേധ്യമാണ്. സമൂഹം അതുമായി വേഗത്തിൽ പൊരുത്തപ്പെടേണ്ടതുണ്ട്.

### അറിവ് ചുറ്റും

വിദ്യാഭ്യാസരംഗത്തെ നൂതനപ്രവണതകൾ എന്നു സൂചിപ്പിക്കുമ്പോൾ തന്നെ പഴഞ്ചൻരീതികൾ ഇനിയുള്ള കാലത്തിനു ചേരില്ല എന്ന് വ്യക്തമാണ്. അധ്യാപനത്തിലും അധ്യയനത്തിലും കിന്റർഗാർട്ടൻ മുതൽ ബിരുദാനന്തരതലം വരെ സ്ഥായിയായ മാറ്റം പ്രതീക്ഷിക്കുകയാണ്. ആധുനിക സമൂഹത്തിൽ പൊരുത്തപ്പെട്ടു ജീവിക്കാനും ഒരു വ്യക്തിയെന്ന നിലയിൽ ഫലവത്തായി പ്രവർത്തിക്കാനും വിദ്യാർത്ഥികളെ ഒരുക്കാൻ പുതിയ അധ്യാപനരീതി കൈക്കൊള്ളേണ്ടതുണ്ട്. അതുപോലെതന്നെ ഒരു പുസ്തകം ചൊല്ലിപ്പഠിപ്പിച്ചതുകൊണ്ട് എല്ലാ അറിവും ലഭ്യമായി എന്ന ധാരണയും കടപുഴകി. തുറന്ന ഒരു ലോകം! അതാണ് ഇന്നത്തെ വിദ്യാർത്ഥിയുടെ മുമ്പിലുള്ളത്. അറിവുകൾ സ്വാംശീകരിച്ച് മതിവരാത്തവനാണ് അവൻ. വേണ്ടത്ര അറിവ് സ്വീകരിച്ച് അത് അവന് നല്കാൻ കഴിയാത്ത അധ്യാപകൻ പരാജിതനാകുന്നു. അപ്പോൾ ലോകത്തെ ഇന്ന് കയ്യിലിട്ട് അമ്മാനമാടുന്ന സാങ്കേതികമണ്ഡലത്തിന്റെ കൂട്ടുപിടിക്കാൻ വിദ്യ നൽകുന്ന ആളും, വിദ്യ സ്വീകരിക്കുന്ന ആളും മത്സരിച്ചു ശ്രമിക്കുന്ന കാഴ്ച കാണാം. എന്തു ചെയ്യണം, എന്തു ചെയ്തുകൂട എന്നു നിർദേശിക്കാൻ അനുയോജ്യമായ വിദ്യാഭ്യാസ മാനേജ്മെന്റാണ് ഇവിടെ പ്രധാനം. പുതിയ സാങ്കേതിക വിജ്ഞാനത്തിന്റെ ചുവടുപിടിച്ച് പഠിക്കാനും പഠിപ്പിക്കാനും യുക്തിഭദ്രമായ ഒരു സംവിധാനമാണ് ആവശ്യം. വിദ്യാഭ്യാസ സാങ്കേതിക വിദ്യ അഥവാ എഡ്യൂക്കേഷണൽ ടെക്നോളജി ആണ് ഇവിടെ സഹായത്തിനെത്തുക. വികസിതരാജ്യങ്ങളിൽ എല്ലാം നാലു ചുവരുള്ള ക്ലാസ്സുമുറിയും ചൂരൽവടിയേന്തി, തുറിച്ചു നോക്കി അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്ന അധ്യാപകന്റെ ചിത്രവും മങ്ങിപ്പോയിട്ട് ദശകങ്ങൾ കഴിഞ്ഞു. അധ്യാപകൻ പുതിയ സിദ്ധാന്തമനുസരിച്ച് ഒരു മാർഗദർശകൻ

ളിലും പുകഴേന്തി പരാമർശിക്കുക പതിവായിരുന്നു. കൊച്ചനിയത്തിയിലെ "സുന്ദരരാവിൻ ചന്ദനമുകിലിൽ മന്ത്രങ്ങളെഴുതും ചന്ദ്രികേ" എന്ന ഗാനത്തിലെ അനുരാഗത്തിന്റെ ആദ്യനൊമ്പരങ്ങൾ ഭാവാത്മകമായി, അതും അനായാസമായി ജാനകി പ്രതിഫലിപ്പിച്ചത് തന്നെ അത്ഭുതപ്പെടുത്തിയെന്നു പുകഴേന്തി ഒരിക്കൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

തെന്നിന്ത്യയിലെ പ്രശസ്ത സംഗീത സംവിധായകൻ കെ.വി. മഹാദേവന്റെ ശിഷ്യത്വം സ്വീകരിച്ച പുകഴേന്തി അവസാനം വരെയും അദ്ദേഹത്തിന്റെ തണലിൽ നില്ക്കാനാണ് ആഗ്രഹിച്ചത്. ചലച്ചിത്ര രംഗത്തെ അപൂർവമായ ഒരു ആത്മബന്ധം അരനൂറ്റാണ്ട് കാലം, ഗുരുവിനോടൊപ്പം നിന്ന ഒരു ശിഷ്യനെയും സംഗീതലോകത്ത് കണ്ടെത്താനാവില്ല.

സംഗീതരംഗത്ത് പുതിയ അംഗങ്ങൾ ഉദയം ചെയ്തപ്പോൾ പുകഴേന്തി പതുക്കെ പിന്മാറി, അകന്നു നില്ക്കുകയായിരുന്നു. എന്നിരുന്നാലും പുതിയ സമ്പ്രദായങ്ങളെ ഒന്നും തന്നെ അദ്ദേഹം എതിർത്തിരുന്നില്ല. മറിച്ച് മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിയണം എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. മലയാള സിനിമയിലെ പാശ്ചാത്യവത്കരണത്തെയും പുകഴേന്തി എതിർത്തിരുന്നില്ല. പാശ്ചാത്യസംഗീതം പുകഴേന്തിയെയും സ്വാധീനിച്ചിട്ടുണ്ട്. തനി വെസ്റ്റേൺ ശൈലിയിൽ അദ്ദേഹം ഗാനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. "നാടകം തീർന്നു ശൂന്യമീ വേളയിൽ" എന്ന ഗാനത്തിന് പാശ്ചാത്യ സംഗീതജ്ഞനായ ഡോക്ടർ ഷിവാഗോവിന്റെ മ്യൂസിക് ഉപയോഗിച്ചിട്ടുണ്ട് എന്ന് അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്. ശാസ്ത്രീയ സംഗീതപാടവം വിളിച്ചോതുന്ന ഗാനങ്ങൾക്കിടയിലും ഇത്തരം ഗാനങ്ങളും ശ്രോതാക്കൾ ഇഷ്ടപ്പെട്ടു. എസ്. ജാനകി ആലപിച്ച "മദ്ധ്യാഹ്നസുന്ദര സ്വപ്നത്തിൽ ഞാനൊരു ചിത്രശലഭമായി പറന്നുവന്നു" എന്ന ഗാനവും പാശ്ചാത്യശൈലിയിൽ ചിട്ടപ്പെടുത്തിയതാണ്.

സിനിമയിൽ നിന്നു വിട്ടതിനു ശേഷവും കാസറ്റുകൾക്കും പുരാണകഥയെ ആസ്പദമാക്കി നിർമിച്ച തെലുങ്ക് ടെലി സീരിയലുകൾക്കും പുകഴേന്തി സംഗീതം നിർവഹിച്ചിട്ടുണ്ട്. സിനിമയ്ക്ക് നൽകിയ സമഗ്ര സംഭാവനകളെ മുൻനിർത്തി, തമിഴ്നാട് സർക്കാർ 2004-ൽ അദ്ദേഹത്തിനു കലൈമാമണിപട്ടം നല്കി ആദരിച്ചിരുന്നു. ഏറ്റവു മൊടുവിൽ സുനാമി ദുരന്തത്തെക്കുറിച്ചുള്ള ഒരു ഹ്രസ്വചിത്രത്തിനായിരുന്നു സംഗീതം നല്കിയത്.

പുകഴേന്തിയുടെ ഈണങ്ങൾ ഇന്നും ഗോപുരമുകളിൽ തന്നെ. അദ്ദേഹം വിട പറഞ്ഞെങ്കിലും അദ്ദേഹത്തിന്റെ ഗാനങ്ങൾ നറു നിലാവ് പോലെ, തൂവൽസ്പർശം പോലെ ശ്രോതാക്കളെ തഴുകി ഉണർത്താനെത്തും. ■

# വിദ്യാഭ്യാസമേഖല

**എ. പ്രഭാകരൻ**

ഏറ്റവും അധികം ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് വിദ്യാഭ്യാസം. മിക്കപ്പോഴും കൂർത്ത വിമർശനശരങ്ങൾ തൊടുത്തുവിട്ട് ആക്ഷേപിക്കാനാണ് പലർക്കും താത്പര്യം. എന്താണ് ഇത്രയും കഠിനമായി നിരന്തര ആഘാതത്തിന് പാത്രമാകാൻ വിദ്യാഭ്യാസരംഗത്തെ വിശേഷിച്ചും പഠിക്കലും പഠിപ്പിക്കലും ചെയ്ത കുറ്റം? സമൂഹത്തിൽ ഇന്നുവരെ വന്നുചേർന്നിട്ടുള്ള അപചയങ്ങളുടെ ഉത്തരവാദിത്തം തലമുറകളുടെ വിദ്യാഭ്യാസ പ്രക്രിയയുടെ മേലാണ് ചാരുക. ഈ രംഗം എങ്ങനെ മാറണം എന്നു ചിന്തിക്കുന്നതാണ് ഇവിടെ അഭികാമ്യം.

## ലക്ഷ്യം പ്രസക്തം

പല നിർവചനങ്ങളും വിദ്യാഭ്യാസത്തിനുണ്ടായിട്ടുണ്ട്. ഇന്ത്യയിൽ നമ്മുടെ വിദ്യാഭ്യാസ രംഗം കൂടുതൽ മികവുള്ളതാക്കാൻ നിരവധി കമ്മീഷനുകൾ സൃഷ്ടിക്കപ്പെട്ടപ്പോഴൊക്കെ ആകർഷകങ്ങളായ നിരവധി വ്യാഖ്യാനങ്ങൾ രംഗപ്രവേശം ചെയ്തിട്ടുണ്ടല്ലോ. എങ്കിലും ഇവിടെ മാറാതെ നില്ക്കുന്ന ഒന്നാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. കാലാതിവർത്തിയാണത്. സ്വതന്ത്രമായി അറിവ് തേടുക, ആ അറിവു വഴി ജീവിതത്തിന് ഒരു വഴിയൊരുക്കി, പ്രാപ്തിയോടെ ഫലവത്തായി ജീവിക്കുക. പ്രസക്തമാണ് ഈ ലക്ഷ്യം. പ്രാപ്തി എന്നു വിവക്ഷിക്കുന്നതുതന്നെ മെച്ചപ്പെട്ട സാമൂഹികജീവിതത്തിനാവശ്യമായ ശേഷിയും ധാരണയും മൂല്യവും ആണ്. ഇതൊക്കെ ലക്ഷ്യംവച്ചുകൊണ്ടാണ് നമ്മുടെ നാട്ടിൽ വിദ്യാഭ്യാസ രംഗത്തു പ്രവർത്തനം നടക്കുന്നതെങ്കിലും കാലം ആവശ്യപ്പെടുന്ന മാറ്റം ഉൾക്കൊള്ളാൻ തയ്യാറാകേണ്ടതുണ്ട്. പുതിയ പ്രവണതകൾക്കുനേരെ പുറംതിരിഞ്ഞു നടന്നാൽ ഭാവി സമൂഹത്തിൽ

> **വിദ്യാഭ്യാസം നിരവധി നിർവചനങ്ങൾക്ക് വിധേയമായിട്ടുണ്ടെങ്കിലും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് എന്നും ഏകാഭിപ്രായം തന്നെയാണ്. സ്വതന്ത്രമായ അറിവുനേടി, ആ അറിവുവഴി പ്രാപ്തിയോടെ ജീവിതം നയിക്കുക എന്ന ഈ ലക്ഷ്യം കാലാതിവർത്തിയാണ്. അതിനാൽ പുതിയ പ്രവണതകൾക്കു നേരെ പുറം തിരിഞ്ഞു പോകാതെ അത് ഉൾക്കൊള്ളുകയാണ് വിദ്യാഭ്യാസത്തിന്റെ ധർമം.**

വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ധർമം നിർവഹിക്കാൻ പറ്റുകയില്ല. ഇന്ന് ഈ രംഗത്ത് നടക്കുന്ന പരിഷ്കാരങ്ങൾ അനിഷേധ്യമാണ്. സമൂഹം അതുമായി വേഗത്തിൽ പൊരുത്തപ്പെടേണ്ടതുണ്ട്.

## അറിവ് ചുറ്റും

വിദ്യാഭ്യാസരംഗത്തെ നൂതനപ്രവണതകൾ എന്നു സൂചിപ്പിക്കുമ്പോൾ തന്നെ പഴഞ്ചൻരീതികൾ ഇനിയുള്ള കാലത്തിനു ചേരില്ല എന്ന് വ്യക്തമാണ്. അധ്യാപനത്തിലും അധ്യയനത്തിലും കിന്റർഗാർട്ടൻ മുതൽ ബിരുദാനന്തരതലം വരെ സ്ഥായിയായ മാറ്റം പ്രതീക്ഷിക്കുകയാണ്. ആധുനിക സമൂഹത്തിൽ പൊരുത്തപ്പെട്ടു ജീവിക്കാനും ഒരു വ്യക്തിയെന്ന നിലയിൽ ഫലവത്തായി പ്രവർത്തിക്കാനും വിദ്യാർത്ഥികളെ ഒരുക്കാൻ പുതിയ അധ്യാപനരീതി കൈക്കൊള്ളേണ്ടതുണ്ട്. അതുപോലെതന്നെ ഒരു പുസ്തകം ചൊല്ലിപ്പഠിപ്പിച്ചതുകൊണ്ട് എല്ലാ അറിവും ലഭ്യമായി എന്ന ധാരണയും കടപുഴകി. തുറന്ന ഒരു ലോകം! അതാണ് ഇന്നത്തെ വിദ്യാർത്ഥിയുടെ മുമ്പിലുള്ളത്. അറിവുകൾ സ്വാംശീകരിച്ച് മതിവരാത്തവനാണ് അവൻ. വേണ്ടത്ര അറിവ് സ്വീകരിച്ച് അത് അവന് നല്കാൻ കഴിയാത്ത അധ്യാപകൻ പരാജിതനാകുന്നു. അപ്പോൾ ലോകത്തെ ഇന്ന് കയ്യിലിട്ട് അമ്മാനമാടുന്ന സാങ്കേതികമണ്ഡലത്തിന്റെ കൂട്ടുപിടിക്കാൻ വിദ്യ നൽകുന്ന ആളും, വിദ്യ സ്വീകരിക്കുന്ന ആളും മത്സരിച്ചു ശ്രമിക്കുന്ന കാഴ്ച കാണാം. എന്തു ചെയ്യണം, എന്തു ചെയ്തുകൂട എന്നു നിർദേശിക്കാൻ അനുയോജ്യമായ വിദ്യാഭ്യാസ മാനേജ്മെന്റാണ് ഇവിടെ പ്രധാനം. പുതിയ സാങ്കേതിക വിജ്ഞാനത്തിന്റെ ചുവടുപിടിച്ച് പഠിക്കാനും പഠിപ്പിക്കാനും യുക്തിഭദ്രമായ ഒരു സംവിധാനമാണ് ആവശ്യം. വിദ്യാഭ്യാസ സാങ്കേതിക വിദ്യ അഥവാ എഡ്യൂക്കേഷണൽ ടെക്നോളജി ആണ് ഇവിടെ സഹായത്തിനെത്തുക. വികസിതരാജ്യങ്ങളിൽ എല്ലാം നാലു ചുവരുള്ള ക്ലാസ്സുമുറിയും ചൂരൽവടിയേന്തി, തുറിച്ചു നോക്കി അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്ന അധ്യാപകന്റെ ചിത്രവും മങ്ങിപ്പോയിട്ട് ദശകങ്ങൾ കഴിഞ്ഞു. അധ്യാപകൻ പുതിയ സിദ്ധാന്തമനുസരിച്ച് ഒരു മാർഗദർശകൻ

# യും മാറുന്ന പ്രവണതകളും

മാത്രമാണ്. ബോധനതന്ത്രത്തിന്റെ നൂതനധാരകൾ അദ്ദേഹത്തിന്റെ മനോധർമ്മം അനുസരിച്ച് രംഗത്ത് വരണം. കുട്ടിയെ കേന്ദ്രീകരിച്ച അഭ്യസനമാണ് വേണ്ടതും. നമ്മുടെ നാട്ടിലും വൈകിയെങ്കിലും ഈ വക മാറ്റങ്ങൾക്ക് പശ്ചാത്തലമൊരുങ്ങിക്കൊണ്ടിരിക്കുകയാണ്.

**ദൃശ്യപരിപാടികൾ ഉൾക്കാഴ്ച നൽകും**

കേരളത്തിൽ നിരവധി പ്രത്യേക സാഹചര്യങ്ങളുണ്ട്. 12330 സ്കൂളുകളിലായി അരക്കോടിയിലേറെ വിദ്യാർത്ഥികളെ 184879 അധ്യാപകർ പഠിപ്പിക്കുന്നു. ജനസംഖ്യയുടെ ഇരുപതു ശതമാനത്തോളം സ്കൂളുകളിലാണ്. ഇവിടെ ഒറ്റയടിക്ക് സാമൂഹികമാറ്റം വരുത്താൻ സ്കൂളുകളിൽ തീവ്രയത്നപദ്ധതി നടപ്പിലാക്കിയാൽ മതി. ക്ലാസ്മുറിയെ സാങ്കേതികവത്കരിക്കണം ണശാലയിൽ എല്ലാവരും ശിഷ്യപ്പെടാൻ ആഗ്രഹിക്കുന്ന കേമനായ ഒരു അധ്യാപകൻ നൽകുന്ന ക്ലാസ് ടെലിവിഷനിൽ തത്സമയം സംപ്രേക്ഷണം ചെയ്യുന്ന പരിപാടി വഴിയോ ഒരു വിദ്യാഭ്യാസവീഡിയോ കാസറ്റുപയോഗിച്ചോ, ഒരു വി. സി.ഡി. ഉപയോഗിച്ചോ കുട്ടികൾക്ക് ക്ലാസ്മുറിയിൽ തന്നെ കാണിച്ചുകൊടുത്താൽ ആ പാഠം കൈകാര്യം ചെയ്യുന്ന അധ്യാപകൻ ഒരു Facilitator ആയി വർത്തിച്ചാൽ മതി. ആധുനിക ശബ്ദശ്രവ്യ- കമ്പ്യൂട്ടർ മൾട്ടിമീഡിയ സങ്കേതം ഉപയോഗിച്ചു പഠിപ്പിക്കാനും, ഉൾക്കൊള്ളാനും തക്ക വഴക്കം കരിക്കുലത്തിനും ആവശ്യമാണ്. എന്നാൽ പഠനം വളരെ വിജ്ഞാനപ്രദവും രചനാത്മകവും രസകരവുമാക്കാൻ വിദ്യാഭ്യാസ സാങ്കേതിക വിദ്യയ്ക്ക് കഴിയും.

സംബന്ധിച്ച് സൂചിപ്പിച്ചു എന്നുമാത്രം. ഇതുപോലെ വരാനിരിക്കുന്ന നാളുകളിൽ ലോകം ചുരുങ്ങി ഒരു ചെറിയ ഗോളമാണെന്നു തോന്നിക്കുന്ന രീതിയിലുള്ള കമ്മ്യൂണിക്കേഷൻ-കമ്പ്യൂട്ടർ സമന്വയമാണ് ഉരുത്തിരിയുന്നത്. കാലവും സ്ഥലവും കീഴടക്കിക്കൊണ്ട് വിദ്യാഭ്യാസത്തിന്റെ സജീവരംഗമാകുകയാണ് ഇൻഫർമേഷൻ ടെക്നോളജി. ലോകത്തെ മാറ്റങ്ങൾക്കൊപ്പം ഓടിയില്ലെങ്കിൽ നാം പിന്നിലായിപ്പോകും എന്ന് നാം ഇപ്പോൾ മനസ്സിലാക്കിയത് എന്തു കൊണ്ടും നല്ലതാണ്. ചോക്കും ബ്ലാക്ക്ബോർഡും മഞ്ചാടിക്കുരുവും വളപ്പൊട്ടും പരിഷ്കൃതമായ സ്ലൈഡ്, മോഡലുകൾ, പ്രൊജക്ടർ, റേഡിയോ, ടേപ്റിക്കാർഡർ, ടി.വി., വീഡിയോ, കമ്പ്യൂട്ടർ മൾട്ടിമീഡിയ, കോംപാക്റ്റ്



എന്നൊക്കെ ടെക്നോളജിമൗലികവാദികളെപ്പോലെ നിഷ്കർഷിച്ചിട്ടു കാര്യമില്ല. നമ്മുടെ വിഭവലഭ്യതയെയും, സാമൂഹിക പരമാർത്ഥങ്ങളെയും തൊട്ടറിഞ്ഞുവേണം ഈ വഴിക്കു ചിന്തിക്കാൻ. അത്തരം ഒരു ശ്രമത്തിന്റെ ഭാഗമായാണ് കേരളത്തിൽ എഡ്യൂക്കേഷണൽ ടെക്നോളജിയുടെ പ്രാരംഭം കുറിച്ചത്. ഇവിടെ കഴിഞ്ഞ 15 വർഷമായി ശ്രമം നടത്താതിരുന്ന ഒരു മേഖലയുണ്ട്. ദൃശ്യപരിപാടികളിലൂടെ കുട്ടികൾക്ക് അവരുടെ വിഷയങ്ങളെ പരിചയപ്പെടുത്തിക്കൊടുക്കുന്ന മേഖല. ഒറ്റപ്പെട്ട പല ശ്രമങ്ങളും നടന്നുകാണാം. എന്തു കൊണ്ട് ദൃശ്യപരിപാടി പ്രാധാന്യം അർഹിക്കുന്നു? വിദ്യാഭ്യാസ സിദ്ധാന്തമനുസരിച്ചുതന്നെ കാണുക എന്നാൽ വിശ്വസിക്കുക (Seeing is believing) ആണ്. ചൈനീസ് മൊഴി സൂചിപ്പിച്ചതു പോലെ ഒരു ചിത്രത്തിന് ആയിരം വാക്കുകളുടെ കരുത്താണ്. കുട്ടികൾക്ക് ഒരിക്കലും സ്വപ്നം കാണാൻ കഴിയാത്ത ഒന്നാംതരം ഒരു പരീക്ഷ

**കാലത്തെയും സ്ഥലത്തെയും കീഴടക്കാൻ**

കേരളത്തിൽ ഇന്ന് റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ തുടങ്ങിയ സാമഗ്രികൾ പുതുമയുള്ളതല്ല. അവ സ്കൂളിലും വീട്ടിലും വിദ്യാഭ്യാസാവശ്യത്തിന് പ്രയോജനപ്പെടുത്തുകയാണ് അടിയന്തരമായി ചെയ്യേണ്ടത്. ടെലിവിഷനിൽ കാണുന്ന വിദ്യാഭ്യാസപരിപാടികൾ കുട്ടികൾക്ക് ലഭ്യമാക്കേണ്ടത് മുതിർന്നവരാണ്. സ്കൂളുകളിലെ പി.ടി.എയ്ക്ക് ഇത്തരം സാമഗ്രികൾ ലഭ്യമാക്കാൻ സാധിക്കണം. വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ ലക്ഷ്യമാക്കിയുള്ള പുതിയ മാറ്റങ്ങൾ സമൂഹത്തെക്കൊണ്ട് അംഗീകരിപ്പിക്കാൻ ഗവൺമെന്റ് തലത്തിൽ ക്രിയാത്മകമായ നീക്കങ്ങൾ ഉണ്ടായാൽ ഇന്നത്തെ വിദ്യാർത്ഥിസമൂഹത്തിലൂടെ ഇനി വരാൻ പോകുന്ന തലമുറ അവരുടെ ജീവിതചര്യയായി ഈ പുതുമയെ മാറ്റും. സമൂഹം പുതിയ മൂല്യങ്ങൾ സ്വായത്തമാക്കുന്നത് അത്തരത്തിലാണല്ലോ. വിദ്യാഭ്യാസ വീഡിയോയുടെ ഇടപെടൽ

ഡിസ്ക്, ഇന്റർനെറ്റ് എന്നിവയ്ക്ക് വഴി മാറിയപ്പോൾ പഴയതിലും ഫലവത്തായ പഠനാനുഭവമാണ് ഉണ്ടായത്. സാഹചര്യത്തിന് അനുസൃതമായി ഈ സാങ്കേതിക ഉപാധികൾ വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമായി മാറുകയാണെങ്കിൽ അധ്യാപകനും വിദ്യാർത്ഥിക്കും നവീനമായ ഉൾക്കാഴ്ച കിട്ടുമെന്നുറപ്പാണ്. കേരളത്തിൽ സ്ഥാപിതമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി വഴി പ്രാരംഭനടപടിയെന്ന നിലയിൽ വിദ്യാഭ്യാസ വീഡിയോ നിർമാണ-വിതരണത്തോടൊപ്പം ക്ലാസ്മുറിയിലെ പ്രവർത്തനങ്ങളെ സാർവത്രികമായും സ്വാധീനിക്കുന്ന മറ്റു സാങ്കേതങ്ങളും വികസിപ്പിക്കേണ്ടതുണ്ട്. ടെക്നോളജിയുടെ ഉപയോഗത്തിലൂടെ വിദ്യാഭ്യാസത്തിൽ മൗലികമായ മാറ്റം സംഭവിക്കും. വിദ്യാഭ്യാസരംഗത്തു സംഭവിക്കുന്ന മാറ്റം ഉടനടി സമൂഹത്തിൽ പ്രചരിക്കും. പ്രത്യേകിച്ച് റേഡിയോ, ടെലിവിഷൻ തുടങ്ങിയ സമ്പർക്ക മാധ്യമങ്ങളുടെ പിന്തുണയോടെയാകുമ്പോൾ.



കലയും അനുഷ്ഠാനവും ഉപാസനയും ഒത്തിണങ്ങിച്ചേരുന്ന ഭാവരൂപാദികളോടെ നൃത്തം, സംഗീതം, വാദ്യം എന്നിവയുടെ മികവിലൂടെ നാടൻ കലാരൂപങ്ങൾ ഏറെ സജീവമാകുകയും ആസ്വാദകർക്കിടയിൽ പ്രിയമേറുകയും ചെയ്യുന്ന കാലമാണിത്. ഒപ്പം നാട്ടറിവിന്റെ വിപുലമായ ശേഖരമായി മാറുന്നു നാടൻ കലാരൂപങ്ങൾ. ഇവയിൽ വർണച്ചേരുവകളാൽ സമൃദ്ധമായ അനുഷ്ഠാന കലാരൂപമാണ് ഉത്തരകേരളത്തിലെ തെയ്യങ്ങൾ. പല തട്ടിലുള്ള ജനസമൂഹങ്ങളെ ഒന്നിപ്പിക്കാനും പലതരത്തിലുള്ള ആചാരാനുഷ്ഠാനങ്ങളെ പ്രകൃതിയുമായി ബന്ധിപ്പിക്കുവാനും ഈ കലാരൂപത്തിന് കഴിയുന്നു.

കലാനിർവഹണത്തിലൂടെയുള്ള ഈശ്വരോപാസനയായി വിശ്വാസികളുടെ മനസ്സിൽ പല രൂപഭാവങ്ങളിൽ പ്രത്യക്ഷപ്പെടുന്ന തെയ്യങ്ങളെ സവർണരും അവർണരും പണ്ടു മുതൽക്കേ ആരാധിച്ചിരുന്നു. കുടുംബത്തിന്റെ അഭിവൃദ്ധിയ്ക്കും കുടുംബാംഗങ്ങളുടെ ആയുരാരോഗ്യത്തിനുമായി തെയ്യത്തിന്റെ അനുഗ്രഹം വാങ്ങുകയും പക്ഷഭേദമെന്യേ തെയ്യം കെട്ടിയാടുകയും ചെയ്യുന്നു.

തെയ്യം പ്രധാനപ്പെട്ട ഒരനുഷ്ഠാന നർത്തനകലകൂടിയാണ്. വിവിധങ്ങളായ തെയ്യങ്ങളും തെയ്യാട്ടവും, കാളി, ഭഗവതി, ചാമുണ്ഡി, ശിവമൂർത്തികൾ, മറ്റ് ദേവതകൾ, പുരാണേതിഹാസ കഥാപാത്രങ്ങളായ ദേവതകൾ, മരിച്ചുപോയ ഉഗ്രപ്രതാപികളായ കാരണവന്മാർ തുടങ്ങി പല സങ്കല്പത്തിലുന്നി സ്നേഹാദരവ് പ്രകടമാക്കുന്ന നിരവധി തെയ്യങ്ങൾ കെട്ടിയാടാറുണ്ട്. ഇവയുടെ വേഷവിധാനത്തിലും രൂപത്തിലും മുഖത്തെഴുത്തിലുമൊക്കെയുള്ള വൈവിധ്യമാണ് ഓരോ തെയ്യത്തെയും വേർതിരിച്ചറിയാൻ സഹായിക്കുന്നത്. തെയ്യം കെട്ടിയാടുന്ന ഓരോ സമുദായക്കാരും വ്യത്യസ്തമായ ചേരുവകളും നിറങ്ങളുമാണ് മുഖത്തെഴുത്തിനുപയോഗിക്കുന്നത്. ചില സമുദായക്കാർ പ്രകൃതിയിൽ നിന്ന് സുലഭമായി കിട്ടുന്ന വസ്തുക്കൾ ചമയത്തിനുപയോഗിക്കുന്നു. മുഖത്തെഴുത്തിന് അരിച്ചാന്ത്, കരി, ചുണ്ണാമ്പ്, മഞ്ഞൾ എന്നിവ മാത്രമാണ് വേലർ തുടങ്ങിയ സമുദായക്കാരുടെ നിറക്കൂട്ട്. ചായില്യം, മനയോല എന്നിവകൊണ്ട് മുഖത്തെഴുതുന്നവരാണ് മലയൻ, വണ്ണാൻ എന്നീ സമുദായക്കാർ. വേഷവിധാനങ്ങളിലും തലയിൽ ഉറപ്പിക്കുന്ന മുടികൾക്കും മറ്റ് അലങ്കാരങ്ങൾക്കുമെല്ലാം ഇത്തരത്തിലുള്ള കാലദേശ-സാമുദായിക വ്യത്യാസങ്ങൾ നേരിയ തോതിൽ കാണാമെങ്കിലും തെയ്യങ്ങളുടെ പൊതുവായ ചട്ടക്കൂട് ഒന്ന് തന്നെ. ഓരോ തെയ്യത്തിന്റെയും പ്രത്യേകതയും പുരാവൃത്തവും വെളിവാകും വിധത്തിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. മുഖത്തെഴുത്ത് ഇവയിൽ മുഖ്യഘടകമാണ്. കഥകളിയുടെ മുഖച്ചമയങ്ങളിൽ നിന്ന് വ്യത്യസ്തമായി രേഖകൾക്ക് കൂടുതൽ പ്രാധാന്യമുള്ള മുഖത്തെഴുത്താണ് തെയ്യങ്ങൾക്കുള്ളത്. ചലനാത്മകമായ ഒരവതരണം, മുഖച്ചമയത്തിലെ ഈ രേഖാചിത്രണത്തിലൂടെ കഴിയുന്നു എന്ന പ്രത്യേകതയും ഇതിനുണ്ട്.



മുഖത്തെഴുത്തിന്റെ നിറങ്ങളുടെ താളലയത്തിന് തെയ്യത്തിന്റെ ആകെക്കൂടിയുള്ള വേഷ/അലങ്കാരങ്ങളും തമ്മിൽ ലയിച്ചു ചേരുന്ന ദൃശ്യാനുഭവമാണ്. തെയ്യത്തിന്റെ മുടികളുടെ നിർമാണത്തിലും മറ്റ് അലങ്കാരങ്ങളിലും പ്രധാനമായും കുരുത്തോലയാണ് ഉപയോഗിക്കുന്നത്. പച്ചയുടെ നിരവധി ഷേഡുകളിലുള്ള കുരുത്തോല തെയ്യങ്ങളുടെ ആകർഷകമായ നിറച്ചാർത്താണ്. ഇളം മഞ്ഞയിൽ നിന്ന് ഇളം പച്ചയിലേക്ക് ലയിച്ചു പോകുന്ന കുരുത്തോലയുടെ നിറം കാഴ്ചയുടെ ശാന്തമായ ആസ്വാദനശേഷി കാണികളിലേക്കെത്തിക്കുന്നു. മുള, കവുങ്ങ് എന്നിവ കൊണ്ടുള്ള ചട്ടക്കൂട്ടിൽ ചുവന്ന പട്ട് പൊതിയുകയും അതിനു ചുറ്റിലുമായി കുരുത്തോല പല രൂപത്തിൽ അലങ്കരിക്കുകയും ചെയ്യുന്നു. കുരുത്തോല കെട്ടി ഒരുക്കുന്നതും വെട്ടിയൊരുക്കുന്നതും ഏറെ ശ്രദ്ധയോടെ ചെയ്യേണ്ട ജോലിയാണ്. ചില മുടികൾ തെച്ചിപ്പൂ, ഇലകൾ, പാള എന്നിവ കൊണ്ടും അലങ്കരിക്കാറുണ്ട്. ഇവിടെ കാഴ്ചയുടെ തീവ്രതയ്ക്കനുസരിച്ച് ചുവപ്പ്, കറുപ്പ്, സ്വർണനിറം, കുരുത്തോലയുടെ പച്ച എന്നീ നിറങ്ങൾ മുടികളിൽ കാണുന്നു. ചില തെയ്യങ്ങളുടെ സ്വഭാവ തീവ്രതയ്ക്കനുസരിച്ച് കത്തിച്ച പന്തവും മുടിയിൽ സ്ഥാനം പിടിക്കാറുണ്ട്.

തെയ്യങ്ങളുടെ രൂപവൈവിധ്യത്തിന് മുഖത്തെഴുത്ത്, മെയ്യെഴുത്ത് ഇവ പ്രധാന ഘടകങ്ങളാണ്. അരിച്ചാന്ത്, മഞ്ഞൾ, കടുംചുവപ്പ്, മഷി, ചായില്യം, മനയോല തുടങ്ങിയവയാണ് മുഖത്തെഴുത്തിനുപയോഗിക്കുന്നത്. തെയ്യത്തിന്റെ കഥാപാത്രങ്ങളുടെ സ്വഭാവത്തിനനുസരിച്ച് എണ്ണയിലും വെള്ളത്തിലും ചായങ്ങൾ ചാലിച്ചെടുക്കാവുന്നതാണ്. എണ്ണ ഉപയോഗിച്ചുള്ള നിറങ്ങൾക്ക് തിളക്കവും ശക്തിയും കൂടും. കുരുത്തോലയിൽ നിന്നുള്ള ഈർക്കിൽ പല കനത്തിൽ



ഭഗവതി
തെയ്യം

ചീകി മിനുക്കിയാണ് വരയ്ക്കാനുള്ള ബ്രഷ് ഉണ്ടാക്കുന്നത്. കനം കൂടിയതും കുറഞ്ഞതുമായ രേഖകൾ വരയ്ക്കാൻ ഇത്തരത്തിലുള്ള ബ്രഷ് ആവശ്യാനുസരണം മുറിച്ചെടുക്കുന്നു. നിറങ്ങളും ബ്രഷ് നിർമാണവുമൊക്കെ തെയ്യം കെട്ടുന്നതോടനുബന്ധിച്ച് അപ്പപ്പോൾ തയ്യാറാക്കിയെടുക്കുന്നവയാണ്. മുഖത്തെഴുത്തിലെ രചനാരീതി പൊതുവെ സിമട്രിക്കലായിട്ടാണ് കാണുന്നത്. വലിയ മുടിത്തെയ്യങ്ങളുടെ മുഖത്തെഴുത്തിനെ പ്രാക്കെഴുത്ത് എന്നാണ് പറയുക. കുറ്റിശംഖും പ്രാക്കും, മാൻകണ്ണും വില്ലുകുറിയും, ഇരട്ട ചുരുളിട്ടെഴുത്ത്, ഹനുമാൻ കണ്ണിട്ടെഴുത്ത്, കൊടും പുരികം വച്ചെഴുത്ത്, വട്ടക്കണ്ണും പുള്ളിയും തുടങ്ങി നിരവധി മുഖത്തെഴുത്തുകളുണ്ട്. കണ്ണിനുചുറ്റും കൊടുക്കുന്ന കറുപ്പുനിറം എല്ലാ തെയ്യങ്ങൾക്കുമുണ്ടെങ്കിലും രൂപത്തിന്റെ പ്രത്യേകതകൾ ഓരോ തെയ്യത്തിന്റെയും സ്വഭാവത്തെയും ശക്തിയെയും വെളിവാക്കുന്നു. കണ്ണിനു ചുറ്റുമുള്ള കറുത്തവരകൾ, ചുണ്ടിലും കവിളിലുമുള്ള വരകൾ, കറുപ്പ്, ചുവപ്പ്, ഓറഞ്ച്, മഞ്ഞ എന്നീ നിറങ്ങളുടെ കൂടിച്ചേരൽ ഇവയൊക്കെ ചേരുമ്പോൾ താൻ ആടുന്ന കഥാപാത്രത്തിന്റെ സ്വഭാവം മുഖത്ത് പ്രകടമാക്കുന്നതിനും അതിന്റെ പ്രസരം കാണികളിലേക്കെത്തിക്കുന്നതിനും കഴിയുന്നു.

മുഖത്തെഴുത്തുപോലെയല്ലെങ്കിലും ചില തെയ്യങ്ങളിൽ മെയ്യെഴുത്തിന് പ്രാധാന്യമുണ്ട്. ആടയാഭരണങ്ങളും വേഷങ്ങളും കുറവുള്ള തെയ്യങ്ങളിലാണ് മെയ്യെഴുത്തിന് പ്രാധാന്യം. മഞ്ഞളും അരിച്ചാന്തും ചുവപ്പും നിറങ്ങൾ ചേർന്നുള്ള മെയ്യെഴുത്തുകളുണ്ട്. മുഖത്തെഴുത്തിനുപയോഗിക്കുന്നതിനെക്കാൾ കട്ടി കൂടിയ രേഖകളാണ് മെയ്യെഴുത്തിൽ കാണാനാവുക. കൈവിരൽ ബ്രഷ് ആയും ചില മെയ്യെഴുത്തുകൾ വരയ്ക്കാറുണ്ട്.

ചിത്രകലയിലെ അടിസ്ഥാനമായ രേഖ, രൂപം, വർണം എന്നീ സങ്കേതങ്ങളുടെ ലളിതമായ വർണപ്രയോഗത്തിലൂടെ തെയ്യം എന്ന അനു

# തെയ്യവും മുഖത്തെഴുത്തും

**കാരയ്ക്കാമണ്ഡപം വിജയകുമാർ**

**ചിത്രകലയുമായി ഏറെ ബന്ധമുണ്ട് തെയ്യത്തിന്റെ മുഖത്തെഴുത്തിന്. രേഖകൾക്ക് കൂടുതൽ പ്രാധാന്യമുള്ള മുഖത്തെഴുത്തിൽ ചലനാത്മകമായ അവതരണം സാദ്ധ്യമാക്കുന്നത് രേഖാചിത്രണത്തിലൂടെയാണ്.**



ഷ്ഠാനകലാരൂപം പൂർണത തേടുമ്പോൾ പ്രകൃതിയൊരുക്കുന്ന പശ്ചാത്തലവും അതിന്റെയൊരു ഭാഗമാകുന്നു. നക്ഷത്രങ്ങൾ തെളിയുന്ന ആകാശത്തിന് കീഴിലെ ഇരുട്ടിൽ ചൂട്ടുകെട്ടിന്റെ ചുവന്ന വെളിച്ചത്തിന്റെയും ചിതറുന്ന കനലുകളുടെയും പശ്ചാത്തലത്തിൽ ആടിത്തിമിർക്കുന്ന തെയ്യം, ചലനാത്മകമായ പെയിന്റിംഗ് പോലെ മനോഹരമാവുന്നു. ഇളകിയാടുന്ന മരക്കൂട്ടങ്ങളും അമ്പലവും നിറയുന്ന ജനാവലിയും ഈ ദൃശ്യത്തിന് കൂടുതൽ വർണാഭയേകുന്നു.

നമ്മുടെ സംസ്കാരവും പാരമ്പര്യവുമായി ബന്ധപ്പെട്ടുള്ള കലാരൂപങ്ങളിലൊക്കെത്തന്നെ മുഖച്ചമയങ്ങൾക്ക് പ്രാധാന്യമുണ്ടെങ്കിലും ചിത്രകലയുമായി ഏറെ താദാത്മ്യം പ്രാപിച്ചു നിൽക്കുന്ന തെയ്യങ്ങൾ പഠനവിധേയമാക്കേണ്ടതും പുതിയ ചിത്രകലാ സങ്കേതങ്ങളിലേക്ക് സ്വാംശീകരിച്ച് ഇവയെ ആവിഷ്കരിക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യവുമാകുന്നു. ◘

# ജൈവകൃഷി നെൽപാടങ്ങളിൽ

ഡോ. എ. കെ. ഷെറീഫ്

**നെൽക്ക്യഷി ലാഭകരമല്ലാത്തതിനാൽ കർഷകർ അതുപേക്ഷിച്ചിരിക്കുകയാണ്. അത്യന്തം അപകടകരമായ അവസ്ഥയിലേക്കാണ് ഇത് കേരളത്തെ നയിക്കുന്നത്. ഉത്പാദനച്ചെലവ് കുറച്ച് കൂടുതൽ ഉത്പാദിപ്പിക്കാൻ കഴിയുന്ന സാങ്കേതിക വിദ്യകളുടെ പ്രസക്തിയും ഇതോടെ വ്യക്തമാവുകയാണ്.**

അരി മുഖ്യ ആഹാരമാക്കിയ കേരളത്തിന്റെ അവസ്ഥ ഖേദകരമാണ്. നാണ്യവിളകളെ അപേക്ഷിച്ച് നെൽക്ക്യഷി ലാഭകരമല്ലാത്തതിനാൽ കർഷകൻ കൂട്ടത്തോടെ ഈ കൃഷിയും പൂർണമായും ഉപേക്ഷിച്ചിരിക്കുകയാണ്. കഴിഞ്ഞ 30 വർഷം കൊണ്ട് 5.4 ലക്ഷം ഹെക്ടർ നെൽപ്പാട വിസ്തൃതി നമുക്ക് നഷ്ടമായിരിക്കുന്നു. പ്രതിദിനം 52 ഹെക്ടർ എന്ന തോതിലാണ് നെൽപ്പാടങ്ങൾ നികത്തുകയോ കുഴിക്കുകയോ തരിശിടുകയോ ചെയ്യപ്പെടുന്നത്. ഈ നില തുടർന്നു പോയാൽ, ഭക്ഷ്യസാധനങ്ങൾക്ക് പൂർണമായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുകയും ഒരു സ്വതന്ത്ര സമൂഹമെന്ന നമ്മുടെ നിലനില്പുപോലും അപകടത്തിലാകും വിധം കാര്യങ്ങൾ ചെന്നെത്തുകയും ചെയ്യും എന്നുള്ളതിന് സംശയമില്ല.

എന്താണ് പോംവഴി? നെല്ലിന്റെ ഉത്പാദനശേഷിയും ഉത്പാദനവും ഇന്നുള്ളതിന്റെ മൂന്നിരട്ടിയെങ്കിലും വർദ്ധിപ്പിക്കുക എന്നതു തന്നെ. തുണ്ടവത്കരിക്കപ്പെട്ട നമ്മുടെ നെൽവയലുകളുടെ അതിർവരമ്പുകൾക്കതീതമായി ഉയർന്നു വരേണ്ട ഒരു കൂട്ടായ്മയിലൂടെ നെൽക്ക്യഷിയുടെ ഉത്പാദനച്ചെലവ് ഗണ്യമായിക്കുറച്ച് കൂടുതൽ ഉത്പാദനം ലഭിക്കുന്ന സാങ്കേതികരീതികൾ അവലംബിക്കുക എന്നുള്ളതാണ് ഏക പോംവഴി. ഇതിനായി ചില മാറ്റങ്ങൾ ആവശ്യമാണ്. കൃഷിക്കാരന്റെ മനോഭാവത്തിലും പരമ്പരാഗത രീതിയിൽ നിന്നും വ്യത്യസ്തമായി നെൽക്ക്യഷി ചെയ്യുന്ന 'മഡഗാസ്കർ സാങ്കേതിക വിദ്യ' ഇതിനിടെ ശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞിരിക്കുന്നു. (SYSTEM OF RICE INTENSIFICATION) എസ്.ആർ.ഐ. (SRI) എന്ന പ്രത്യേക നെല്ലുത്പാദന രീതി ഫാ. ഹെൻട്രി ഡി. ലവ്ലേനി എന്ന വൈദികനാണ് നമുക്ക് പരിചയപ്പെടുത്തുന്നത്. മഡഗാസ്കറിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി നെൽക്ക്യഷിക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ വേണ്ടിയുള്ള സംരംഭത്തിനിടയിൽ അവിടെയുള്ള രണ്ട് കർഷകരുടെ വ്യത്യ



| നം. | സാധാരണ കൃഷിരീതി | മഡഗാസ്ക്കർ കൃഷിരീതി |
|---|---|---|
| 1. | ഏക്കറിന് 40 കി. മുതൽ 60 കി.വരെ വിത്ത് വേണം | ഏക്കറിന് 2 കി. മുതൽ 4 കി. വരെ വിത്ത് മതി |
| 2. | പറിച്ചുനടുന്നത് 25 മുതൽ 60 വരെ ദിവസങ്ങളിൽ | പറിച്ചുനടുന്നത് 7 മുതൽ 15 വരെ ദിവസങ്ങളിൽ |
| 3. | ചിനപ്പുകളുടെ എണ്ണം 15 മുതൽ 40 വരെ | ചിനപ്പുകളുടെ എണ്ണം 40 മുതൽ 80 വരെ |
| 4. | നുരികളുടെ എണ്ണം 15 മുതൽ 40 വരെ | ഒറ്റ നുരി മാത്രം നടുന്നു |
| 5. | നുരികൾ തമ്മിലുള്ള അകലം 10നും 15നും ഇടയ്ക്കായിരിക്കും | 25 മുതൽ 30 സെ.മീ. വരെ അകലം വേണം |
| 6. | ഞാറു പറിച്ച് 2–3 ദിവസങ്ങൾക്കുള്ളിലാണ് നടുന്നത് | പറിച്ച ഞാറ് 30 മിനിട്ടിനുള്ളിൽ നട്ടിരിക്കണം |

സ്തമായ കൃഷിരീതി അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ കർഷകൻ ചെയ്തിരുന്ന രണ്ട് കാര്യങ്ങൾ പ്രത്യേകത ഉള്ളതായിരുന്നു. ഒന്ന് - നിലവിലുള്ള രീതിയായ 3-4 ഞാറിനു പകരം ഒരു വരിയിൽ ഒരു ഞാറ് മാത്രം നടുക. രണ്ട് - പാടത്ത് വെള്ളം കെട്ടി നിറുത്താതെ ആവശ്യത്തിനുമാത്രം ഈർപ്പം നിലനിർത്തി ഞാറു വളർത്തുക.

ഇതോടൊപ്പം മൂന്നാമതായി ഒരു കാര്യം കൂടി ഫാ. ഹെൻട്രി പരീക്ഷിക്കുകയുണ്ടായി. നിലവിലുള്ള 10-15 സെ.മീറ്ററിന് പകരം ഒരു നിശ്ചിത അകലത്തിൽ (25 X 25 സെ.മീ) സമചതുര രീതിയിൽ ഞാറ് നടുക എന്നുള്ളതായിരുന്നു അത്.

| നം. | സാധാരണ കൃഷിരീതി | മഡഗാസ്ക്കർ കൃഷിരീതി |
|---|---|---|
| 1. | കണപൊട്ടൽ 6 മുതൽ 25 വരെ | 20 മുതൽ 120 വരെ |
| 2. | കീടരോഗബാധ കൂടുതൽ | കീടരോഗബാധ വളരെ കുറവ് |
| 3. | വിത്തിൽ കലർപ്പുണ്ടെങ്കിൽ കണ്ടുപിടിക്കാൻ കഴിയില്ല | കലർപ്പുണ്ടെങ്കിൽ എളുപ്പത്തിൽ കണ്ടുപിടിക്കാം |
| 4. | ചെടിവീഴ്ച കൂടുതൽ | വീഴ്ച കുറവ് |
| 5. | കൂടുതൽ വെള്ളം ഉപയോഗിക്കുന്നു | നനവ് മാത്രം മതി |



എസ്.ആർ.ഐ. യുടെ അടിസ്ഥാന തത്ത്വങ്ങളായ ഈ മൂന്ന് പ്രവൃത്തികൾ മറ്റു പല കാര്യങ്ങളുടെയും നിജസ്ഥിതി വെളിപ്പെടുത്തുകയുണ്ടായി. അഞ്ച് കൊല്ലം മുമ്പ്, മഡഗാസ്ക്കറിൽ മാത്രം കണ്ടിരുന്ന എസ്.ആർ.ഐ. മോഡൽ നെൽക്കൃഷിരീതി ഇന്ന് 21 രാജ്യങ്ങളിൽ പരീക്ഷിച്ച് വിജയകരമായി കണ്ടുവരുന്നു. ഇന്ത്യയിൽ തമിഴ്നാട്, ആന്ധ്രാപ്രദേശ്, ബംഗാൾ, പഞ്ചാബ്, കർണാടകം, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിലെ ചില കർഷകർ അനുവർത്തിച്ച് വരുന്നു.

പരമ്പരാഗതകൃഷിരീതിയും മഡഗാസ്ക്കർ കൃഷിരീതിയും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം പട്ടികയിൽ കാണുക.

ഇനി ഈ കൃഷിയുടെ വിശദാംശങ്ങളിലേക്ക് പോകാം.

മഡഗാസ്കർ കൃഷിരീതിയിൽ കൃഷി ചെയ്യാൻ വിത്ത് വിതക്കുമ്പോൾ അത് 7 മുതൽ 15 ദിവസത്തിനുള്ളിൽ പറിച്ചു നടുന്നതിനാൽ അടുത്തടുത്ത് വിത്തിടുന്നതാണ് ഉത്തമം. ഞാറ് ഇപ്രകാരം കൂട്ടമായിരിക്കുമ്പോൾ അത് അടിമണ്ണോടുകൂടി കോരിയെടുക്കുന്നതിന് ബുദ്ധിമുട്ടുണ്ടാവുകയില്ല. കൃഷി സ്ഥലത്തിന്റെ വ്യാപ്തിക്കനുസൃതമായി വിത്ത് വിതച്ചാൽ മതിയാവും. അതായത് ഒരു ഏക്കറിന് ആവശ്യമായ പരമാവധി വിത്ത് 2 മുതൽ 4 കി.ഗ്രാം മാത്രമായതിനാൽ വളരെക്കുറച്ചു സ്ഥലമാണ് കൃഷി ചെയ്യാനുദ്ദേശിക്കുന്നതെങ്കിൽ അതിനാവശ്യമായ വിത്ത് പരന്ന പാത്രങ്ങളിലോ പരന്ന ചട്ടികളിലോ മുളപ്പിച്ചാൽ മതിയാകും. മൂപ്പു കുറഞ്ഞ വിത്താണ് കൃഷി ചെയ്യുന്നതെങ്കിൽ വിതച്ച് 7 മുതൽ 10 ദിവസങ്ങൾക്കുള്ളിലും വെളിയൻ പോലുള്ള മൂപ്പുകൂടിയ വിത്തിനങ്ങൾ വിതച്ച് 10 മുതൽ 15 ദിവസങ്ങൾക്കുള്ളിലും പറിച്ചു നടാം. എന്നാൽ ഏതു വിത്തായാലും വിതച്ച് 7-ാം ദിവസം പറിച്ചുനട്ടാൽ കൂടുതൽ ചിനപ്പുകളും ചെടിക്ക് കരുത്തും കൂടുതലുണ്ടാകുമെന്നാണ് ഈ രീതി പ്രകാരം കൃഷി ചെയ്ത കർഷകരുടെ അഭിപ്രായം.

പറിച്ചു നടാനുള്ള കണ്ടം തയ്യാറാക്കുമ്പോൾ അടിവളമായി ചാണകം, മണ്ണിര, കമ്പോസ്റ്റ് എന്നിവയും പച്ചിലകളും വിശേഷിച്ച് കൊന്ന, ശീമക്കൊന്ന, തൊട്ടാവാടി, പയറുവർഗത്തിൽപ്പെട്ട സസ്യങ്ങൾ മുതലായവയും ഉപയോഗിക്കാം. പറിച്ചു നട്ടതിനു ശേഷം 'അസോള' കണ്ടത്തിൽ ഇട്ടുകൊടുക്കുന്നതും ചെടികളുടെ വളർച്ചയെ ത്വരിതപ്പെടുത്തും. പറിച്ചുനടാനുള്ള സ്ഥലം നടുന്നതിന്റെ തലേദിവസം (അതായത് വിത്തു വിതച്ചതിനു ശേഷം 6-ാം ദിവസം) തയ്യാറാക്കുന്നതാണ് നല്ലത്. കാരണം ചെടികൾ തമ്മിലുള്ള അകലം കൂടുന്നതിനാലും വെള്ളം കെട്ടിനിർത്താത്തതിനാലും മുമ്പുണ്ടായിരുന്ന ചെറുകളകൾ വളർന്ന് ഏഴുദിവസം മാത്രം വലിപ്പമുള്ള ഞാറിനെ മൂടിക്കളയാൻ സാധ്യതയുണ്ട്. അതുകൊണ്ട് തലേദിവസം തന്നെ കണ്ടത്തിൽ നിന്നും വെള്ളം വാർത്തു കളയണം. എന്നാൽ കൃഷി സ്ഥലത്ത് ആവശ്യമായ നനവ് വേണം. പറിച്ചു നടുന്നത് വളരെ ചെറിയ ചെടിയായതിനാൽ കണ്ടത്തിൽ വെള്ളം കെട്ടിനിന്നാൽ അവ വീണുപോകാനും അപ്രകാരം തന്നെ ചീഞ്ഞു പോകാനും സാധ്യതയുണ്ട്. അതിനാൽ കണ്ടങ്ങളിൽ ഇടയ്ക്കിടക്ക് ചെറിയ ചാലുകൾ ഉണ്ടാക്കിയാൽ ഇങ്ങനെ കെട്ടിനിൽക്കുന്ന വെള്ളം വാർത്തുകളയാൻ സാധിക്കും. പറിച്ചു നടുമ്പോൾ 'ലൈൻ നാട്ടി' ആണ് അവലംബിക്കേണ്ടത്. 30 സെ.മീ. അല്ലെങ്കിൽ 40 സെ.മീ. ഇടവിട്ട് അടയാളപ്പെടുത്തിയ കയർ ഉപയോഗിച്ചോ അതല്ലെങ്കിൽ പ്രസ്തുത അകലത്തിൽ നിരവധി കള്ളികൾ ഉള്ള മുള-അലക് ഫ്രെയിമുകൾ ഉപയോഗിച്ചോ ഞാറു നടാവുന്നതാണ്. ചൂടി കയറാണെങ്കിൽ നിശ്ചിത അകലം പാലിച്ച് പിരികൾക്കിടയിൽ ഈർക്കിൽ കഷണങ്ങൾ തിരുകിവെച്ചാൽ മതിയാകും.

**പറിച്ചു നടൽ**

പറിച്ചു നടുന്ന ദിവസം നിശ്ചയിച്ചാൽ ഞാറ് മാതൃധാന്യമടക്കം ചെളിയോടുകൂടി കോരിയെടുക്കുകയാണ് ചെയ്യേണ്ടത്. ഇപ്രകാരം കോരിയെടുക്കുന്ന ഞാറ് 30 മിനിട്ടിനുള്ളിൽ നടാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നടാനെടുക്കുമ്പോൾ യാതൊരു കാരണവശാലും ഞാറിന്റെ ഇല/തലപ്പ് പിടിച്ച് വലിക്കരുത്. കാരണം ഇത് മുള മാതൃസസ്യത്തിൽ നിന്നും വിട്ടുപോകുന്നതിന് ഇടയാക്കും. അതുകൊണ്ട് ഞാറ് മാതൃധാന്യം/വിത്ത് അടക്കം എടുത്ത് നടാൻ ശ്രദ്ധിക്കണം. വിത്തും അതിന്റെ വേരും ചെളിയിൽ താഴ്ന്നു നിൽക്കത്തക്ക രീതിയിൽ വേണം നടാൻ. അതേസമയം ചെടി ചെളിയിൽ പുതഞ്ഞു പോകാത്ത തരത്തിൽ നടാൻ ശ്രദ്ധിക്കണം. അതായത് ചെടിയുടെ പച്ചപ്പുള്ള തണ്ടോടുകൂടിയ ഭാഗം പുറമെ എഴുന്നു നിൽക്കണം. വിത്തു വിതച്ച സ്ഥലവും പറിച്ചുനടുന്ന സ്ഥലവും അടുത്തടുത്താണെങ്കിൽ കോരിയെടുത്ത് ദൂരെ കൊണ്ടുപോകേണ്ട ബുദ്ധിമുട്ടില്ല. ഓരോ വരിയിലും നടേണ്ട വരികളുടെ എണ്ണമനുസരിച്ച് ആവശ്യമായ വിത്ത്/ഞാറ് അപ്പോൾ കോരിയെടുക്കുന്നതാണ് നല്ലത്. ഇങ്ങനെ ചെയ്താൽ ഞാറ് പാഴാക്കിക്കളയാതെ 30 മിനിട്ട് എന്ന സമയക്രമത്തിൽ ഇവ പറിച്ചു നടാൻ കഴിയുന്നു. കൂടാതെ പറിച്ചു നടുന്ന സ്ഥലം നിരപ്പായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ആദ്യവരി നട്ടു കഴിഞ്ഞാൽ 30-40 സെ.മീ. ഇടവിട്ട് അടുത്ത വരി നടാവുന്നതാണ്. തുടക്കത്തിൽ അൽപം ബുദ്ധിമുട്ടും സങ്കോചവും അനുഭവപ്പെടുമെങ്കിലും കൂടുതൽ പ്രാവശ്യം ചെയ്യുമ്പോൾ ഈ രീതി വളരെ എളുപ്പമായി തോന്നും.

**കളനിയന്ത്രണം**

വരികൾ തമ്മിലുള്ള അകലം കൂടുതലുള്ളതുകൊണ്ടും വെള്ളം കൂടുതൽ കെട്ടി നിൽക്കാൻ അനുവദിക്കാത്തതുകൊണ്ടും കളകൾ തിങ്ങി വളരാൻ സാധ്യത കൂടുതലാണ്. അതിനാൽ ആദ്യപ്രാവശ്യം കള പറിക്കുന്നത് വളരെ ശ്രദ്ധാപൂർവം ആയിരിക്കണം. കാരണം നെൽച്ചെടിയോടു സാമ്യമുള്ള പല പുല്ലുകളും പൊങ്ങിവരാൻ സാദ്ധ്യതയുള്ളതുകൊണ്ട് ആദ്യഘട്ടത്തിൽ നെല്ലേത് പുല്ലേത് എന്ന് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥ സംജാതമാകും. എന്നാൽ ചെടി വളർന്നു കഴിയുമ്പോൾ കളപറിക്കൽ എളുപ്പമാകും. ഉത്പാദനവുമായി താരതമ്യപ്പെടുത്തുമ്പോൾ കളപറിക്കൽ ഒരു പ്രശ്നമായി തോന്നുകയില്ല. വയലിൽ നനവ് നിർത്തുമ്പോൾ തന്നെ 'അസോള' ഇട്ടുകൊടുത്താൽ അത് പരന്ന് ഒരു പരിധിവരെ കളകളുടെ വളർച്ചയെ നിയന്ത്രിക്കുകയും അതേസമയം നെൽച്ചെടിക്ക് ആവശ്യമായ സൂക്ഷ്മ മൂലകങ്ങളെ പ്രദാനം ചെയ്യുകയും ചെയ്യും.

**ജലസേചനം**

സാധാരണയായി പാടങ്ങളിൽ വെള്ളം കെട്ടിനിർത്തിയാണ് നെല്ല് കൃഷി ചെയ്യുന്നത്. എന്നാൽ മഡഗാസ്കർ രീതി അനുവർത്തിക്കുമ്പോൾ കൃഷിയിടത്തിൽ വെള്ളം കെട്ടി നിർത്തേണ്ട ആവശ്യമില്ല. അതേസമയം കണ്ടത്തിൽ എപ്പോഴും നനവ് ഉണ്ടായിരിക്കുകയും വേണം. അതുകൊണ്ട് ഉണക്കുബാധിക്കുമ്പോൾ കണ്ടത്തിൽ വെള്ളം കയറുകയും 20-30 മിനിട്ട് കെട്ടി നിർത്തിയ ശേഷം തുറന്ന് വിടുകയുമാണ് ചെയ്യേണ്ടത്. വെള്ളം കെട്ടി നിൽക്കുന്ന സ്ഥലത്ത് കണപൊട്ടൽ/ചിനപ്പ് കുറയുന്നതായാണ് കാണുന്നത്.

**വളപ്രയോഗവും കീടനിയന്ത്രണവും**

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ വിഷവിമുക്തമായ ധാന്യം വിളയിക്കാൻ നെൽക്കൃഷി ചെയ്യുന്നത് എസ്.ആർ.ഐ. രീതിയിലായാൽ ഏറെ ലാഭകരവും ഗുണകരവുമായിരിക്കും. ജൈവോത്പന്നങ്ങൾക്ക് ഇന്ന് ആഭ്യന്തര വിപണിയിൽ പോലും പ്രിയമേറി വരുന്നതുകൊണ്ട് ഈ രീതിയിൽ ഉത്പാദിപ്പിക്കുന്ന അരി കിലോയ്ക്ക് 40 രൂപ മുതൽ 100 രൂപ വരെ വിൽക്കാവുന്നതാണ്. കർഷകർക്ക് സ്വന്തമായി നിർമിക്കാവുന്ന മണ്ണിര കമ്പോസ്റ്റ് ബയോഗ്യാസ് സ്ലറി, വെർമി വാഷ്, പഞ്ചഗവ്യം മുതലായവ ഉപയോഗിക്കാവുന്നവയാണ്. ഇവ ഒരേ സമയം വളമായും വളർച്ചാഹോർമോണുകളായും കീടനാശിനികളായും പ്രവർത്തിക്കുന്നവയാണ്. മഡഗാസ്കർ രീതിക്കു കീഴിൽ നെൽച്ചെടിയുടെ പ്രതിരോധ ശേഷി അതിന്റെ പൂർണാർത്ഥത്തിൽ തന്നെ പ്രകടമാവുന്നതിനാൽ കീടബാധ അത്ര കണ്ട് പ്രശ്നമല്ലെന്നാണ് മുമ്പ് ഈ കൃഷിരീതി അനുവർത്തിച്ച മുഴുവൻ കർഷകരുടെയും അഭിപ്രായം. അതേസമയം ഏതെങ്കിലും സൂക്ഷ്മമൂലകങ്ങളുടെ അഭാവത്താൽ പ്രകടമാകുന്ന വളർച്ചാവ്യതിയാനങ്ങൾക്ക് പ്രസ്തുത മൂലകങ്ങൾ ഉൾക്കൊള്ളുന്ന ജൈവവളങ്ങൾ ഉപയോഗിക്കുന്നത് ഉദ്ദേശിച്ച ഉത്പാദനത്തിന് ധാരാളം മതിയാകും. സസ്യങ്ങളുടെ വളർച്ചക്കുള്ള അവശ്യ മൂലകങ്ങളുടെ സന്തുലനം ഉറപ്പാക്കിയിട്ടുള്ള വളങ്ങളാണ് ജൈവവളങ്ങൾ.

**നേട്ടങ്ങൾ**

സ്വന്തമായി വിത്തും വളവും ഉത്പാദിപ്പിച്ച് കൃഷി ചെയ്യുന്നവനാണ് യഥാർത്ഥ കർഷകൻ. അങ്ങനെ കൃഷി ചെയ്യുമ്പോൾ ഉത്പാദനച്ചെലവ് ഗണ്യമായി കുറയുന്നു. വിളവായി ലഭിക്കുന്നത് ലാഭമായി മാറുന്നു. നെൽക്കൃഷിയിൽ എസ്.ആർ.ഐ രീതി ഉത്പാദന ചെലവ് കുറച്ച് ജൈവരീതിയിൽ ഉത്പാദനം കൂട്ടാനുള്ള ഒരു ഉപാധിയായി പരീക്ഷിക്കുക. ◘

ചൊവ്വയിൽ ഒരു വീടു വേണോ എന്ന ചോദ്യത്തിന് കണ്ണൂരുകാർ അത്ഭുതമില്ലാതെ വില ചോദിക്കും; കാരണം കണ്ണൂരിനടുത്ത ഒരു സ്ഥലമാണ് ചൊവ്വ. എന്നാൽ ഈ സ്ഥലത്തെപ്പറ്റി പരിചയമില്ലാത്തവർ ചൊവ്വാഗ്രഹത്തിൽ വീട് എന്നത് അസംഭവ്യമാണെന്ന രീതിയിൽ അവഗണിക്കുകയേ ഉള്ളൂ. പക്ഷേ വെബ്സൈറ്റുകളിൽ ചൊവ്വയിൽ സ്ഥലം ബുക്ക് ചെയ്യുന്നതിനുള്ള രജിസ്ട്രേഷനുകൾ ആരംഭിച്ചു കഴിഞ്ഞു. മാർസ്ഷോപ്പ്.കോം എന്നാണ് ആ വെബ്സൈറ്റിന്റെ പേര്. ഒരേക്കറിന് 1000 രൂപയാണ് ഇന്ന് വിലയിട്ടിട്ടുള്ളത്. ആഗ്രഹമോ പ്രതീക്ഷയോ സഫലമാകുക അറുന്നൂറോ അതിലധികമോ വർഷങ്ങൾക്ക് ശേഷമായിരിക്കുമെന്നാണ് ഇന്നത്തെ കണക്കുകൂട്ടൽ. ഇന്ന് 1000 രൂപ നിക്ഷേപിച്ചാൽ അതിന്റെ അവകാശിയായി അന്നുണ്ടാവുന്ന ആൾ മിക്കവാറും കോടീശ്വരനാവും. അമേരിക്കയിലാണ് ഇത് രജിസ്റ്റർ ചെയ്യേണ്ടത്. അതുകൊണ്ട് ചിലപ്പോൾ ഇത് അമേരിക്കയുടേതായി മാറിയേക്കാം. എന്നാലും ആയിരം രൂപയല്ലേ കിട്ടിയെങ്കിൽ മഹാഭാഗ്യമാണല്ലോ. അഞ്ഞൂറുവർഷങ്ങൾക്ക് ശേഷമാണെങ്കിലും അനുഭവിക്കാം എന്ന വിശ്വാസത്തിൽ മുതൽമുടക്കുവാൻ ആളുകൾ തയ്യാറാവുന്നുണ്ട്.

ഭൂമിയിലെ വാസം എത്രകാലം എന്ന് പ്രവചിക്കുവാൻ അസാധ്യമാം വിധം പ്രകൃതി ദുരന്തങ്ങൾ ഏറി വരികയാണ്. എവിടെയെങ്കിലും ജീവിക്കണം എന്ന മനുഷ്യന്റെ കടുത്ത മോഹം ചൊവ്വയിലെ ജീവിതം ഒരാശ്വാസമായി കരുതുന്നുണ്ട്.

നാസയും സ്വകാര്യ പര്യവേഷണസംഘങ്ങളും ചൊവ്വാഗ്രഹത്തെ ഭൂമിയെപ്പോലെ ജീവന്റെ ആവാസത്തിന് അനുകൂലമാക്കാനുള്ള പരിശ്രമത്തിലാണ്. നൂറുവർഷം കൊണ്ടു തന്നെ ജീവന് അനുകൂലമായ കാലാവസ്ഥ സൃഷ്ടിക്കാൻ കഴിയുമെന്നാണ് അവർ ഉറപ്പിച്ചു പറയുന്നത്.

ചൊവ്വയിലെ അന്തരീക്ഷം ഇപ്പോൾ തണുത്തതാണ്. അത് നേരിയ വിഷാംശം ഉൾക്കൊള്ളുന്നുമുണ്ട്. കോടിക്കണക്കിന് കൊല്ലങ്ങൾക്കു മുമ്പ് അവിടം ഇളം ചൂടും നനവും ഉള്ളതായിരുന്നുവത്രെ. കനത്ത കാർബൺ ഡൈ ഓക്സൈഡ് അന്തരീക്ഷമായിരുന്നു. അതൊക്കെ തണുത്തുറഞ്ഞ് ചൊവ്വയിലെ മണ്ണിൽ ചേർന്നു കിടക്കുകയാണ്. യൂറോപ്യൻ സ്പെയ്സ് ഏജൻസി (ഇസ)യുടെ ഏറ്റവും പുതിയ കണ്ടെത്തൽ ചൊവ്വയുടെ മധ്യഭാഗത്തായി വൻ കടൽ തണുത്തുറഞ്ഞ് കിടക്കുന്നു എന്നതാണ്. ധ്രുവപ്രദേശങ്ങളിലാണ് ഹിമാവരണങ്ങൾ

**പറിച്ചു നടൽ**

പറിച്ചു നടുന്ന ദിവസം നിശ്ചയിച്ചാൽ ഞാറ് മാതൃധാന്യമടക്കം ചെളിയോടുകൂടി കോരിയെടുക്കുകയാണ് ചെയ്യേണ്ടത്. ഇപ്രകാരം കോരിയെടുക്കുന്ന ഞാറ് 30 മിനിട്ടിനുള്ളിൽ നടാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നടാനെടുക്കുമ്പോൾ യാതൊരു കാരണവശാലും ഞാറിന്റെ ഇല/തലപ്പ് പിടിച്ച് വലിക്കരുത്. കാരണം ഇത് മുളമാതൃസസ്യത്തിൽ നിന്നും വിട്ടുപോകുന്നതിന് ഇടയാക്കും. അതുകൊണ്ട് ഞാറ് മാതൃധാന്യം/വിത്ത് അടക്കം എടുത്ത് നടാൻ ശ്രദ്ധിക്കണം. വിത്തും അതിന്റെ വേരും ചെളിയിൽ താഴ്ന്നു നിൽക്കത്തക്ക രീതിയിൽ വേണം നടാൻ. അതേസമയം ചെടി ചെളിയിൽ പുതഞ്ഞു പോകാത്ത തരത്തിൽ നടാൻ ശ്രദ്ധിക്കണം. അതായത് ചെടിയുടെ പച്ചപ്പുള്ള തണ്ടോടുകൂടിയ ഭാഗം പുറമെ എഴുന്നു നിൽക്കണം. വിത്തു വിതച്ച സ്ഥലവും പറിച്ചുനടുന്ന സ്ഥലവും അടുത്തടുത്താണെങ്കിൽ കോരിയെടുത്ത് ദൂരെ കൊണ്ടുപോകേണ്ട ബുദ്ധിമുട്ടില്ല. ഓരോ വരിയിലും നടേണ്ട വരികളുടെ എണ്ണമനുസരിച്ച് ആവശ്യമായ വിത്ത്/ഞാറ് അപ്പപ്പോൾ കോരിയെടുക്കുന്നതാണ് നല്ലത്. ഇങ്ങനെ ചെയ്താൽ ഞാറ് പാഴാക്കിക്കളയാതെ 30 മിനിട്ട് എന്ന സമയക്രമത്തിൽ ഇവ പറിച്ചു നടാൻ കഴിയുന്നു. കൂടാതെ പറിച്ചു നടുന്ന സ്ഥലം നിരപ്പായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ആദ്യവരി നട്ടു കഴിഞ്ഞാൽ 30-40 സെ.മീ. ഇടവിട്ട് അടുത്ത വരി നടാവുന്നതാണ്. തുടക്കത്തിൽ അൽപം ബുദ്ധിമുട്ടും സങ്കോചവും അനുഭവപ്പെടുമെങ്കിലും കൂടുതൽ പ്രാവശ്യം ചെയ്യുമ്പോൾ ഈ രീതി വളരെ എളുപ്പമായി തോന്നും.

**കളനിയന്ത്രണം**

വരികൾ തമ്മിലുള്ള അകലം കൂടുതലുള്ളതുകൊണ്ടും വെള്ളം കൂടുതൽ കെട്ടിനിൽക്കാൻ അനുവദിക്കാത്തതുകൊണ്ടും കളകൾ തിങ്ങി വളരാൻ സാധ്യത കൂടുതലാണ്. അതിനാൽ ആദ്യപ്രാവശ്യം കള പറിക്കുന്നത് വളരെ ശ്രദ്ധാപൂർവം ആയിരിക്കണം. കാരണം നെൽച്ചെടിയോടു സാമ്യമുള്ള പല പുല്ലുകളും പൊങ്ങിവരാൻ സാദ്ധ്യതയുള്ളതുകൊണ്ട് ആദ്യഘട്ടത്തിൽ നെല്ലേത് പുല്ലേത് എന്ന് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥ സംജാതമാകും. എന്നാൽ ചെടി വളർന്നു കഴിയുമ്പോൾ കളപറിക്കൽ എളുപ്പമാകും. ഉത്പാദനവുമായി താരതമ്യപ്പെടുത്തുമ്പോൾ കളപറിക്കൽ ഒരു പ്രശ്നമായി തോന്നുകയില്ല. വയലിൽ നനവ് നിർത്തുമ്പോൾ തന്നെ 'അസോള' ഇട്ടുകൊടുത്താൽ അത് പരന്ന് ഒരു പരിധിവരെ കളകളുടെ വളർച്ചയെ നിയന്ത്രിക്കുകയും അതേസമയം നെൽച്ചെടിക്ക് ആവശ്യമായ സൂക്ഷ്മ മൂലകങ്ങളെ പ്രദാനം ചെയ്യുകയും ചെയ്യും.

**ജലസേചനം**

സാധാരണയായി പാടങ്ങളിൽ വെള്ളം കെട്ടിനിർത്തിയാണ് നെല്ല് കൃഷി ചെയ്യുന്നത്. എന്നാൽ മഡഗാസ്കർ രീതി അനുവർത്തിക്കുമ്പോൾ കൃഷിയിടത്തിൽ വെള്ളം കെട്ടി നിർത്തേണ്ട ആവശ്യമില്ല. അതേസമയം കണ്ടത്തിൽ എപ്പോഴും നനവ് ഉണ്ടായിരിക്കുകയും വേണം. അതുകൊണ്ട് ഉണക്കുബാധിക്കുമ്പോൾ കണ്ടത്തിൽ വെള്ളം കയറുകയും 20-30 മിനിട്ട് കെട്ടി നിർത്തിയ ശേഷം തുറന്ന് വിടുകയുമാണ് ചെയ്യേണ്ടത്. വെള്ളം കെട്ടി നിൽക്കുന്ന സ്ഥലത്ത് കണപൊട്ടൽ/ചിനപ്പ് കുറയുന്നതായാണ് കാണുന്നത്.

**വളപ്രയോഗവും കീടനിയന്ത്രണവും**

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ വിഷവിമുക്തമായ ധാന്യം വിളയിക്കാൻ നെൽക്കൃഷി ചെയ്യുന്നത് എസ്.ആർ.ഐ. രീതിയിലായാൽ ഏറെ ലാഭകരവും ഗുണകരവുമായിരിക്കും. ജൈവോത്പന്നങ്ങൾക്ക് ഇന്ന് ആഭ്യന്തര വിപണിയിൽ പോലും പ്രിയമേറി വരുന്നതുകൊണ്ട് ഈ രീതിയിൽ ഉത്പാദിപ്പിക്കുന്ന അരി കിലോയ്ക്ക് 40 രൂപ മുതൽ 100 രൂപ വരെ വിൽക്കാവുന്നതാണ്. കർഷകർക്ക് സ്വന്തമായി നിർമിക്കാവുന്ന മണ്ണിര കമ്പോസ്റ്റ് ബയോഗ്യാസ് സ്ലറി, വെർമി വാഷ്, പഞ്ചഗവ്യം മുതലായവ ഉപയോഗിക്കാവുന്നവയാണ്. ഇവ ഒരേ സമയം വളമായും വളർച്ചാ ഹോർമോണുകളായും കീടനാശിനികളായും പ്രവർത്തിക്കുന്നവയാണ്. മഡഗാസ്കർ രീതിക്കു കീഴിൽ നെൽച്ചെടിയുടെ പ്രതിരോധ ശേഷി അതിന്റെ പൂർണാർത്ഥത്തിൽ തന്നെ പ്രകടമാവുന്നതിനാൽ കീടബാധ അത്ര കണ്ട് പ്രശ്നമല്ലെന്നാണ് മുമ്പ് ഈ കൃഷിരീതി അനുവർത്തിച്ച മുഴുവൻ കർഷകരുടെയും അഭിപ്രായം. അതേസമയം ഏതെങ്കിലും സൂക്ഷ്മമൂലകങ്ങളുടെ അഭാവത്താൽ പ്രകടമാകുന്ന വളർച്ചാവ്യതിയാനങ്ങൾക്ക് പ്രസ്തുത മൂലകങ്ങൾ ഉൾക്കൊള്ളുന്ന ജൈവവളങ്ങൾ ഉപയോഗിക്കുന്നത് ഉദ്ദേശിച്ച ഉത്പാദനത്തിന് ധാരാളം മതിയാകും. സസ്യങ്ങളുടെ വളർച്ചക്കുള്ള അവശ്യ മൂലകങ്ങളുടെ സന്തുലനം ഉറപ്പാക്കിയിട്ടുള്ള വളങ്ങളാണ് ജൈവവളങ്ങൾ.

**നേട്ടങ്ങൾ**

സ്വന്തമായി വിത്തും വളവും ഉത്പാദിപ്പിച്ച് കൃഷി ചെയ്യുന്നവനാണ് യഥാർത്ഥ കർഷകൻ. അങ്ങനെ കൃഷി ചെയ്യുമ്പോൾ ഉത്പാദനച്ചെലവ് ഗണ്യമായി കുറയുന്നു. വിളവായി ലഭിക്കുന്നത് ലാഭമായി മാറുന്നു. നെൽക്കൃഷിയിൽ എസ്.ആർ.ഐ രീതി ഉത്പാദന ചെലവ് കുറച്ച് ജൈവരീതിയിൽ ഉത്പാദനം കൂട്ടാനുള്ള ഒരു ഉപാധിയായി പരീക്ഷിക്കുക. ▪

ചൊവ്വയിൽ ഒരു വീടു വേണോ എന്ന ചോദ്യത്തിന് കണ്ണൂരുകാർ അത്ഭുതമില്ലാതെ വില ചോദിക്കും; കാരണം കണ്ണൂരിനടുത്ത ഒരു സ്ഥലമാണ് ചൊവ്വ. എന്നാൽ ഈ സ്ഥലത്തെപ്പറ്റി പരിചയമില്ലാത്തവർ ചൊവ്വാഗ്രഹത്തിൽ വീട് എന്നത് അസംഭവ്യമാണെന്ന രീതിയിൽ അവഗണിക്കുകയേ ഉള്ളൂ. പക്ഷേ വെബ്സൈറ്റുകളിൽ ചൊവ്വയിൽ സ്ഥലം ബുക്ക് ചെയ്യുന്നതിനുള്ള രജിസ്ട്രേഷനുകൾ ആരംഭിച്ചു കഴിഞ്ഞു. മാർസ്ഷോപ്പ്.കോം എന്നാണ് ആ വെബ്സൈറ്റിന്റെ പേര്. ഒരേക്കറിന് 1000 രൂപയാണ് ഇന്ന് വിലയിട്ടിട്ടുള്ളത്. ആഗ്രഹമോ പ്രതീക്ഷയോ സഫലമാകുക അറുന്നൂറോ അതിലധികമോ വർഷങ്ങൾക്ക് ശേഷമായിരിക്കുമെന്നാണ് ഇന്നത്തെ കണക്കുകൂട്ടൽ. ഇന്ന് 1000 രൂപ നിക്ഷേപിച്ചാൽ അതിന്റെ അവകാശിയായി അന്നുണ്ടാവുന്ന ആൾ മിക്കവാറും കോടീശ്വരനാവും. അമേരിക്കയിലാണ് ഇത് രജിസ്റ്റർ ചെയ്യേണ്ടത്. അതുകൊണ്ട് ചിലപ്പോൾ ഇത് അമേരിക്കയുടേതായി മാറിയേക്കാം. എന്നാലും ആയിരം രൂപയല്ലേ കിട്ടിയെങ്കിൽ മഹാഭാഗ്യമാണല്ലോ. അഞ്ഞൂറുവർഷങ്ങൾക്ക് ശേഷമാണെങ്കിലും അനുഭവിക്കാം എന്ന വിശ്വാസത്തിൽ മുതൽമുടക്കുവാൻ ആളുകൾ തയ്യാറാവുന്നുണ്ട്.

ഭൂമിയിലെ വാസം എത്രകാലം എന്ന് പ്രവചിക്കുവാൻ അസാധ്യമാം വിധം പ്രകൃതി ദുരന്തങ്ങൾ ഏറി വരികയാണ്. എവിടെയെങ്കിലും ജീവിക്കണം എന്ന മനുഷ്യന്റെ കടുത്ത മോഹം ചൊവ്വയിലെ ജീവിതം ഒരാശ്വാസമായി കരുതുന്നുണ്ട്.

നാസയും സ്വകാര്യ പര്യവേഷണസംഘങ്ങളും ചൊവ്വാഗ്രഹത്തെ ഭൂമിയെപ്പോലെ ജീവന്റെ ആവാസത്തിന് അനുകൂലമാക്കാനുള്ള പരിശ്രമത്തിലാണ്. നൂറുവർഷം കൊണ്ടു തന്നെ ജീവന് അനുകൂലമായ കാലാവസ്ഥ സൃഷ്ടിക്കാൻ കഴിയുമെന്നാണ് അവർ ഉറപ്പിച്ചു പറയുന്നത്.

ചൊവ്വയിലെ അന്തരീക്ഷം ഇപ്പോൾ തണുത്തതാണ്. അത് നേരിയ വിഷാംശം ഉൾക്കൊള്ളുന്നുമുണ്ട്. കോടിക്കണക്കിന് കൊല്ലങ്ങൾക്കു മുമ്പ് അവിടം ഇളം ചൂടും നനവും ഉള്ളതായിരുന്നുവത്രെ. കനത്ത കാർബൺ ഡൈ ഓക്സൈഡ് അന്തരീക്ഷമായിരുന്നു. അതൊക്കെ തണുത്തുറഞ്ഞ് ചൊവ്വയിലെ മണ്ണിൽ ചേർന്നു കിടക്കുകയാണ്. യൂറോപ്യൻ സ്പെയ്സ് ഏജൻസി (ഇസ)യുടെ ഏറ്റവും പുതിയ കണ്ടെത്തൽ ചൊവ്വയുടെ മധ്യഭാഗത്തായി വൻ കടൽ തണുത്തുറഞ്ഞ് കിടക്കുന്നു എന്നതാണ്. ധ്രുവപ്രദേശങ്ങളിലാണ് ഹിമാവരണങ്ങൾ



# ചൊവ്വയിൽ ഒരു വീട്

**ഭൂമിയിലെ വാസം എത്രകാലം എന്ന് പ്രവചിക്കാൻ കഴിയാത്തവിധം കടന്നുവരുന്ന പ്രകൃതിദുരന്തങ്ങൾ മനുഷ്യനെ മറ്റൊരു ഗ്രഹത്തിലെ വാസത്തിനു പ്രേരിപ്പിക്കുന്നുണ്ടോ?**

പ്രേമാനന്ദ് ചമ്പാട്

ഉള്ളതായി മുമ്പ് കണ്ടെത്തിയത്. അവ ചൂടാക്കുകയാണെങ്കിൽ നൂറുമീറ്റർ ആഴമുള്ള ജലാശയമാണുണ്ടാവുക.

ചൊവ്വാമധ്യരേഖാപ്രദേശത്ത് ജലസാന്നിദ്ധ്യം കണ്ടെത്തിയത് ഇസയുടെ നേതൃത്വത്തിലുള്ള ചൊവ്വ എക്സ്പ്രസ്സ് സ്പേസ് ക്രാഫ്റ്റിലെ അതിശക്തമായ സ്റ്റീരിയോ ക്യാമറ വഴിയാണ്. 800 കി.മീറ്റർ മധ്യരേഖാനീളത്തിലും 900 കി.മീറ്റർ വീതിയിലുമാണ് ഈ ജലസ്രോതസ്സ് ഉള്ളത്. അഗ്നിപർവതചാരത്തിന്റെ കട്ടിയുള്ള ഒരാവരണം മഞ്ഞിനെ പൊതിഞ്ഞിരിക്കുന്നുണ്ട്. ഇസയുടെ വെബ്സൈറ്റിൽ ഹിമസാഗരത്തിന്റെ ചിത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തണുത്തുറഞ്ഞ അന്തരീക്ഷത്തെ ചൂടാക്കുന്നതാണ് ശാസ്ത്രജ്ഞർക്ക് ഏറ്റവും വലിയ പ്രതിസന്ധിയായി അനുഭവപ്പെടുന്നത്. നാസയിലെ ഒരു ഉപഗ്രഹശാസ്ത്രജ്ഞയായ ക്രിസ്മാക്കെയുടെ അഭിപ്രായത്തിൽ ജനിതക വ്യതിയാനം വരുത്തിയ വിത്തുകൾ ചൊവ്വയിലെ മണ്ണിൽ തന്നെ പാകണം. അതിന് വളരാനുള്ള ജലം അതുപയോഗിച്ചുകൊള്ളും. ക്രമത്തിൽ സസ്യങ്ങൾക്കു വളരാനുള്ള സാഹചര്യം ചൊവ്വയിൽ സംജാതമാകുമത്രെ. ചെടികൾ ഇരുണ്ടതാവുമ്പോൾ കൂടുതൽ സൂര്യപ്രകാശത്തിന്റെ ചൂട് സംഭരിക്കുകയും അന്തരീക്ഷത്തിലെ ചൂട് വർധിക്കുകയും ചെയ്യും. അന്തരീക്ഷ ഊഷ്മാവ് വർധിക്കുമ്പോൾ ബാഷ്പീകരണത്തിന്റെ തോത് കൂടും. കാർബൺഡൈഓക്സൈഡിന്റെ അളവും വർധിക്കും. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കം തന്നെ ഉണ്ടാവും. കുറച്ച് വർഷങ്ങൾ കൊണ്ട് മഴയും തൻമൂലം പുഴയും ഉണ്ടാവും. സസ്യങ്ങൾക്ക് വളരുവാനുള്ള സാഹചര്യമാകുമ്പോൾ കൃഷിയും ചെയ്യാൻ സാധിക്കുന്നതാണ്.

ചൊവ്വയിൽ അപ്പോഴും സഞ്ചരിക്കാൻ ഓക്സിജൻ ടാങ്കുകൾ കൈവശം ഉണ്ടായിരിക്കണം. എന്നാൽ ചൊവ്വയിലെ ഗുരുത്വാകർഷണബലം വളരെ കുറവായതിനാൽ ഭാരം അധികം അനുഭവപ്പെടില്ല. ഓക്സിജൻ ടാങ്ക് ഒരു ഭാരമാവില്ല എന്നർത്ഥം. ആയിരം കൊല്ലങ്ങൾകൊണ്ട് ഹരിതസസ്യങ്ങൾ വർധിക്കുമ്പോൾ കാർബൺ ഡൈഓക്സൈഡിന്റെ അളവ് ക്രമേണ കുറഞ്ഞുവരികയും അത്രയും ഓക്സിജൻ പകരം ഉണ്ടാവുകയും ചെയ്യും. അപ്പോൾ ജന്തുക്കൾക്കും മനുഷ്യർക്കും ശ്വസിക്കാൻ പറ്റിയ അന്തരീക്ഷവായുവും സജ്ജമാവും എന്നാണ് അനുമാനം.

മൈക്രോബുകളുപയോഗിച്ചാണ് സസ്യങ്ങളുടെ വളർച്ചയ്ക്കു വേണ്ട അടിസ്ഥാനം ഒരുക്കുന്നത്. ഭൂമിയിലെ ധ്രുവപ്രദേശങ്ങളിൽ നടത്തിയ പരീക്ഷണങ്ങളിൽ നിന്നും കൊടുംതണുപ്പിൽ മൈക്രോബുകൾ നിലനിൽക്കുകയും പ്രത്യുത്പാദനം നടത്തുകയും ചെയ്യുമെന്ന് തെളിഞ്ഞിട്ടുണ്ട്. ചൊവ്വയിലെ തണുപ്പിൽ മൈക്രോബുകൾ ജീവന്റെ ആധാരമാകുന്നതിന് കാരണം അതാണ്. ഇത് എളുപ്പമാണെന്ന് ഗവേഷകരും കരുതുന്നില്ല.

മാർസ് സൊസൈറ്റി വോളണ്ടിയർ സേവനത്തിന് ജനങ്ങളെ ക്ഷണിച്ചിട്ടുണ്ട്. ഗവേഷണ പ്രവർത്തനങ്ങൾക്കും മറ്റും സേവനങ്ങൾ അത്യാവശ്യമാണ്. ഓരോരുത്തർക്കും ആവുന്ന സേവനങ്ങൾ ചെയ്യുന്നത് ചൊവ്വയിലെ ജീവിതത്തിന് വേഗം കൂട്ടും. ഇതിന്റെ ഒന്നാംഘട്ടം 2004 ഡിസംബറിൽ ആരംഭിച്ച് 2005 ഏപ്രിലിൽ അവസാനിച്ചു. 2005 മെയ് മാസം മുതൽ രണ്ടാംഘട്ട പ്രവർത്തനം തുടങ്ങി. ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയിൽ ഇങ്ങനെയുള്ള കാര്യങ്ങൾക്കും പ്രാധാന്യമുണ്ട്.

# കശുമാങ്ങ

## എങ്ങനെ പ്രയോജനപ്പെടുത്താം?

**പി.ബി. പുഷ്പലത**
**കെ.ബി. ഷീല**



ജനുവരി മുതൽ മെയ്മാസം വരെയാണ് കശുമാവിന്റെ വിളവെടുപ്പ് സമയം. എന്നാൽ കശുമാവ് തോട്ടങ്ങളിലെ വിളവെടുപ്പ് കശുവണ്ടി ശേഖരിക്കലിൽ മാത്രം ഒതുങ്ങി നിൽക്കുന്നു എന്നതാണ് വസ്തുത. കശുവണ്ടിയോടൊപ്പം ലഭിക്കുന്ന കശുമാങ്ങ ഏകദേശം മുഴുവനായിത്തന്നെ പാഴാക്കി കളയുന്നു. കേരളത്തിൽ പ്രതിവർഷം ഒരു ലക്ഷം ടൺ കശുവണ്ടിയും, 7-8 ലക്ഷം ടൺ കശുമാങ്ങയും ലഭ്യമാകുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പോഷകമൂല്യത്തിലും ഔഷധഗുണത്തിലും മറ്റേത് പഴത്തോടും കിടപിടിക്കാൻ കഴിവുള്ള, പ്രകൃതി നമുക്കായി കനിഞ്ഞ് നല്കിയ ഈ അമൂല്യ വിഭവം, അതർഹിക്കും വിധം ശേഖരിച്ച്, സംസ്കരിച്ച് പരമാവധി പ്രയോജനപ്പെടുത്തേണ്ടത് കാലത്തിന്റെ ഒരനിവാര്യതയായി തീർന്നിരിക്കുന്നു.

കശുമാങ്ങയിൽ ഏകദേശം 12 ശതമാനം അന്നജവും, ഒരു ശതമാനത്തിൽ താഴെ നാര്, 0.2 ശതമാനം ധാതുക്കൾ, തയാമിൻ, റൈബോഫ്ളേവിൻ, നിക്കോട്ടിനിക് ആസിഡ്, വിറ്റാമിൻ-എ എന്നിവ അടങ്ങിയിരിക്കുന്നു. കൂടാതെ വിറ്റാമിൻ-സിയുടെ ഒരു കലവറ തന്നെയാണ് കശുമാങ്ങ. 100 ഗ്രാം കശുമാങ്ങയിൽ 170 മുതൽ 350 മില്ലിഗ്രാം വരെ ജീവകം-സി അടങ്ങിയിട്ടുള്ളതായി കണ്ടിട്ടുണ്ട്. ഇത്തരുണത്തിൽ അവലോകനം ചെയ്താൽ കശുമാങ്ങയുടെ പോഷകമൂല്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ, കശുമാങ്ങ വൃത്തിയായി ശേഖരിക്കാനും കൈകാര്യം ചെയ്യാനുമുള്ള വിഷമം, കശുമാങ്ങ ഉത്പന്നങ്ങളെക്കുറിച്ച് ഉപഭോക്താക്കളുടെ ഇടയിലുള്ള അജ്ഞത എന്നിവ ഒരസംസ്കൃത വസ്തു എന്ന നിലയിൽ കശുമാങ്ങ പ്രചാരം നേടുന്നതിനുള്ള പ്രതിബന്ധങ്ങളായി വർത്തിക്കുന്നു എന്ന് കാണാം.

### കശുമാങ്ങയുടെ പ്രത്യേകതകൾ

ആകർഷകമായ നിറവും, ആകൃതിയുമുള്ള കശുമാങ്ങയ്ക്ക് അതിന്റേതായ പല പ്രത്യേകതകളും ഉണ്ടെന്ന് കാണാം. അതിൽ ഏറ്റവും പ്രധാനം കശുമാങ്ങയുടെ സ്വാദിനുള്ള പ്രത്യേകത തന്നെ. കശുമാങ്ങയിൽ അടങ്ങിയിട്ടുള്ള, ടാനിനുകൾ എന്ന് പൊതുവായി അറിയപ്പെടുന്ന ഘടകങ്ങൾ അതിന് ഒരു പ്രത്യേക ചവർപ്പ് നൽകുന്നു. വായ്ക്കുള്ളിൽ പരുപരുപ്പ് ഉണ്ടാക്കുകയും തൊണ്ടയിൽ കാറൽ ഉണ്ടാക്കുകയും ചെയ്യുന്നു. ഇത് കശുമാങ്ങ ഒരു പഴമായോ, സംസ്കരണത്തിനുള്ള അസംസ്കൃത വസ്തുവായോ ഉപയോഗപ്പെടുത്തുന്നതിനെ പ്രതികൂലമായി ബാധിക്കുന്നു. മറ്റൊരു പ്രധാന പരിമിതി കശുമാങ്ങ വളരെവേഗം ചീത്തയായി പോകുന്നു എന്നതാണ്.

### കശുമാങ്ങയുടെ ഇടക്കാല സംസ്കരണം

പഴങ്ങൾ ധാരാളമായി ലഭിക്കുന്ന സമയത്ത് അവയെ ലളിതമായ മാർഗങ്ങളിലൂടെ, സൗകര്യപ്രദമായ രൂപത്തിലാക്കിയെടുത്ത്, ഉത്പന്നങ്ങളാക്കി മാറ്റുന്നതുവരെ കേട് വരാതെ സൂക്ഷിച്ച് വയ്ക്കുന്നതാണ് ഇടക്കാല സംസ്കരണം. മറ്റ് പഴങ്ങളെ പോലെ തന്നെ കശുമാങ്ങ ജ്യൂസായോ, പൾപ്പായോ ഒരു കൊല്ലം വരെ സൂക്ഷിച്ച് വയ്ക്കാൻ കഴിയും.

ശേഖരിച്ച ഉടൻ തന്നെ കശുമാങ്ങ സംസ്കരണശാലകളിലേക്ക് കൊണ്ടുവന്ന് കേടുപാടുള്ളവ തിരഞ്ഞെടുത്ത് മാറ്റണം. അനുയോജ്യമായ മാങ്ങകൾ നല്ലപോലെ ശുദ്ധമായ വെള്ളത്തിൽ കഴുകിയെടുത്തശേഷം, പൾപ്പായി സൂക്ഷിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ മാങ്ങയുടെ കറ കളയുന്നതിനുള്ള മാർഗങ്ങൾ അവലംബിക്കണം. നീരായി സൂക്ഷിച്ച് വയ്ക്കലാണ് ആവശ്യമെങ്കിൽ നീരെടുത്ത് കറ കളഞ്ഞശേഷം സൂക്ഷിച്ചുവയ്ക്കാം.

മാങ്ങയുടെ കറ കളയുന്നതിന് പല രീതികളും ഉണ്ട്. പാകമായ കശുമാങ്ങ 5 ശതമാനം വീര്യമുള്ള ഉപ്പ് ലായനിയിൽ 2-3 ദിവസം മുക്കിവയ്ക്കുമ്പോൾ കറയുടെ അളവ് കുറയുന്നു. മാങ്ങ ഉപ്പ് ലായനിയിൽ മുങ്ങിക്കിടക്കാൻ സ്റ്റീൽ, ഗ്ലാസ്, അലൂമിനിയം ഇവയിലേതെങ്കിലും ഒന്ന് ഭാരമായി വയ്ക്കേണ്ടതാണ്. ഉപ്പ് ലായനിയിൽ നിന്നും മാങ്ങ മാറ്റിയശേഷം ശുദ്ധജലത്തിൽ 3-4 മണിക്കൂർ മുക്കിയിട്ട് കഴുകിയെടുത്താൽ ഉപ്പ് രസം കുറയും. പഴങ്ങൾ തിളയ്ക്കുന്ന ഉപ്പുവെള്ളത്തിൽ 5 മിനിട്ട് നേരം മുക്കിയെടുക്കുന്ന പതിവും ഉണ്ട്. കശുമാങ്ങ പ്രഷർ കുക്കറിലോ ഓട്ടോ ക്ലേവിലോ ഇട്ട് ഉയർന്ന മർദത്തിൽ 10 മിനിട്ട് നേരം നീരാവി കൊള്ളിക്കുന്നത് കറയുടെ അളവ് കുറയ്ക്കാൻ സഹായിക്കും. കറ നീക്കം ചെയ്ത കശുമാങ്ങ, മിക്സിയിലോ, പൾപ്പറിലോ ഇട്ട് അടിച്ചാൽ നല്ല പൾപ്പ് ലഭിക്കും. പൾപ്പ് കേട് വരാതെ സൂക്ഷിച്ച് വയ്ക്കുന്നതിന് ഒരു കിലോ പൾപ്പിൽ 5 ഗ്രാം സിട്രിക് അമ്ലം, 2.5 ഗ്രാം പൊട്ടാസ്യം മെറ്റാബൈസൾഫേറ്റ് എന്ന തോതിൽ ചേർത്ത് വയ്ക്കണം.

കശുമാങ്ങയുടെ നീരിൽ നിന്ന് കറയുടെ അംശം മാറ്റിയെടുക്കാനും മാർഗങ്ങൾ ഉണ്ട്. കശുമാങ്ങ കഴുകി, ഞെട്ടുകളഞ്ഞ് കൈകൊണ്ടോ, സ്ക്രൂ പ്രസ്സ്, ഹൈഡ്രോളിക് പ്രസ്സ് എന്നീ യന്ത്രങ്ങളുടെ സഹായത്തോടെയോ നീര് വേർതിരിച്ചെടുക്കാം. കൈകൊണ്ട് പിഴിഞ്ഞാൽ 2-3 കിലോ മാങ്ങയിൽ നിന്നും ഒരു ലിറ്റർ നീര് ലഭിക്കും. യന്ത്രസംവിധാനങ്ങളുണ്ടെങ്കിൽ കശുമാങ്ങയിൽ നിന്നും 70 ശതമാനത്തോളം നീര് ലഭിക്കുന്നു. കശുമാങ്ങ ഇനത്തെ ആശ്രയിച്ച് നീരിൽ 0.2 മുതൽ 0.8 ശതമാനം വരെ കറയുടെ അംശം ഉണ്ടാകും. ജലാറ്റിൻ, സ്റ്റാർച്ച് എന്നിവയിലേതെങ്കിലും ഉപയോഗിച്ച് ഈ കറ നീക്കം



ചെയ്യാം. ചവർപ്പ് നീക്കം ചെയ്യുന്നതിനുള്ള ഏറ്റവും ലളിതവും, ലാഭകരവുമായ മാർഗം കഞ്ഞിവെള്ളം (സ്റ്റാർച്ച്) ഉപയോഗിക്കലാണ്. ഒരു ലിറ്റർ കശുമാങ്ങാ നീരിന് ഒരു കപ്പ് കഞ്ഞിവെള്ളം (150 മില്ലി ലിറ്റർ) ചേർത്ത് 12 മണിക്കൂർ അനക്കാതെ വെക്കുക. ഇതൊടൊപ്പം ലിറ്ററിന് രണ്ടരഗ്രാം പൊട്ടാസ്യം മെറ്റാബൈസൾഫേറ്റും അഞ്ച് ഗ്രാം സിട്രിക് അമ്ലവും ചേർത്ത് കൊടുക്കണം. നീര് അണുബാധ മൂലം കേട് വരാതിരിക്കാനാണ് ഇപ്രകാരം ചെയ്യുന്നത്. ചവർപ്പ്രസം ഉണ്ടാക്കുന്ന ടാനിനിൽ അടങ്ങിയ വസ്തുക്കൾ വെളുത്ത അവക്ഷിപ്തമായി ഊറിയിരിക്കുന്നത് കാണാം. അവക്ഷിപ്തം മാറ്റി, തെളിഞ്ഞ കശുമാങ്ങാനീര് മറ്റൊരു പാത്രത്തിലേക്ക് ശ്രദ്ധാപൂർവം മാറ്റുക. ജലാറ്റിനാണ് ഉപയോഗിക്കുന്നതെങ്കിൽ ഒരു ലിറ്റർ കശുമാങ്ങാനീരിന് 450 മില്ലിഗ്രാം എന്ന തോതിൽ ആവശ്യം വരും. ചൂടുവെള്ളത്തിൽ ജലാറ്റിൻ ലയിപ്പിച്ച് കശുമാങ്ങാനീരുമായി കലർത്തി വെക്കണം.

## കശുമാങ്ങ ഉത്പന്നങ്ങൾ

ഉപ്പുവെള്ളത്തിലിട്ട് കറ കളഞ്ഞ കശുമാങ്ങ നല്ലപോലെ കഴുകിയെടുത്ത് ഉപ്പ് നീക്കിയ ശേഷം ക്യാൻഡി, ചട്നി, അച്ചാർ എന്നിവ ഉണ്ടാക്കാൻ ഉപയോഗിക്കാം. കശുമാങ്ങ പൾപ്പ് (നേരത്തെ വിവരിച്ചത് പോലെ തയ്യാർ ചെയ്തത്) ഉപയോഗിച്ച് തയ്യാർ ചെയ്യാവുന്ന ഉത്പന്നങ്ങളിൽ പ്രധാനം ജാം ആണ്. നീര് ഉപയോഗിച്ച് സിറപ്പ്, സ്കാഷ്, ജ്യൂസ് എന്നിവ തയ്യാറാക്കാം. കറ കളഞ്ഞ നീരാണ് ഇതിന് ഉപയോഗിക്കേണ്ടത്. നേരത്തെ രാസസംരക്ഷക വസ്തുക്കൾ ചേർത്ത് സൂക്ഷിച്ച് വച്ചിട്ടുള്ള നീരോ പൾപ്പോ ആണ് ഉത്പന്നങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്നതെങ്കിൽ വീണ്ടും ചേരുവകളിൽ കൊടുക്കുന്ന രാസസംരക്ഷക വസ്തുക്കളും സിട്രിക് അമ്ലവും ഉപയോഗിക്കേണ്ടതില്ല എന്ന് പ്രത്യേകം ശ്രദ്ധിക്കണം.

## കശുമാങ്ങ ക്യാൻഡി

കറ കളഞ്ഞ കശുമാങ്ങ ഒരു മിനിട്ട് തിളയ്ക്കുന്ന വെള്ളത്തിൽ മുക്കിയെടുത്ത ശേഷം കൂർത്ത സ്റ്റീൽ കമ്പി, അല്ലെങ്കിൽ വൃത്തിയുള്ള മുളയുടെ കമ്പ് ഉപയോഗിച്ച് കുത്തി, ചെറിയ ദ്വാരങ്ങൾ ഉണ്ടാക്കുക. ഈ കശുമാങ്ങ 30 ശതമാനം വീര്യമുള്ള (300 ഗ്രാം പഞ്ചസാര ഒരു ലിറ്റർ വെള്ളത്തിൽ ചൂടാക്കി ലയിപ്പിച്ചത്) പഞ്ചസാര ലായനിയിൽ മുക്കിയിടുക. പഞ്ചസാര ലായനി പുളിച്ച് പോകാതിരിക്കാൻ ലിറ്ററിന് 1.5 ഗ്രാം എന്ന തോതിൽ പൊട്ടാസ്യം മെറ്റാബൈസൾഫേറ്റ് ചേർക്കാം. ഓരോ ദിവസവും പഞ്ചസാര ലായനിയുടെ വീര്യം ഏകദേശം 10 ശതമാനം കണ്ട് വർദ്ധിപ്പിക്കണം. ഇതിനായി മാങ്ങ ലായനിയിൽ നിന്നും നീക്കം ചെയ്ത് 100 ഗ്രാം പഞ്ചസാര ചേർത്ത്, ലായനി ചൂടാക്കണം. ചെറു ചൂടോടു കൂടി മാങ്ങ വീണ്ടും അതിൽ ഇട്ട് വെയ്ക്കണം. ഈ പ്രക്രിയ പഞ്ചസാരലായനിയുടെ വീര്യം 70 ശതമാനം ആകുന്നതു വരെ തുടരുക. 70 ശതമാനമായിക്കഴിഞ്ഞാൽ ഏതാണ്ട് ഒരാഴ്ച മാങ്ങ ലായനിയിൽ തന്നെ സൂക്ഷിക്കുക. അതിന് ശേഷം പുറത്തെടുത്ത് വൃത്തിയുള്ള കുപ്പികളിൽ സൂക്ഷിക്കാം. പഞ്ചസാര പരലുകളായി വേർപിരിയാതിരിക്കാൻ മൂന്നാം ദിവസം ലായനിയിൽ ഒരു ഗ്രാം സിട്രിക് അമ്ലം ഒരു ലിറ്റർ ലായനിയിൽ എന്ന തോതിൽ ചേർത്ത് കൊടുക്കണം.

## കശുമാങ്ങ അച്ചാർ

കറ കളഞ്ഞ കശുമാങ്ങ കഷണങ്ങളായി മുറിച്ച് ഒരു കിലോയ്ക്ക് ഏകദേശം 100 ഗ്രാം ഉപ്പ്, 5 ഗ്രാം മഞ്ഞൾപൊടി എന്ന തോതിൽ തിരുമ്മി, 5-6 മണിക്കൂർ വച്ച്, വെള്ളം മാറ്റിക്കളഞ്ഞ്, എടുത്ത് സാധാരണ ചെറുനാരങ്ങ, മാങ്ങ എന്നിവ അച്ചാറിടും പോലെ അച്ചാറിടാം.

## കശുമാങ്ങ ജാം

കശുമാങ്ങ പൾപ്പ് ആണ് ജാം ഉണ്ടാക്കാൻ ഉപയോഗിക്കുന്നത്. ഒരു കിലോ പൾപ്പിന് ഒരു കിലോ പഞ്ചസാര, 4 ഗ്രാം സിട്രിക് അമ്ലം എന്ന തോതിൽ ചേർത്ത് നല്ല പോലെ ഇളക്കി, അടുപ്പത്ത് വെച്ച് കുറുക്കിയെടുത്താണ് ജാം തയ്യാറാക്കുന്നത്. മറ്റു പഴങ്ങളുടെ പൾപ്പുമായി കശുമാങ്ങ പൾപ്പ് കലർത്തി ഒന്നാം തരം ജാം തയ്യാർ ചെയ്യാം.

## ശീതള പാനീയങ്ങൾ

കറ കളഞ്ഞ കശുമാങ്ങാനീര് ഉപയോഗിച്ചാണ് ശീതള പാനീയങ്ങൾ തയ്യാറാക്കുന്നത്.

സിറപ്പ്: ഒരു ലിറ്റർ കശുമാങ്ങാനീര് ഉപയോഗിച്ച് 4 ലിറ്റർ സിറപ്പ് ഉണ്ടാക്കാം. ഇതിന് ഏകദേശം രണ്ടര കിലോ പഞ്ചസാര, 20 ഗ്രാം സിട്രിക് അമ്ലം, രണ്ടര ഗ്രാം പൊട്ടാസ്യം മെറ്റാബൈസൾഫേറ്റ് എന്നിവ വേണ്ടി വരും. നീര് കറ കളയുന്നതിന് സ്റ്റാർച്ച് ചേർത്ത് വയ്ക്കുമ്പോൾ സിട്രിക് അമ്ലം 5 ഗ്രാം, പൊട്ടാസ്യം മെറ്റാബൈസൾഫേറ്റ് രണ്ടര ഗ്രാം ഒരു ലിറ്റർ നീരിന് എന്ന തോതിൽ ചേർത്തിട്ടുണ്ടെങ്കിൽ വീണ്ടും 15 ഗ്രാം സിട്രിക് ആസിഡ് ഒരു ലിറ്റർ നീരിന് എന്ന തോതിൽ എടുത്താൽ മതി. പൊട്ടാസ്യം മെറ്റാബൈസൾഫേറ്റ് ചേർക്കേണ്ടതില്ല.

വെള്ളത്തിൽ പഞ്ചസാര, സിട്രിക് അമ്ലം എന്നിവ ചേർത്ത് തിളപ്പിച്ച ശേഷം ലായനി മാലിന്യങ്ങൾ നീക്കം ചെയ്യാൻ കനം കുറഞ്ഞ തുണിയിലൂടെ അരിച്ച്, തണുക്കാൻ വയ്ക്കുക. ഈ തണുത്ത പഞ്ചസാര ലായനിയിൽ കശുമാങ്ങാനീര് ചേർത്ത് ആവശ്യമെങ്കിൽ അല്പം കളർ (ലെമൺ യെല്ലോ കളർ) ചേർത്ത് ഇളക്കി കുപ്പികളിൽ നിറച്ച് സീൽ ചെയ്യുക.

## സ്കാഷ്

സിറപ്പുണ്ടാക്കുന്നതു പോലെയാണ് സ്കാഷ് ഉണ്ടാക്കുന്നത്. എന്നാൽ ഒരു ലിറ്റർ നീരിന് 1.6 കിലോ പഞ്ചസാര, 1.4 കിലോ വെള്ളം എന്ന തോതിൽ എടുക്കണം. മറ്റ് ചേരുവകൾ സിറപ്പ് പോലെ തന്നെ. പഞ്ചസാരയും സിട്രിക് അമ്ലവും വെള്ളത്തിൽ ചേർത്ത് ചൂടാക്കി ലയിപ്പിച്ച്, തണുത്ത ശേഷം നീരിൽ ചേർക്കുന്നു. ഇതാണ് സ്കാഷ്. ആവശ്യമെങ്കിൽ അല്പം കളർ ചേർക്കുക. കുപ്പികളിൽ നിറയ്ക്കുക.

സിറപ്പ് നാലിരട്ടി വെള്ളം ചേർത്തും സ്കാഷ് മൂന്നിരട്ടി വെള്ളം ചേർത്തുമാണ് ഉപയോഗിക്കുന്നത്. എന്നാൽ ആർ.ടി.എസ് എന്ന ശീതളപാനീയം അങ്ങനെ തന്നെ ഉപയോഗിക്കാം. ഇതിന് 150 ഗ്രാം നീര്, 150 ഗ്രാം പഞ്ചസാര, 700 മില്ലിലിറ്റർ വെള്ളം എന്ന തോതിൽ എടുക്കണം. കറ കളയാനായി നീര് സ്റ്റാർച്ച് ചേർത്ത് വയ്ക്കുന്നതോടൊപ്പം ഒരു ലിറ്റർ നീരിന് ഒരു ഗ്രാം സിട്രിക് ആസിഡ്, 140 മില്ലി ഗ്രാം പൊട്ടാസ്യം മെറ്റാബൈസൾഫേറ്റ് എന്ന തോതിൽ ചേർത്താൽ മതിയാകും. തെളിഞ്ഞ കറ കളഞ്ഞ ജ്യൂസ്, സ്കാഷ് ഉണ്ടാക്കുന്ന വിധം വിവരിച്ചതു പോലെ തന്നെ പഞ്ചസാര ലായനിയുമായി കലർത്തി ആർ.ടി.എസ്. ശീതളപാനീയം തയ്യാറാക്കാം. ■

# പഴമയുടെ തണലുമായി ഓലക്കുടകൾ

**പണ്ടുമുതല്ക്കേ കുടകൾ കേരളീയ ജീവിതത്തിന്റെ ഭാഗമാണ്. മാറുന്ന തലമുറകളുടെ രുചിഭേദങ്ങളറിഞ്ഞ് വളർന്നു വന്ന കുടക്കുടുംബ മാഹാത്മ്യത്തെക്കുറിച്ച്....**

**പി. വിശ്വനാഥൻ**



മഴയോ വെയിലോ മഞ്ഞോ ഇല്ലാത്ത സ്ഥലങ്ങളുണ്ടോ? ഇല്ലെന്നു തന്നെ പറയാം. ഇവയൊന്നുമില്ലെങ്കിൽ മനുഷ്യനും മറ്റു ജീവജാലങ്ങളുമില്ല. എന്നാൽ ഇവയുടെ കാഠിന്യത്തിൽ നിന്ന് മനുഷ്യൻ എങ്ങനെ രക്ഷ നേടും? രക്ഷ നേടുന്നതിന് പല തരത്തിലുള്ള മാർഗങ്ങളാണവർ ഉപയോഗിച്ചു വന്നത്. വീടുകളാലും കൊട്ടാരങ്ങളാലും, കൂടാതെ, എല്ലായ്പ്പോഴും ഉപയോഗിക്കാൻ പറ്റുന്ന രീതിയിലുള്ള കുടകളുടെ രൂപത്തിലൂടെയുമാണവർ അത് സാധിച്ചെടുത്തത്. കുടകളുടെ നിർമാണവും ഉപയോഗവും സ്വായത്തമാക്കിയ അവർ അവയെ കൂടുതൽ മനോഹരവും ചെറുതുമാക്കി മാറ്റി. കാലഭേദമെന്യേ കുടകൾ മനുഷ്യന്റെ സന്തത സഹചാരിയായി മാറി.

കേരളീയന്റെ കാര്യമെടുത്താൽ കുടകൾ ജീവിതത്തിന്റെ പ്രധാന ഭാഗമായി മാറിയിരിക്കുന്നു. മഴയെന്നോ വെയിലെന്നോ ഭേദമില്ലാതെ വിറ്റഴിയുന്നൊരു വസ്തുവുമാണിത്. ഉപഭോഗസംസ്കാരത്തിന്റെ നീരാളിപ്പിടിത്തത്തിൽ കുടകൾ വിപുലമായ കമ്പോളം ഉണ്ടാക്കിയെടുത്തു. മൂന്നു നാലു തലമുറകൾക്ക് മുമ്പ് നമുക്കുമുണ്ടായിരുന്നു നമ്മുടേതായ കുടകൾ. ഓലക്കുടകളായും മാവേലിക്കുടകളായും ഓർമയിൽ തങ്ങിനിൽക്കുന്നവ. മനോഹരമായവ. ഇന്നലെകളുടെ സംസ്കാരവുമായിരുന്നവ.

'പുണർതം പുഴപോലെ......' 'തിരുവാതിര തിരമുറിയാതെ.......' പഴഞ്ചൊല്ലുകളുടെയും ഞാറ്റുവേലകളുടെയും കാലം കഴിഞ്ഞിരിക്കുന്നു. ഓലക്കുടകളുടെ കാര്യവും തഥൈവ! അതിനെ നമുക്ക് മറക്കുവാൻ കഴിയുമോ? ഇന്ന് അത്തരത്തി

ലുള്ളവ കേൾ ക്കാനും കാണാനും കഴിയുമോ? സംശയം. എങ്കിൽ ഇന്നും കേരളത്തിന്റെ മലബാർ പ്രദേശങ്ങളിൽ പ്രത്യേകിച്ച് പാലക്കാടൻ ഗ്രാമപ്രദേശങ്ങളിൽ ഓലക്കുടകളും ചൂടി വയലേലകളിലേക്ക് പോകുന്ന പണിക്കാരെ അത്ഭുതത്തോടെ പുത്തൻ തലമുറ നോക്കി നിൽക്കുന്ന കാഴ്ചകളുണ്ട്.

തമ്പുരാൻ കുടകളായും മാവേലിക്കുടകളായും ആഢ്യത്തത്തിന്റെയും ഐതിഹ്യത്തിന്റെയും അരങ്ങുവാണവർ മുതൽ കുണ്ടൻ കുടകളായും തൊപ്പിക്കുടകളായും സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും തണലായി മാറിയ ഓലക്കുടകളുമുണ്ടായിരുന്നു.

വ്യത്യസ്തവും മനോഹരവുമായ ഓലക്കുടകൾ വിരളമായെങ്കിലും ഇന്നും കാണാം. പാണർ, പറയർ സമുദായത്തിൽപ്പെട്ടവരുടെ കരവിരുതും അധ്വാനവുമാണിതിന് പിന്നിൽ. പനവിഭാഗത്തിൽപ്പെടുന്ന 'കുടപ്പന' എന്ന പൊതുപേരിൽ അറിയപ്പെടുന്ന ഒറ്റത്തടി വൃക്ഷത്തിന്റെ ഓലകളാണ് നിർമാണത്തിന് മുഖ്യമായും ഉപയോഗിക്കുന്നത്.



## ആഡംബരവും ആവശ്യവും

**കാ**ലാവസ്ഥയിലെ വ്യതിയാനം മൂലമുള്ള കാഠിന്യത്തെ പ്രതിരോധിക്കാനാണ് കുട ഉപയോഗിക്കുന്നതെങ്കിലും കുട പലപ്പോഴും അലങ്കാരത്തിന്റെയും ആഡംബരത്തിന്റെയും പ്രതീകമാകാറുണ്ട്. കുടയുടെ ഉത്പത്തിയെപ്പറ്റിയും വ്യക്തമായ ചിത്രമില്ല. മഴയിൽ നിന്ന് രക്ഷ നേടാനാണ് കുട പിടിക്കുന്നതെങ്കിലും വെയിലിനൊരു മറ എന്ന നിലയിലാണ് കുട ആവിർഭവിച്ചത്. 18-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ മഴയ്ക്കെതിരെ കുട ഉപയോഗിച്ചു തുടങ്ങിയതായി ചരിത്രം പറയുന്നുണ്ട്. എന്നാൽ അന്ന് സാധാരണ ജനങ്ങൾക്ക് കുട ചൂടാൻ അനുമതിയില്ലായിരുന്നു. രാജാക്കൻമാരും പ്രഭുക്കൻമാരും ഉന്നത ഉദ്യോഗസ്ഥരും മാത്രമേ കുട പിടിക്കാറുണ്ടായിരുന്നുള്ളൂ. കുട അധികാരത്തിന്റെയും ബഹുമാനത്തിന്റെയും അടയാളമായിരുന്നു. നമ്മുടെ നാട്ടിൽ മഴയുള്ളപ്പോൾ സഞ്ചരിക്കാനാണ് കുടകൾ ഉണ്ടാക്കിയത്. നാട്ടിൻപുറങ്ങളിൽ പാടത്തെ കർഷകർക്കിടയിൽ കുണ്ടൻകുടയും തൊപ്പിക്കുടയും ഇന്നും സാധാരണം.

### 'കുടപ്പന'

മലബാർ പ്രദേശങ്ങളിൽ, പാലക്കാടൻ ഭാഗങ്ങളിൽ ഇവ കണ്ടുവരുന്നു. സാധാരണ പനമ്പട്ടകളിൽ നിന്ന് വ്യത്യസ്തമായി ഇവയുടെ ഓലകൾക്ക് മൂന്നിരട്ടിയോളം വലിപ്പവും തടിക്ക് വണ്ണക്കൂടുതലുമുണ്ടാകും. എന്നാൽ സാധാരണ പനമ്പട്ടയുടെ തണ്ടിൽ കാണുന്നതുപോലെ ഈർച്ചവാൾമുള്ളുകളുമുണ്ട്.

മഴക്കാലത്തെ പട്ടിണിയിൽ നിന്നും പരിവട്ടത്തിൽ നിന്നും ചെറിയ തോതിലെങ്കിലും ആശ്വാസം ലഭിക്കുന്നതാണിതിന്റെ നിർമാണവും വില്പനയും. അതിനുള്ള തയ്യാറെടുപ്പുകൾ കുംഭം, മീനം മാസങ്ങളിൽ തുടങ്ങുന്നു. മൂത്ത പട്ടകൾ വെട്ടി ആഴ്ചകളോളം വെയിലത്ത് വച്ച് വാട്ടിയെടുത്തശേഷം ഒന്നോ ഒന്നരയോ മീറ്ററുള്ള കഷ്ണങ്ങളാക്കി സൂക്ഷിക്കുന്നു. പിന്നീട് കുട കെട്ടുന്നതിനാവശ്യമായ മുള്ളുകളും നാരുകളും ശേഖരിക്കുന്നു. മുളകൾ വെട്ടി വെയിൽ കൊള്ളിച്ച ശേഷം ആവശ്യമായ നീളത്തിലും വീതിയിലും പൊളിച്ചെടുക്കുന്നു. ചിലപ്പോൾ മയത്തിന് വേണ്ടി ഒന്നോ രണ്ടോ ദിവസം വെള്ളത്തിൽ കെട്ടിത്താഴ്ത്തി വയ്ക്കാറുണ്ട്. പനമ്പട്ടയുടെ തണ്ടിൽ നിന്ന് ആവശ്യത്തിനുള്ള നാരുകളും ചീന്തിയെടുക്കുന്നു. ഇനി ഇടവപ്പാതിക്കായുള്ള കാത്തിരിപ്പാണ്.

ജൂൺ മാസത്തിലെത്തുന്ന മഴയ്ക്കുവേണ്ടിയുള്ള കുടനിർമാണത്തിൽ ആദ്യം മുളങ്കമ്പുകൾ കൊണ്ട് ആവശ്യമായ വട്ടത്തിൽ നീളത്തിലും കുറുകെയും കെട്ടിയുണ്ടാക്കുന്ന 'ഓലത്താങ്ങി' രൂപപ്പെടുത്തുന്നു. അതിനുശേഷം അവയ്ക്ക് മുകളിലായി ക്രമത്തിലും വൃത്തിയിലും ഓലകൾ കെട്ടി തയ്യാറാക്കുന്നു. ഓലക്കുടയുടെ വട്ടമെന്നത് ഒന്നര മീറ്ററോളം വ്യാസമുണ്ടാകും. ആവശ്യാനുസരണം അതിൽ മാറ്റം വരുത്തുകയും ചെയ്യാം. നല്ലൊരു പണിക്കാരൻ ഒരു ദിവസം മൂന്നു മുതൽ ആറെണ്ണം വരെ ഉണ്ടാക്കുന്നു. ഓല പൊതിയൽ മിക്കവാറും സ്ത്രീകളായിരിക്കും ചെയ്യുന്നത്.

നാലുതരത്തിലുള്ള ഓലക്കുടകൾ നമുക്ക് കാണാൻ കഴിയും. പാരമ്പര്യത്തെയും ആഢ്യത്തത്തെയും വിളിച്ചോതുന്ന മാവേലിക്കുടകളായും കാൽക്കുടകളായും കാണപ്പെടുന്നവ ആദ്യസ്ഥാനത്തെത്തുന്നു. തമ്പുരാന്മാരും ജന്മികളും പ്രഭുക്കൻമാരുമാണത്രെ ഇതിന്റെ അവകാശികൾ. കുചേലന്റെ പക്കലും ഇത്തരം കുടയുള്ളതായി ഐതിഹ്യം പറയുന്നു. ഒരു മുളങ്കാലിൽ നിന്നുള്ള മനോഹരസൃഷ്ടിയാണിത്.

കൃഷിപ്പണിക്കാരും സാധാരണക്കാരും ഉപയോഗിക്കുന്ന തൊപ്പിക്കുട, പേരുപോലെ തന്നെ 'തൊപ്പി' കുടയാണിത്. ഇന്നത്തെ തൊപ്പിയുടെ ആദ്യരൂപമായും ഇതിനെ കണക്കാക്കാം. പൊതുവെ വിസ്താരം കൂടുതലുമായിരിക്കും ഇവയ്ക്ക്. തലയിൽ നിന്ന് എങ്ങോട്ടും പോവുകയുമില്ല. കൂടാതെ സ്ത്രീകൾ മാത്രം ഉപയോഗിക്കുന്ന 'കുണ്ടൻകുട' 'റ' അക്ഷരത്തിന്റെ ആകൃതിയിൽ ഉണ്ടാക്കിയെടുത്തതാണ്. കൃഷിപ്പണിക്കാരികളുടെ സഹചാരിയുമാണിത്. കുണ്ടൻ കുടയുടെ പകുതി വലുപ്പമുള്ള ഓലക്കുടകളുമുണ്ട്. അതിനെ 'തട്ടുകുട' എന്നു വിളിക്കുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേ പോലെ ഉപയോഗിക്കാൻ പാകത്തിലുള്ള നിർമാണമാണിതിന്.

സാധാരണക്കാരന്റെയും പാവപ്പെട്ടവന്റെയും കുടയാണത്രെ തൊപ്പിക്കുടയും കുണ്ടൻകുടയും തട്ടുകുടയും. എന്നാൽ സവർണ മേധാവിത്തത്തെയും പൊന്നോണത്തെയും പ്രകീർത്തിക്കുന്ന കുടയായിട്ടാണ് കാൽക്കുടകളും മാവേലിക്കുടകളും വരുന്നത്. വിലയുടെ കാര്യത്തിൽ പണിക്കൂലിയെക്കാൾ കുറവാണ്. 30 മുതൽ 40 രൂപ വരെ. ഏതൊരു സാധാരണക്കാരനും താങ്ങാവുന്നതാണ്. രണ്ടു വർഷത്തോളം ഒരു കുട നിലനിൽക്കുമെന്നത് നേട്ടവുമാണ്. ഒരു കാലത്ത് വളരെ ലാഭകരമായ ഈ തൊഴിൽ ഇന്ന് പനകളുടെ കുറവും നവ സാമൂഹിക പ്രസ്ഥാനങ്ങളുടെ ഉൾവിളികളും കൊണ്ട് അപ്രത്യക്ഷമാകുന്ന അവസ്ഥയിലാണ്. ■



# പുനർജ്ജനി തേടുന്ന കൃഷ്ണനാട്ടം

**ബിജു ഗോപിനാഥ്**

'തെക്കൻ ദ്വാരക' എന്നറിയപ്പെടുന്ന ഗുരുവായൂരിലെ ഉണ്ണിക്കണ്ണൻ ഉണരുന്നത് പൂന്താനത്തിന്റെ ജ്ഞാനപ്പാന കേട്ടുകൊണ്ടാണെങ്കിൽ പള്ളിയുറങ്ങുന്നത് മാനവേദന്റെ 'കൃഷ്ണഗീതി'യിലെ പദങ്ങൾ കേട്ടുകൊണ്ടാണ്. കേരളത്തിലെ കലാസ്വാദകരുടെ സ്മൃതികളിൽ നിന്നും മറഞ്ഞുകൊണ്ടിരിക്കുന്ന ഒരപൂർവ കലാരൂപം ഇവിടത്തെ ക്ഷേത്രരാവുകളെ സമ്പന്നമാക്കുന്നു. അതാണ് കൃഷ്ണനാട്ടം. ആദ്യന്തം ഒരു നൃത്തനാടകമായ കൃഷ്ണനാട്ടം ഇന്ന് അരങ്ങിലെത്തുന്നത് ഗുരുവായൂർ ക്ഷേത്രത്തിൽ മാത്രമാണ്.

കഥകളിയും മോഹിനിയാട്ടവും നാടൻ കലകളും ആധുനിക ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെ വളർച്ച പ്രാപിക്കുമ്പോഴും ഇവയെക്കാൾ പാരമ്പര്യമുള്ള കൃഷ്ണനാട്ടത്തിന് വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ പോകുന്നു. യാതൊരു ദാക്ഷിണ്യവും കൂടാതെ പൈതൃകകലകൾ കച്ചവടം ചെയ്യുമ്പോഴും വിദേശങ്ങളിലേക്ക് കയറ്റുമതി ചെയ്യുമ്പോഴും ആ പാതയിൽ സഞ്ചരിക്കാതെ തനതു പൈതൃകം കാത്തുസൂക്ഷിച്ച് ഗുരുവായൂർ അമ്പലത്തിനുള്ളിൽ പരിമിതമായ ആസ്വാദക വൃന്ദത്തിന് മുന്നിൽ, തനിമ നഷ്ടപ്പെടാതെ ഇന്നും ഈ കലാരൂപം അവതരിപ്പിക്കപ്പെടുന്നു.

കൃഷ്ണനാട്ടത്തിന്റെ ചരിത്രം തുടങ്ങുന്നത് 16-ാം നൂറ്റാണ്ടിലാണ്. 1585-ൽ ജനിക്കുകയും 1658 മുതൽ 1662 വരെ സാമൂതിരി സ്ഥാനമലങ്കരിക്കുകയും ചെയ്ത മാനവേദനാണ് 'കൃഷ്ണഗീതി' എഴുതിയത്. കൃഷ്ണനാട്ടം എന്ന കലാരൂപത്തിനാധാരമായ സംസ്കൃത സാഹിത്യ കൃതിയാണ് കൃഷ്ണഗീതി. ഇതിൽ 70 ഗീതവും 345 ശ്ലോകവും ഒരു ദണ്ഡകവുമുണ്ട്. എ.ഡി. 1653 നവംബർ 16-നാണ് മാനവേദൻ കൃഷ്ണഗീതി എഴുതി പൂർത്തിയാക്കിയതായി പറയപ്പെടുന്നത്. ഇതിൽ പലവിധ അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്.

കൃഷ്ണനെ സംബന്ധിക്കുന്ന എട്ടുകഥകൾ എന്ന അർത്ഥത്തിൽ 'കൃഷ്ണാഷ്ടകം' എന്ന വാക്കിന്റെ ഉത്ഭവമാണ് കൃഷ്ണനാട്ടം ആയി പരിണമിച്ചതെന്നു പറയപ്പെടുന്നു. രാമന്റെ ആട്ടം രാമനാട്ടം എന്ന പോലെ കൃഷ്ണന്റെ ആട്ടം കൃഷ്ണനാട്ടം എന്നു പറയുന്നതാണ് ഉചിതമെന്നും പ്രൊഫ. പി.സി. വാസുദേവൻ ഇളയത് അഭിപ്രായപ്പെടുന്നു. ഇതിന് കൃഷ്ണനാടകമെന്നും കൃഷ്ണനാട്ടം എന്നും പറയുന്നുണ്ട്.

കൃഷ്ണനാട്ടത്തിന്റെ ഉത്പത്തിയെക്കുറിച്ച് പല ഐതിഹ്യങ്ങളും നിലവിലുണ്ട്. അതിൽ ഏറ്റവും പ്രചാരമുള്ളത് വില്വമംഗലവുമായും മാനവേദനുമായും ബന്ധപ്പെട്ടതാണ്. വില്വമംഗലത്തു സ്വാമിയാരും, മാനവേദരാജാവും കൂടി ഗുരുവായൂരിൽ ഭജിച്ചു താമസിച്ചിരുന്ന കാലത്ത് രാജാവ് സ്വാമിയാരോട് തനിക്ക് ശ്രീകൃഷ്ണഭഗവാനെ പ്രത്യക്ഷമാക്കിത്തരണമെന്നപേക്ഷിച്ചു. ഭഗവാനോടു ചോദിച്ചിട്ടു പറയാമെന്നു സ്വാമിയാർ മറുപടി പറഞ്ഞു. അടുത്ത ദിവസം തന്നെ ഭഗവാൻ അങ്ങേക്കു ദർശനം തരാമെന്ന് സമ്മതിച്ചിരിക്കുന്നു എന്നും, ഇലഞ്ഞിത്തറയിൽ കളിച്ചുകൊണ്ടിരിക്കുന്നതു കാണാമെന്നും സ്വാമിയാർ രാജാവിനെ അറിയിച്ചു. അതിൻപ്രകാരം പിറ്റേ ദിവസം രാജാവിന് ഭഗവാനെ കാണാൻ സാധിച്ചു. ഭഗവാനെ കണ്ട ആനന്ദാതിരേകത്താൽ കയ

**കേരളീയകലകളെല്ലാം കാലാനുസൃതമായി പരിണാമത്തിനു വിധേയമാകുകയും കലാപരമായി പുഷ്ടിപ്പെടുകയും ചെയ്യുമ്പോഴും കൃഷ്ണനാട്ടം പരിമിതമായ ആസ്വാദകവൃന്ദത്തിന് മുമ്പിൽ ഒതുങ്ങിപ്പോകുകയാണ്.**

റിക്കെട്ടിപ്പിടിക്കുവാൻ മുതിർന്ന രാജാവിനോട് അതു സ്വാമിയാർ പറഞ്ഞിട്ടില്ലെന്നും പറഞ്ഞ് ശ്രീകൃഷ്ണഭഗവാൻ പെട്ടെന്ന് മറഞ്ഞു. ആ സമയത്ത് ഭഗവാന്റെ പീലിത്തിരുമുടിയിൽ നിന്നും ഊർന്നു വീണ ഒരു മയിൽപ്പീലി രാജാവിന് കിട്ടി. ഈ പീലി വച്ച് അദ്ദേഹം ഒരു കിരീടം (കൃഷ്ണമുടി) ഉണ്ടാക്കുകയും അതുപയോഗിച്ച് അഭിനയിക്കത്തക്കവിധം കൃഷ്ണകഥ പ്രതിപാദകമായ കൃഷ്ണനാട്ടം നിർമിക്കുകയും ചെയ്തുവെന്നാണ് ഐതിഹ്യം.

ശ്രീകൃഷ്ണന്റെ ജനനം മുതലുള്ള കഥകളെ എട്ടുദിവസത്തെ കഥകളാക്കിത്തിരിച്ചാണ് കൃഷ്ണനാട്ടം അവതരിപ്പിക്കുന്നത്. അവതാരം, കാളിയമർദനം, രാസക്രീഡ, കംസവധം, സ്വയംവരം, ബാണയുദ്ധം, വിവിധവധം, സ്വർഗാരോഹണം എന്നിവയാണ് എട്ടുകഥകൾ. ഇവയിൽത്തന്നെ പ്രധാനപ്പെട്ട ഭാഗങ്ങൾ അവതരിപ്പിക്കുകയും മറ്റു ഭാഗങ്ങൾ ശ്ലോകങ്ങൾ വഴി കഥ പറഞ്ഞു പോകുകയുമാണ് ചെയ്യുന്നത്. അതിനാൽത്തന്നെ കൃഷ്ണനാട്ടം കണ്ടുകൊണ്ടിരിക്കുന്ന ഒരാൾക്ക് കഥ ചില സ്ഥലങ്ങളിൽ പെട്ടെന്നു മാറുന്നതുപോലെ തോന്നിയേക്കാം. സ്വർഗാരോഹണംകഥ കഴിഞ്ഞാൽ മംഗളമായിട്ടുള്ള പര്യവസാനം എന്ന നിലയിൽ വീണ്ടും 'അവതാരം' അവതരിപ്പിക്കണം എന്നാണ് നിയമം.

ശ്രീകൃഷ്ണകഥയാണ് പ്രധാന വിഷയമെന്നതുകൊണ്ട് ഭാഗവതപുരാണത്തെയാണ് മാനവേദൻ പ്രധാനമായി ആശ്രയിച്ചിട്ടുള്ളത്. ഭാഗവതത്തിലെ തന്നെ ദശയം, ഏകാദശയം എന്നീ സ്കന്ദങ്ങളിലെ കഥകളാണ് കൃഷ്ണനാട്ടത്തിൽ എട്ടുദിവസമായി അവതരിപ്പിക്കുന്നത്. എന്നാൽ പ്രതിപാദനരീതിയുടെ കാര്യത്തിൽ ജയദേവകവിയുടെ 'ഗീതഗോവിന്ദ'മാണ് ആധാരം. ഇതിന്റെ ചുവടുപിടിച്ചാണ് സാഹിത്യരചന നിർവഹിച്ചിട്ടുള്ളത്.

കൃഷ്ണനാട്ടത്തിലെ വാചികാഭിനയം പിൻപാട്ടുകാർക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. ശുദ്ധസംസ്കൃതത്തിലുള്ള പദങ്ങളും ശ്ലോകങ്ങളും പാട്ടുകാർ കേരളത്തിന്റെ തനതുശൈലിയായ സോപാന സംഗീതരീതിയിൽ പാടുന്നു. ശങ്കരാഭരണം, കല്യാണി, തോടി തുടങ്ങിയവ കർണാടക സംഗീതത്തിലെ രാഗങ്ങളാണെങ്കിലും, ഇതിൽ സോപാന സംഗീതരീതിയിലാണ് പാടുന്നത്. ചെമ്പട. ചമ്പ, അടന്ത, പഞ്ചാരി തുടങ്ങിയ കേരളീയ താളപദ്ധതിയിലെ താളങ്ങൾക്കനുസരിച്ചാണ് താളം പിടിക്കുന്നതും, പാടുന്നതും. പാട്ടിനൊപ്പം ശുദ്ധമദ്ദളം, തൊപ്പി മദ്ദളം എന്നിവയാണ് പ്രധാനവാദ്യങ്ങൾ. കൂടാതെ പ്രധാന പാട്ടുകാരന് (പൊന്നാനി) ചേങ്ങിലയും ശിങ്കിടിക്ക് ഇലത്താളവും പിടിക്കാനുണ്ടാകും. ഇടയ്ക്കയും കൂടെ ഉപയോഗിക്കുന്നുണ്ട്. ഭക്തിഭാവസംവർദ്ധകമായ നൃത്തം ഉടനീളമുള്ള കലയായതിനാൽ ഇവിടെ താളത്തിന് അതിപ്രധാനമായ സ്ഥാനമുണ്ട്.

വേഷവിധാനത്തിൽ കഥകളിയോട് വളരെ അടുത്തു നിൽക്കുന്ന കൃഷ്ണനാട്ടത്തിന് പച്ച, കത്തി, താടി, മിനുക്ക് തുടങ്ങിയ വേഷങ്ങൾ ഉണ്ട്. പച്ചവേഷത്തിന് ചുട്ടി കുത്താറുണ്ട്. ഇന്നും അരിമാവുകൊണ്ടാണ് ചുട്ടികുത്താറുള്ളത്. കഥകളിയിൽ നിന്നും വ്യത്യസ്തമായി പച്ചവേഷത്തിനു തന്നെ മൂക്കിലും, കവിളിലും ചുവന്ന പൊട്ടുകൾ കുത്തിയാണ് കൃഷ്ണനാട്ടത്തിലെ കത്തിവേഷം. സ്ത്രീവേഷങ്ങൾ, മഹർഷിമാർ എന്നിവർക്ക് സാധാരണ മിനുക്കാണ്. എന്നാൽ യശോദ, സത്യഭാമ തുടങ്ങിയവർ പച്ച തേച്ച് ചെറിയ അരിച്ചുട്ടിയോടു കൂടിയവരാണ്.



കൃഷ്ണനാട്ടത്തിന്റെ ആഹാര്യാഭിനയത്തിന്റെ എടുത്തുപറയേണ്ട പ്രത്യേകത അതിലുപയോഗിക്കുന്ന പൊയ്മുഖങ്ങളാണ്. കേരളീയ ശാസ്ത്രീയ നൃത്തങ്ങളിൽ കൃഷ്ണനാട്ടത്തിനു മാത്രമാണ് പൊയ്മുഖങ്ങൾ ഉപയോഗിക്കുന്നത്. സ്വാഭാവിക വലിപ്പത്തിലും വലുതാണ് പൊയ്മുഖങ്ങൾ. കൊത്തുപണികളുടെയും കലാചാതുര്യത്തിന്റെയും ഉത്തമ മാതൃകയാണ് ഈ പൊയ്മുഖങ്ങൾ. കാവ്യത്തിലെ സംഭവബഹുലമായ കൃഷ്ണകഥ അനേകം കഥാപാത്രങ്ങളിലൂടെ ചിത്രീകരിക്കേണ്ടതിനാൽ സൂക്ഷ്മാഭിനയത്തിനുള്ള സാഹചര്യം ഇതിന്റെ അവതരണഘടനയിൽ അസാധ്യമാണ്. ഈ പരിമിതി നികത്തുന്നതാണ് പൊയ്മുഖങ്ങളുടെ ഉപയോഗം. നൃത്ത ചലനങ്ങളിലൂടെയാണ് ഇവിടെ പൊയ്മുഖങ്ങൾക്ക് ജീവൻ നൽകുന്നത്. 'പൂതനയുടെ മരണ വെപ്രാളം' നൃത്തത്തിലൂടെയാണ് ദൃശ്യവത്കരിക്കുന്നത്.

കൃഷ്ണനാട്ടം എട്ടുദിവസത്തെ കളിയാണ്. എട്ടുനാഴി എണ്ണ, എട്ടുതിരി, എട്ടുകുട്ടികൾ, എട്ട് നാഴികനേരത്തെ കളി, എട്ട് അരങ്ങു പണം ഇതാണ് പഴയ ചിട്ട. പാട്ടുകാർ എട്ടുതാളവട്ടത്തിൽ ഒരു പദം ചൊല്ലുക എന്നതാണ് സാമാന്യ നിയമം. ഈ സമയത്ത് നടന്മാർ താളമനുസരിച്ച് നൃത്തം വയ്ക്കുന്നു. 'വട്ടം വയ്ക്കുക' എന്നതാണ് ഇതിനു പറയുന്ന സാങ്കേതിക സംജ്ഞ. നൃത്തമാണ് കൃഷ്ണനാട്ടത്തിന്റെ ജീവൻ. മുദ്രവച്ചുള്ള അഭിനയം ഇതിൽ ഒഴിവാക്കിയിരിക്കുന്നു. കൂടിയാട്ടത്തിലേതുപോലുള്ള സാങ്കേതിക മുദ്രാഭിനയം കൊടികുത്തിവാണിരുന്ന കാലത്ത് സംസ്കൃത കൃതിയുടെ തന്നെ അവതരണമായ കൃഷ്ണനാട്ടത്തിൽ മാനവേദൻ മുദ്രകൾ ഒഴിവാക്കിയതു ആസ്വാദനത്തിന്റെ അധ്വാനം കുറയ്ക്കാൻ വേണ്ടിയായിരിക്കും എന്നു നമുക്കനുമാനിക്കാം.

ഗുരുവായൂർ ക്ഷേത്രത്തിൽ മാത്രം നിലനിൽക്കുന്ന കലാരൂപമാണ് കൃഷ്ണനാട്ടം. ഗുരുവായൂർ ദേവസ്വത്തിന്റെ സ്വത്താണ് എന്നുവരെ പറയുന്നുണ്ട്. ഇന്നിവിടെ വഴിപാടായി നടത്തുന്ന ഒന്നാണിത്. ക്ഷേത്രപൂജകഴിഞ്ഞ് നട അടച്ച് ഉദ്ദേശം പത്തുമണിയോടെയാണ് ആട്ടം തുടങ്ങുന്നത്. കളിയുള്ള ദിവസം സന്ധ്യയ്ക്കു ക്ഷേത്രത്തിനു പുറത്തു വെച്ച് കേളികൊട്ടുണ്ട്. കഥകളിയുടേതുപോലെ തന്നെയാണ് ഈ ചടങ്ങുകളെല്ലാം നടത്തുന്നത്. താളക്കൂട്ടുകളുടെയും നൃത്തച്ചുവടുകളുടെയും പ്രത്യേകതയാൽ കൃഷ്ണനാട്ടം മറ്റു കലകളിൽ നിന്നും വേറിട്ടു നിൽക്കുന്നു. ശരീരചലനങ്ങളിൽ കൂടിയും നൃത്തമാധ്യമത്തിൽ കൂടിയും കഥ സംവേദനം ചെയ്യുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത.

കേരളീയ കലകളെല്ലാം പഠനങ്ങളിലൂടെ കാലാനുസൃതമായ പരിണാമത്തിനു വിധേയമാകുകയും കലാപരമായി പുഷ്ടിപ്പെടുകയും കൂടുതൽ ആസ്വാദകരുണ്ടാവുകയും ചെയ്യുമ്പോൾ കൃഷ്ണനാട്ടം ഇപ്പോഴും ആസ്വാദക ഹൃദയങ്ങളിൽ നിന്നും വളരെ അകലെയായി നിൽക്കുന്നു. ആധുനികതയുടെ വെള്ളിവെളിച്ചത്തിന്റെ തിളക്കത്തിൽ നിന്നും മാറി ആട്ടവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ ആടിത്തിമിർക്കുകയാണ്, ഇഷ്ടദേവനു വേണ്ടി മാത്രം.

*കടപ്പാട് : വിശ്വവിജ്ഞാനകോശം - പുറം-5 SPCS, NBS*
*കൃഷ്ണനാട്ടം - പ്രൊഫ: വാസുദേവൻ ഇളയത്*
*ഒട്ടേറെ ആനുകാലികങ്ങൾ*



കേരളത്തിലെ റെയിൽവേ വികസന കാര്യം ദക്ഷിണ റെയിൽവേ ജനറൽ മാനേജർ തോമസ് വർഗീസ് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുമായി ചർച്ച ചെയ്യുന്നു.

മുൻമുഖ്യമന്ത്രി പി.കെ. വാസുദേവൻനായർക്ക് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ആദരാഞ്ജലി അർപ്പിക്കുന്നു.





ശബരിമല വികസനത്തെക്കുറിച്ച് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം. മന്ത്രിമാരായ കെ.സി. വേണുഗോപാൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ. നായർ എന്നിവർ സമീപം.

കശുവണ്ടിമേഖലയിലെ പ്രശ്നങ്ങൾ മന്ത്രി ബാബുദിവാകരന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ചർച്ച ചെയ്യുന്നു.



# ഏറ്റവും വലിയ ജനറേറ്റർ ട്രാൻസ്ഫോർമറുമായി ടെൽക്




പൊതുമേഖലാ സ്ഥാപനമായ അങ്കമാലിയിലെ ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് (ടെൽക്) നിർമിച്ച ഏറ്റവും വലിയ 260 എം.വി.എ./420/16.5 കെ.വി. ത്രീഫേസ് ജനറേറ്റർ ട്രാൻസ്ഫോർമർ പുറത്തിറക്കി. ന്യൂക്ലിയർ പവർ കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ കൈഗാ, രാജസ്ഥാൻ അണുശക്തി കേന്ദ്രങ്ങളിലേക്കുള്ളതാണ് ഈ ട്രാൻസ്ഫോർമറുകൾ. ഒരു ഇന്ത്യൻ കമ്പനിയിൽ നിന്ന് എൻ.പി.സി.ഐ.എൽ., ആദ്യമായാണ് ഇത്രയും വലിയ ജനറേറ്റർ ട്രാൻസ്ഫോർമർ വാങ്ങുന്നത്. ഉയർന്ന കപ്പാസിറ്റിയിൽ നാലും കുറഞ്ഞ കപ്പാസിറ്റിയിൽ എട്ടും ഉൾപ്പെടെ മൊത്തം 33 കോടി രൂപ വിലയുള്ള 12 ട്രാൻസ്ഫോർമറുകളാണ് ടെൽക് എൻ.പി.സി.ഐ.എല്ലിന് നൽകുന്നത്.

കടുത്ത മത്സരത്തിലൂടെയാണ് ടെൽക്, അഭിമാനാർഹമായ ഈ ഓർഡർ കരസ്ഥമാക്കിയത്. 2006 മാർച്ചിനകം മുഴുവൻ ട്രാൻസ്ഫോർമറുകളും ടെൽക്, എൻ.പി.സി.ഐ.എല്ലിന് നിർമിച്ച് കൈമാറും. എൻ.പി.സി.ഐ.എൽ. സ്ഥാപിച്ച ജനറേറ്റർ ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ 90 ശതമാനവും ടെൽക്കിന്റെ ഉത്പന്നങ്ങളാണ്.

എൻ.പി.സി.ഐ.എൽ. നിർദേശിച്ച എല്ലാ കടുത്ത സാങ്കേതിക നിബന്ധനകൾക്കും അനുസൃതമായി പുറമെനിന്നും യാതൊരു സഹായവുമില്ലാതെയാണ് ടെൽക്കിലെ എഞ്ചിനീയർമാരും ടെക്നീഷ്യന്മാരും ഈ ട്രാൻസ്ഫോർമറുകൾ രൂപകല്പന നടത്തുകയും നിർമിക്കുകയും ചെയ്തത്.

കഴിഞ്ഞ മൂന്ന് കൊല്ലമായി ടെൽക് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 2005-2006 സാമ്പത്തിക വർഷത്തിൽ 112 കോടി രൂപയാണ് ടെൽക്കിന്റെ വിറ്റുവരവ് ലക്ഷ്യം.

## ആത്മഹത്യയ്ക്കെതിരെ വനിതാ കമ്മീഷൻ

സമൂഹത്തിലെ ആത്മഹത്യാപ്രവണത ഇല്ലാതാക്കുന്നതിന് സംസ്ഥാന വനിതാകമ്മീഷൻ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തുകളിലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി യോജിച്ച് ഹൈസ്കൂളുകൾ, ഹയർസെക്കണ്ടറി സ്കൂളുകൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ എന്നിവിടങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്താനും സ്ക്വാഡുകൾ രൂപവത്കരിക്കാനും തീരുമാനിച്ചു. കോളേജ് തലത്തിൽ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് സർവകലാശാല വൈസ് ചാൻസലർമാരുടെയും, കോളേജ് വിദ്യാഭ്യാസ വകുപ്പ് അധികൃതരുടെയും സഹകരണം തേടും. തിരുവനന്തപുരത്ത് ചേർന്ന കമ്മീഷന്റെ യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനമെടുത്തത്.



വർദ്ധിച്ചുവരുന്ന ആത്മഹത്യാപ്രവണത ഇല്ലായ്മ ചെയ്യുന്നതിനുള്ള മാർഗങ്ങളെ സംബന്ധിച്ച പ്രചാരണ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പഞ്ചായത്തുകൾ തോറും കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുവാനും സ്കൂൾ തലത്തിൽ പ്രത്യേകം സംവിധാനം രൂപവത്കരിക്കാനും മാർഗനിർദേശം നൽകിയിട്ടുണ്ട്. റസിഡന്റ്സ് അസോസിയേഷനുകൾ, വനിതാ യുവജന സംഘടനകൾ, സാംസ്കാരിക സംഘടനകൾ എന്നിവയുടെ സഹകരണവും തേടും. ആത്മഹത്യയെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് അതിനുള്ള കാരണങ്ങൾ, നിഗമനങ്ങൾ, കണ്ടെത്തലുകൾ എന്നിവ തയ്യാറാക്കി പൊതുജനങ്ങളുടെ അറിവിനായി ലഭ്യമാക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്. തൊഴിൽ മേഖലകൾ, വരുമാനം, ആരോഗ്യം, വിദ്യാഭ്യാസം, വിവാഹം, ഗൃഹനിർമാണം, വിദേശജോലി സമ്പാദിക്കൽ മുതലായവയ്ക്ക് വേണ്ട നിയമോപദേശങ്ങൾ കുറഞ്ഞ ചെലവിൽ ലഭ്യമാക്കാനും പരിപാടിയുള്ളതായി കമ്മീഷൻ അദ്ധ്യക്ഷ എം. കമലം അറിയിച്ചു.

## മലബാർ സിമന്റ്സിന് ഉറച്ച നേട്ടം

പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ഉത്പാദനത്തിലും, ഉത്പാദനക്ഷമതയിലും ലാഭത്തിലും വൻനേട്ടം കൈവരിച്ചു. 2005-06 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിലാണ് നേട്ടം. ഉത്പാദനശേഷി വിനിയോഗം 114 ശതമാനമാണ് കൈവരിച്ചത്. കഴിഞ്ഞവർഷം ഇതേ കാലയളവിലേക്കാൾ 12 ശതമാനം വർദ്ധനവാണിത്.




ക്ലിങ്കർ ഉത്പാദനത്തിലും, സിമന്റുത്പാദനത്തിലും സർവകാല റെക്കോർഡാണ്. ക്ലിങ്കർ ഉത്പാദനം 1.68 ലക്ഷം ടൺ ആയി ഉയർന്നു. വർദ്ധന 17 ശതമാനം. സിമന്റ് ഉത്പാദനത്തിൽ വർദ്ധന 27 ശതമാനമാണ്. മലബാർ ക്ലാസിക് സിമന്റ്സിന്റെ ഉത്പാദനം 1.19 ലക്ഷം ടണ്ണായി ഉയർന്നു. കിലന്റെ ഉത്പാദനക്ഷമത ആറ് ശതമാനവും സിമന്റ് മില്ലിന്റെ ഉത്പാദനക്ഷമത 29 ശതമാനവും വർദ്ധിച്ചു.

വിപണിയിൽ കടുത്ത മത്സരമുണ്ടായിട്ടും കമ്പനിക്ക് ഉത്പാദനം മുഴുവൻ വിറ്റഴിക്കാൻ സാധിച്ചു. സിമന്റ് വില്പനയിൽ 14 ശതമാനം വർദ്ധനയുണ്ട്. സാമ്പത്തികവർഷത്തിന്റെ ആദ്യപാദത്തിൽ ചേർത്തല ഗ്രൈൻഡിംഗ് യൂണിറ്റ് ഉൾപ്പെടെ കമ്പനിക്ക് അഞ്ച് കോടിരൂപയുടെ അറ്റാദായം നേടാനായി.

## സുനാമി; പാർപ്പിടങ്ങൾ നവംബർ 30ന് മുമ്പ്

സുനാമി ബാധിതർക്ക് നവംബർ 30ന് മുമ്പ് സ്ഥിരം വീടുകൾ നിർമിച്ച് നൽകും. വീടുകൾ നിർമിക്കുന്ന 33 സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ വിളിച്ചു ചേർത്ത യോഗത്തിന് ശേഷം മന്ത്രി കെ. എം. മാണി അറിയിച്ചതാണ് ഇക്കാര്യം.



കൊല്ലം, ആലപ്പുഴ ജില്ലകളിലാണ് സുനാമി ബാധിതർക്ക് സ്ഥിരം വീടുകൾ നിർമിച്ച് നൽകാനുള്ളത്. എറണാകുളം ജില്ലയിൽ സ്ഥിരം വീടുകളുടെ നിർമാണം പൂർത്തിയായി. കൊല്ലം, ആലപ്പുഴ ജില്ലകളിലുള്ള പാർപ്പിട നിർമാണം വിവിധ ഘട്ടങ്ങളിലാണ്. സന്നദ്ധ സംഘടനകൾ സർക്കാരിന് ശക്തമായ പിന്തുണ നൽകുന്നുണ്ട്. എന്നാൽ പാർപ്പിടനിർമാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടിയിരിക്കുന്നു മന്ത്രി പറഞ്ഞു.

സ്ഥിരം വീടുകളുടെ നിർമാണത്തിനുള്ള തടസ്സങ്ങൾ പൂർണമായും ഒഴിവാക്കും. ഇതിനായി കൊല്ലം, ആലപ്പുഴ ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തി. തകർന്ന റോഡുകൾ അടിയന്തരമായി പുനരുദ്ധരിക്കും. വീട് നിർമാണത്തിനാവശ്യമുള്ള സ്ഥലം അക്വയർ ചെയ്യുന്ന നടപടികൾ വേഗത്തിലാക്കും.

വീടുകളുടെ അടിസ്ഥാന ഘടനയിൽ മാറ്റം വരുത്താതെയുള്ള ചെറിയ മാറ്റങ്ങൾ ഗുണഭോക്താക്കൾക്ക് താത്പര്യമുണ്ടെങ്കിൽ അനുവദിക്കും. ഇതിന് ചീഫ് എഞ്ചിനീയറുടെ അനുമതി വേണം.

സാങ്കേതിക കാരണങ്ങളാൽ ഇതുവരെ നിർമാണം തുടങ്ങാതിരിക്കുന്ന വീടുകളുടെ നിർമാണം ഉടനടി ആരംഭിക്കുവാൻ യോഗത്തിൽ തീരുമാനമായെന്നും മന്ത്രി അറിയിച്ചു. വീടുകളുടെ നിർമാണത്തിന് ആവശ്യമുള്ള മണൽ നൽകുന്നതിന് മുൻഗണന നൽകും. പാർപ്പിട നിർമാണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം സമയാസമയം ചേരുവാനും തീരുമാനമായി.

അവലോകന യോഗത്തിൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജോൺ മത്തായി, ഹൗസിംഗ് കമ്മീഷണർ പി.എം. ജോൺ, കൊല്ലം ജില്ലാ കളക്ടർ ബി. ശ്രീനിവാസ്, ആലപ്പുഴ ജില്ലാ കളക്ടർ കെ.ആർ. മുരളീധരൻ, മറ്റ് റവന്യൂ ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.

## പൊലീസ് സ്റ്റേഷനിൽ ഇനി സ്വീകരണ കൗണ്ടർ

സംസ്ഥാനത്തെ പൊലീസ് സ്റ്റേഷനുകളിൽ പരാതി നൽകാനോ വിവരമന്വേഷിച്ചോ എത്തുന്നവർക്ക് സ്വാഗതമോതുന്ന സ്വീകരണ കൗണ്ടർ. കൗണ്ടറിന്റെ ചുമതല യൂണിഫോമില്ലാതെ സിവിൽ ഡ്രസ്സിലുള്ള, സൗമ്യമായി പെരുമാറുന്ന കോൺസ്റ്റബിളിന്. കൗണ്ടറിലെത്തുന്നവർക്ക് ഇരിക്കാൻ കസേരകൾ, കുടിക്കാൻ ശുദ്ധജലം, വൃത്തിയുള്ള മൂത്രപ്പുര, സ്ത്രീകൾക്കും പുരുഷന്മാർക്കും നിർഭയം കടന്നു ചെല്ലാവുന്ന അന്തരീക്ഷം. സംശയിക്കണ്ട നമ്മുടെ പൊലീസ് സ്റ്റേഷനുകൾക്ക് സംഭവിക്കാൻ പോകുന്ന മാറ്റങ്ങളിൽ ചിലതു മാത്രമാണിത്.

ഭരണനവീകരണ പരിപാടി (എം.ജി.പി.)യുടെ ഭാഗമായ സേവന പ്രദാന പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള 57 പൊലീസ് സ്റ്റേഷനുകൾക്കായി തയ്യാറാക്കിയിട്ടുള്ള പ്ലാനുകളിൽ ഉൾപ്പെടുന്ന ചില കാര്യങ്ങളാണ് ഇതെല്ലാം.

പൊലീസിനെ ജനങ്ങളുടെ സുഹൃത്തും വഴികാട്ടിയുമാക്കാനും പൊലീസും ജനങ്ങളും തമ്മിലുള്ള ബന്ധം തികച്ചും സൗഹൃദപരമാക്കാനും ഉപകരിക്കുംവിധമാണ് പ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളത്. ഈ പ്ലാനുകൾക്ക് രൂപം നൽകിയത് ഉയർന്ന പൊലീസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അതത് സ്റ്റേഷനുകളിലെ പൊലീസുകാരാണ്.

വിവിധ തല സമിതികൾ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 13.35 കോടി ചെലവ് വരുന്ന 57 പ്ലാനുകൾക്കും സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞു. കേസന്വേഷണത്തിന് ആവശ്യമായ വാഹനങ്ങളും മഹസ്സറും മറ്റും തയ്യാറാക്കാൻ വേണ്ട സ്റ്റേഷനറിയും പ്ലാനുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നൽകുന്ന പരാതിയ്ക്ക് അപ്പോൾ തന്നെ കൈപ്പറ്റു രസീതും ലഭിക്കും. കേസന്വേഷണത്തിന്റെ അപ്പപ്പോഴുള്ള പുരോഗതിയും കൗണ്ടറിലൂടെ അറിയാൻ കഴിയും.




## രണ്ടാമത് സമന്വയം ആഗസ്റ്റ് ഏഴിന്

സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന മറുനാടൻ മലയാളികളുടെ കൂട്ടായ്മയായ സമന്വയം ആഗസ്റ്റ് ഏഴിന് തിരുവനന്തപുരത്ത് നടക്കും. 2003-ലെ സമന്വയത്തിൽ അംഗീകരിച്ച കർമ പരിപാടികൾ വിലയിരുത്തുകയും പുതിയ പദ്ധതികൾ ചർച്ച ചെയ്യുകയും ചെയ്യും. കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, ജനപ്രതിനിധികൾ, നയതന്ത്രജ്ഞർ, എഴുത്തുകാർ, സാംസ്കാരിക പ്രവർത്തകർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിക്കും.

മിക്ക സംസ്ഥാനങ്ങളിൽ നിന്നും മലയാളി സംഘടനയുടെ പ്രതിനിധികളും സാമൂഹിക-സാംസ്കാരിക പ്രവർത്തകരും സംഗമത്തിൽ പങ്കെടുക്കുന്നുണ്ട്. ആയിരത്തിലേറെ പ്രതിനിധികളുണ്ടാകുമെന്നാണ് കണക്ക്. പങ്കെടുക്കാൻ താത്പര്യമുള്ള മറുനാടൻ മലയാളികൾക്ക് www.nonresidentkeralite.com സൈറ്റിലോ 0471-3946234, 2332416, 2332452, 9846742412, 934942100 ഫോൺ നമ്പരുകളിലോ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യാം. നോർക്ക-റൂട്ട്സ്, സെന്റർ പ്ലാസ, വഴുതയ്ക്കാട്, തിരുവനന്തപുരം-695 014 വിലാസത്തിൽ തപാലിൽ ബന്ധപ്പെടാം. ഇ-മെയിൽ nrkroots@asianetindia.com പ്രതിനിധികളുടെ താമസ-ഭക്ഷണ സൗകര്യങ്ങൾ നോർക്ക-റൂട്ട്സ് ഒരുക്കും.

അന്യസംസ്ഥാനങ്ങളിൽ മലയാളി സംഗമങ്ങൾ സംഘടിപ്പിക്കുക, മറുനാടൻ മലയാളി ഡയറക്ടറി തയ്യാറാക്കുക, തിരിച്ചറിയൽ കാർഡ് നൽകുക, വിവിധ സംസ്ഥാനങ്ങളിൽ നോർക്ക ഭവനങ്ങൾ സ്ഥാപിക്കുക, മലയാളി സംഘടനകളുടെ സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവരാൻ സഹായിക്കുക, മറുനാട്ടിൽ നിയമസഹായ സെല്ലുകൾ രൂപീകരിക്കുക, ഭാഷാപഠന പദ്ധതി ആരംഭിക്കുക തുടങ്ങിയ പതിനാറിന കർമ പദ്ധതിയാണ് പ്രഥമ സമന്വയം അംഗീകരിച്ചിരുന്നത്.

## ഹാബിറ്റാറ്റ് സെന്റർ ധാരണാപത്രം ആയി

ഹഡ്കോയുടെയും സംസ്ഥാന ഭവന നിർമാണ ബോർഡിന്റെയും സംയുക്തസംരംഭമായ തിരുവനന്തപുരം ഹാബിറ്റാറ്റ് സെന്റർ പ്രാവർത്തികമാക്കുന്നതിനുള്ള ധാരണാപത്രം ഒപ്പിട്ട ബൃഹത് നഗര വികസന പദ്ധതിയാണ് ഹാബിറ്റാറ്റ് സെന്റർ. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാന സർക്കാർ ഇത്തരം കേന്ദ്രം ആരംഭിക്കുന്നത്.

ന്യൂഡൽഹിയിലെ ഇന്ത്യാ ഹാബിറ്റാറ്റ് സെന്റർ മാതൃകയിൽ തിരുവനന്തപുരത്ത് കവടിയാർ കൊട്ടാര വളപ്പിനോട് ചേർന്ന് സംസ്ഥാന സർക്കാർ ബോർഡിന് കൈമാറിയ 3.25 ഏക്കർ സ്ഥലത്ത് 60 കോടി രൂപ മുതൽ മുടക്കിൽ വിവിധ ബ്ലോക്കുകളിലാണ് 3,00,000 ച. അടി കെട്ടിട വിസ്തീർണമുള്ള പദ്ധതി നടപ്പിലാക്കുക.

പാർപ്പിട രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഒരു കൂരയ്ക്ക് കീഴിൽ കൊണ്ടുവരികയാണ് പ്രധാന ഉദ്ദേശ്യം. കൂടാതെ കേരളീയ വാസ്തു ശില്പ മാതൃകയിലുള്ള സമ്മേളന ഹാളുകൾ, പ്രദർശന ശാലകൾ, ആർട്ട് ഗ്യാലറി. മ്യൂസിയം, സാംസ്കാരിക കേന്ദ്രം, ഓപ്പൺ എയർ തിയേറ്റർ, ക്ലബ്ബുകൾ, ഫുഡ് കോർട്ടുകൾ, ഓഫീസ്-വാണിജ്യ സൗകര്യങ്ങൾ, വിശാലമായ പാർക്കിംഗ് സൗകര്യങ്ങൾ എന്നിവ ഇവിടെ ഉണ്ടായിരിക്കും.

രണ്ടു വർഷത്തിനകം പദ്ധതി പൂർത്തിയാക്കും.. സെന്ററിന്റെ നിർമാണത്തിന് ചെലവ് കുറഞ്ഞതും പരിസ്ഥിതിക്കിണങ്ങുന്നതും ഇന്ധനക്ഷമതയേറിയതുമായ കെട്ടിട നിർമാണ സാമഗ്രികളാവും ഉപയോഗിക്കുക. ഗ്രീൻ ബിൽഡിംഗ് കൺസപ്റ്റ്സ് പിൻതുടരുന്ന കേരളത്തിലെ ആദ്യത്തെ കെട്ടിടമായിരിക്കും ഹാബിറ്റാറ്റ് സെന്റർ.



## ചിത്രരചനയിൽ മലയാളി വിദ്യാർത്ഥിക്ക് അപൂർവ നേട്ടം

കുട്ടികൾക്കായുള്ള അന്താരാഷ്ട്ര ശങ്കേഴ്സ് ചിത്രരചനാ മത്സരത്തിൽ ജവഹർലാൽ നെഹ്റു മെമ്മോറിയൽ സ്വർണമെഡലിന് മലയാളിയായ ഡീഗോ ജോളി ജേക്കബ് അർഹനായി.

85-ഓളം രാജ്യങ്ങളിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്ത മത്സരത്തിലാണ് കട്ടപ്പന മേരികുളം പുത്തൻപുരക്കൽ പി.സി. ജേക്കബിന്റെ മകനായ ഡീഗോ ഈ അപൂർവ നേട്ടം കൈവരിച്ചത്.

ഡൽഹിയിൽ നടന്ന ചടങ്ങിൽ ഡീഗോ രാഷ്ട്രപതിയിൽ നിന്ന് മെഡൽ ഏറ്റുവാങ്ങി. വെള്ളയാംകുടി സെന്റ് ജെറോംസ് ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥിയായ ഡീഗോ ചിത്രരചനയുടെ ബാലപാഠങ്ങൾ പഠിച്ചത് പിതാവിൽ നിന്നുമാണ്.

ചിത്രകലാ അധ്യാപകനായ ജോസ് ആന്റണിയിൽ നിന്നും കൂടുതൽ പഠനം നടത്തി. ഡീഗോയുടെ മുത്തച്ഛൻ അറിയപ്പെടുന്ന ചിത്രകാരനായിരുന്നു.

സഹോദരി ഡോണാ ജോളി ജേക്കബും ശങ്കേഴ്സ് മെഡൽ ഉൾപ്പെടെ നിരവധി സമ്മാനങ്ങൾ നേടിയ ചിത്രകാരിയാണ്.

കലാമത്സരരംഗത്ത് അഞ്ചാം വയസ്സിൽ എത്തിയ ഡീഗോ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഉൾപ്പെടെ നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. മലയാള മനോരമയുടെ പ്രതിഭാ പുരസ്കാരം, മനോരമ സ്കോളർഷിപ്പ്, ശാസ്ത്ര പ്രതിഭാ പുരസ്കാരം എന്നിവയും ലഭിച്ചിട്ടുണ്ട്.

## ഹൃദ്രോഗം ഉണ്ടോ

ഹൃദ്രോഗമുണ്ടാകുമോ എന്നറിയാൻ ഇനി രക്തം പരിശോധിച്ചാൽ മതി. അമേരിക്കയിലാണ് രോഗികളോട് ഇത്തരമൊരു നിർദേശം ഡോക്ടർമാർ വയ്ക്കുന്നത്. രക്തത്തിൽ മൈലോപെറോക്സൈഡ് എന്ന പ്രോട്ടീന്റെ അളവ് പരിശോധിച്ചാണ് ഹൃദ്രോഗസാധ്യത കണ്ടെത്തുന്നത്. സാധ്യതയുണ്ടെങ്കിൽ മുൻകരുതലുകൾ സ്വീകരിച്ച് ഹൃദ്രോഗത്തിൽ നിന്ന് രക്ഷപ്പെടാം.



## കൂടിയാട്ടത്തിന് കൂടുതൽ സഹായം

അന്യം നിൽക്കുന്ന സാംസ്കാരിക പൈതൃകങ്ങൾ സംരക്ഷിക്കുന്നതിനുള്ള യുനെസ്കോയുടെ മാർഗരേഖയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. വേദമന്ത്രോച്ചാരണം, കേരളത്തിൽ നിന്നുള്ള കൂടിയാട്ടം തുടങ്ങിയവയെ നിലവിൽ യുനെസ്കോ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2003 സെപ്തംബറിൽ പാരീസിൽ നടന്ന യുനെസ്കോ സമ്മേളനത്തിലാണ് സാംസ്കാരിക പൈതൃക പദ്ധതിക്ക് രൂപം കൊടുത്തത്. കൂടിയാട്ടത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പ്രഖ്യാപനം നടത്തുകയും കേരളത്തിന്റെ ഈ പാരമ്പര്യ കലാരൂപത്തിന് സഹായങ്ങൾ നൽകുകയും ചെയ്തു. ഈ മാർഗരേഖയ്ക്കാണ് കേന്ദ്രമന്ത്രിസഭായോഗം അംഗീകാരം നൽകിയത്. പദ്ധതിയിലേക്കുള്ള ഇന്ത്യയുടെ വിഹിതമെന്ന നിലയിൽ 5935 ഡോളർ നൽകാനും തീരുമാനമെടുത്തിട്ടുണ്ട്. പദ്ധതിയിൽ നിന്ന് കൂടിയാട്ടത്തിന് കൂടുതൽ സഹായം ലഭിക്കും.

രാമലീല എന്ന കലാരൂപത്തെയും ഇന്ത്യയിൽ നിന്ന് പദ്ധതിയിൽ ഉൾപ്പെടുത്താൻ യുനെസ്കോ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഉടൻ പ്രഖ്യാപനമുണ്ടാകും.

## എവറസ്റ്റ് വളരുന്നു

1954-ൽ ഇന്ത്യൻ ഗവേഷകർ കണ്ടെത്തിയ എവറസ്റ്റ് ഉയരം 29028 ഫീറ്റ് (8848 മീറ്റർ) ആയിരുന്നു. 1999 നവംബർ 11-ൽ ബോസ്റ്റൺ സയൻസ് മ്യൂസിയം ഡയറക്ടറായ ബ്രാഡ്ഫോർഡ് വാഷ്ബൺ നടത്തിയ ഗവേഷണത്തിൽ അത് 29035 ഫീറ്റ് (8850 മീറ്റർ) ആണെന്ന് കണ്ടെത്തി. മാത്രമല്ല എവറസ്റ്റിന്റെ ഹൊറിസോണ്ടൽ സ്ഥാനം വടക്കു കിഴക്കോട്ട് ഒരു വർഷം 6 സെ.മീ. വരെ നീങ്ങുന്നുമുണ്ടത്രെ. എവറസ്റ്റിന് 1999 ലേതിനേക്കാൾ 7 അടി വരെ ഉയരം വർദ്ധിച്ചു എന്ന കണക്കുകളിലാണ് ഇപ്പോൾ ഗവേഷകർ എത്തി നിൽക്കുന്നത്.





# ബാരൺ ഐലന്റ്

ഇന്ത്യയിലെ സ്ഫോടനസാദ്ധ്യതയുള്ള ഒരേ ഒരു അഗ്നിപർവതം ആൻഡമാനിലെ ബാരൺ ഐലന്റിലാണ്. ഈയിടെ ഈ അഗ്നി പർവ്വതം പുകഞ്ഞുതുടങ്ങി. 117 വർഷം ശാന്തമായിരുന്ന ഈ അഗ്നിപർവതം 1991, 1994, 1995 വർഷങ്ങളിൽ പൊട്ടിത്തെറിക്കുകയുണ്ടായി. പോർട്ട് ബ്ലെയറിൽ നിന്നും 140 കി.മീറ്റർ വടക്കുകിഴക്കാണ് ബാരൺഐലന്റ്. അഗ്നിപർവ്വതത്തിൽ നിന്ന് പ്രവഹിച്ച ലാവ ഒഴുകിവന്നത് മൂലം ഒരു ഗർത്തം ഇവിടെ രൂപപ്പെട്ടിട്ടുണ്ട്. സുരക്ഷാഭടന്മാരൊഴികെ മറ്റെല്ലാവർക്കും ഈ ദ്വീപിലേക്കുള്ള പ്രവേശനം നിഷേധിച്ചിരിക്കുന്നു.

## അസ്ഥി ബാങ്ക്

രക്തബാങ്ക്, നേത്രബാങ്ക് എന്നൊക്കെ ധാരാളം കേട്ടിട്ടുണ്ടാവും. അസ്ഥിബാങ്ക്? അങ്ങനെ കേട്ടിട്ടുണ്ടാവില്ല. എന്നാലിതാ ഇന്ത്യയിലെ തന്നെ ആദ്യത്തെ അസ്ഥിബാങ്ക് ചെന്നൈ ജനറൽ ആശുപത്രിയിൽ ആരംഭിച്ചു. അസ്ഥി-മജ്ജ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയാരംഗം സാധാരണക്കാർക്കും പ്രാപ്യമാക്കാനുള്ള വഴി ഇതോടെ തുറന്നു കിട്ടിയിരിക്കുകയാണ്. അപകടത്തിൽ മസ്തിഷ്കമരണം സംഭവിച്ചവരുടെ അസ്ഥിയാണുപയോഗയോഗ്യം. ഹെപ്പറ്റൈറ്റിസ്-ബി, എച്ച്.ഐ.വി, കാൻസർ എന്നിവ ബാധിച്ചവരുടേത് ഉപയോഗിക്കാനാവില്ല. ഉപയോഗയോഗ്യമായവ $^{-}80^{0}$C ലാണ് സൂക്ഷിക്കുക.



## ദ്രവ്യത്തിന്റെ ഏഴാംരൂപം

ദ്രവ്യത്തിന്റെ രൂപങ്ങളേതൊക്കെ എന്ന് ഏവർക്കും അറിയാം. ഖരം, ദ്രാവകം, വാതകം, പ്ലാസ്മ, ബോസ് ഐൻസ്റ്റീൻ കണ്ടൻസേറ്റ്, ഫെർമിയോണിക് കണ്ടൻസേറ്റ് എന്നിവയാണ് ദ്രവ്യരൂപങ്ങൾ. ഇപ്പോഴിതാ മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഊർജതന്ത്രജ്ഞർ അതിദ്രവത്വം അഥവാ സൂപ്പർ ഫ്ളൂയിഡിറ്റി കാണിക്കുന്ന ദ്രവ്യരൂപം സൃഷ്ടിച്ചെടുത്തിരിക്കുന്നു. വൈദ്യുതി യാതൊരു തടസ്സവും കൂടാതെ ഇവയിൽ കൂടി കടന്നു പോകും എന്നതാണിതിന്റെ പ്രധാനസവിശേഷത. ഈ രൂപത്തിന്റെ അതിചാലകത പ്രസരണനഷ്ടമില്ലാതെയുള്ള വൈദ്യുതിവിതരണം തുടങ്ങി ഒട്ടേറെ ശാസ്ത്രസത്യങ്ങൾ കണ്ടെത്താൻ സഹായകമാകും, തീർച്ച.

## എവറസ്റ്റ് കീഴടക്കാൻ ഹെലികോപ്റ്ററും

നഗ്നപാദങ്ങൾ കൊണ്ട് എവറസ്റ്റ് കൊടുമുടി കീഴടക്കിയ വീരസാഹസികതകൾക്ക് പുറമേ മറ്റൊരു വിജയം കൂടി. എവറസ്റ്റിനു മുകളിൽ ഹെലികോപ്റ്റർ ഇറക്കിയത്രെ. ഡിഡൈർ ഡെൽസലേ എന്ന പൈലറ്റാണ് ഹെലിക്കോപ്റ്റർ പറത്തിയത്. നേപ്പാൾ ലുക്‌ല എയർ ഫീൽഡിൽ നിന്നും രണ്ടു മിനിട്ട് കൊണ്ട് ലക്ഷ്യത്തിലെത്തുകയായിരുന്നു. മെയ് 14നാണ് സംഭവം.

## ഭ്രമണ സമയം

ഭൂമി സൂര്യനെ ചുറ്റിവരാൻ വേണ്ട ഭ്രമണസമയം എത്ര? 365¼ ദിവസം. ഇത് സാമൂഹ്യപാഠ പുസ്തകങ്ങൾ പകർന്നു തരുന്ന അറിവ്. എന്നാൽ ഈ വർഷം ഒരു സെക്കന്റ് സമയം കൂടുതലാണത്രെ. ഭൂകമ്പങ്ങൾ മാത്രമല്ല സൂര്യ ചന്ദ്ര ഗുരുത്വാകർഷണ ശക്തിയും ഇതിന് കാരണമായേക്കാം എന്നാണ് ശാസ്ത്രജ്ഞർ കരുതുന്നത്.



## 2004 – ലെ ദേശീയഫിലിം അവാർഡുകൾ


കമൽ


സെയ്ഫ് അലി ഖാൻ

52-ാമത് ദേശീയ ഫിലിം അവാർഡുകൾ പ്രഖ്യാപിച്ചു. ഏറ്റവും നല്ല ചിത്രത്തിനുള്ള ദേശീയ അവാർഡ് ഹിന്ദി ചിത്രമായ 'പേജ്-3' കരസ്ഥമാക്കി. ഏറ്റവും മികച്ച ഹിന്ദി ചിത്രം 'റെയിൻകോട്ട്' ആണ്. ഏറ്റവും കൂടുതൽ ജനസമ്മതി നേടിയ ചിത്രം 'വീർസാറ' (ഹിന്ദി) യാണ്. ഏറ്റവും നല്ല സാമൂഹിക ചിത്രം കമൽ സംവിധാനം ചെയ്ത പെരുമഴക്കാലവും ഏറ്റവും നല്ല കുടുംബ ചിത്രം ഹസീന(കന്നട) യുമാണ്. മികച്ച നടനുള്ള അവാർഡ് സെയ്ഫ് അലി ഖാന് 'ഹംതും' എന്ന ഹിന്ദി ചിത്രത്തിലെ അഭിനയത്തിനു ലഭിച്ചു. മികച്ച നടി താരയാണ്. 'ഹസീന' എന്ന കന്നട ചിത്രത്തിലെ അഭിനയത്തിനാണ് അവാർഡ്. 'സ്വപ്നർദിൻ' എന്ന ബംഗാളിചിത്രം സംവിധാനം ചെയ്ത ബുദ്ധദേബ്ദാസ് ഗുപ്തയാണ് മികച്ച സംവിധായകൻ. 'ക്രാന്തികൾ' എന്ന ബംഗാളി ചിത്രത്തിലെ അഭിനയത്തിന് ഹരധൻ ബാനർജിക്ക് മികച്ച സഹനടനുള്ള അവാർഡ് ലഭിച്ചു. മികച്ച സഹനടി ഷീലയാണ്. 'അകലെ' എന്ന ചിത്രത്തിലെ അഭിനയമാണ് ഷീലക്ക് ഈ അവാർഡ് നേടിക്കൊടുത്തത്. മികച്ച ഗായകൻ ഉദിത് നാരായണൻ (ചിത്രം: സ്വദേശ്) ഗായിക ചിത്ര (ചിത്രം: ഓട്ടോഗ്രാഫ്). മികച്ച സംഗീത സംവിധായകൻ വിദ്യാസാഗറാണ്. ബാലതാരത്തിനുള്ള ദേശീയ അവാർഡ് 'ഷോട്ടാശിപായി'യിലെ അഭിനയത്തിന് ഓംഗുടകർ കരസ്ഥമാക്കി.


താര


ഷീല


ബുദ്ധദേബ്ദാസ് ഗുപ്ത


ഉദിത് നാരായൺ


കെ.എസ്. ചിത്ര

## നാഷണൽ ഹെറിറ്റേജ് സൈറ്റ്സ് കമ്മിഷൻ

നാഷണൽ ഹെറിറ്റേജ് സൈറ്റ്സ് കമ്മിഷൻ രൂപീകരിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. രാജ്യത്തെ ചരിത്രസ്മാരകങ്ങളും സ്ഥലങ്ങളും നിരീക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമാണ് ഈ കമ്മിഷൻ. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ കീഴിൽ വരുന്ന പൈതൃകസ്വത്തുക്കളും ഏജൻസിയുടെ കീഴിലെ പൈതൃകസ്വത്തുക്കളും ഒരേരീതിയിൽ കൈകാര്യം ചെയ്യുന്നതിനും ഈ കമ്മിഷൻ സഹായകമാകും.

## അമേരിക്ക – ഇന്ത്യ ഉടമ്പടി

ആണവോർജരംഗത്ത് അമേരിക്കയുമായി ഇന്ത്യ ഉടമ്പടി ഒപ്പുവച്ചു. ഇന്ത്യയുമായുള്ള ആണവ സഹകരണം നാഴികക്കല്ലാണെന്ന് യു.എസ്. ഒഫിഷ്യലുകൾ അറിയിച്ചു. തന്ത്രപരമായ പ്രാധാന്യം കണക്കിലെടുത്ത് ഇന്ത്യയുടെ പങ്ക് നിർണായകമാണെന്ന് ബോധ്യപ്പെടുത്തുന്നതാണ് ഈ ഉടമ്പടിയെന്ന് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് ആഡം എരേലി പറഞ്ഞു.



## 2005 – ലെ ആഷ്ടൺ അവാർഡ് (ഗ്രീൻ ഓസ്കാർ അവാർഡ്)

2005-ലെ ആഷ്ടൺ അവാർഡിന് (ഗ്രീൻ ഓസ്കാർ അവാർഡ്) മൂന്ന് ഇന്ത്യാക്കാർ അർഹരായി. പുതുമയാർന്നതും ശ്രദ്ധേയവുമായ സംഭാവനകളാണ് ഇവരെ അവാർഡിനർഹരാക്കിയത്. ധർമ്മപ്പ ബർക്കിക്ക് തന്റെ സൗരോർജ വിളക്കുകളും ഹരീഷ് ഹാണ്ടെക്ക് ഗ്രാമീണതലത്തിൽ ഉപയോഗപ്പെടുത്താവുന്ന തന്റെ സൗരോർജ ഗാർഹിക സിസ്റ്റവുമാണ് ഈ അവാർഡ് നേടിക്കൊടുത്തത്. രമേഷ്കുമാർ നിഭോറിയക്ക് ധാന്യവിളകളുടെ അവശിഷ്ടങ്ങൾ ഊർജമാക്കി പ്രവർത്തിപ്പിക്കുന്ന സ്റ്റൗ കണ്ടുപിടിച്ചതിനാണ് അവാർഡ്.

## ഇന്ത്യാക്കാരന് ഫ്രാൻസിൽ ബഹുമതി

ഇന്ത്യാക്കാരനായ സത്യനാരായൺ മജുംദാറിന് 2005-ലെ 'പാൾലാംഗേവിൻ പ്രൈസ്' ലഭിച്ചു. ഫ്രഞ്ച് ഫിസിക്കൽ സൊസൈറ്റിയുടെ ഈ ദേശീയ അവാർഡ് സൈദ്ധാന്തിക ഊർജതന്ത്രത്തിനുള്ളതാണ്. ഫ്രാൻസിലെ വളരെ പ്രധാനപ്പെട്ട ബഹുമതിയാണ് ഈ അവാർഡ്. മജുംദാർ പാരിസ്-സുഡ് യൂണിവേഴ്സിറ്റി പ്രൊഫസറാണ്. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിലെ ഫാക്കൽറ്റിയും കൂടിയാണിദ്ദേഹം.

## ബകിയേവ് കിർഗിസ്ഥാൻ പ്രസിഡന്റ്



കിർഗിസ്ഥാൻ പ്രസിഡന്റായി കുർമൻ ബക്ക് ബകിയേവ് തിരഞ്ഞെടുക്കപ്പെട്ടു. മുൻ സോവിയറ്റ് റിപ്പബ്ലിക്കായ കിർഗിസ്ഥാനിൽ നടന്ന തിരഞ്ഞെടുപ്പിൽ 90% വോട്ടു നേടിയാണ് മുൻ കമ്മ്യൂണിസ്റ്റും ഇടതുപക്ഷനേതാവുമായ ബകിയേവ് വിജയിച്ചത്. മുൻ പ്രസിഡന്റ് അസ്കർ അകയേവ് പ്രക്ഷോഭത്തെത്തുടർന്ന് നാടുവിട്ടതിനുശേഷം ബകിയേവ് താത്കാലിക പ്രസിഡന്റായി തുടരുകയായിരുന്നു.

## സാക്ഷരതയിലെ ഉയർച്ച

1991നും 2001നും ഇടയ്ക്ക് ഇന്ത്യ സാക്ഷരതയിൽ വളരെ മുന്നോട്ട് പോയിട്ടുണ്ട്. 560 കോടി സാക്ഷരർ ഇന്ത്യയിലുണ്ടെന്നാണ് ഒടുവിലത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്. 1991-ൽ ഇത് 359 കോടി മാത്രമായിരുന്നു.




75.3 ശതമാനം പുരുഷന്മാരും 53.7 ശതമാനം സ്ത്രീകളും സാക്ഷരത നേടിയവരാണ്. ഏതെങ്കിലും ഭാഷ എഴുതാനോ വായിക്കാനോ കഴിയുന്ന ഏഴ് വയസ്സിന് മുകളിലുള്ളയാളിനെ സാക്ഷരൻ എന്നു നിർവചിക്കപ്പെടുന്നു. സാക്ഷരരിൽ 3.6 ശതമാനം വിദ്യാഭ്യാസ നിലവാരത്തിലെത്താത്തവനും 25.8 ശതമാനം പ്രൈമറി നിലവാരത്തിനു താഴെയുള്ളവരും 26 ശതമാനം പ്രൈമറി നിലവാരത്തിലുള്ളവരും എന്നാൽ മിഡിൽ നിലവാരത്തിൽ എത്താത്തവരുമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

## ലാറി കോളിൻസ്



'ഫ്രീഡം അറ്റ് മിഡ് നൈറ്റ്', 'ഓ ജെറുസലേം', 'ഈസ് പാരീസ് ബേണിംഗ്?' എന്നീ പ്രശസ്ത കൃതികളുടെ രചയിതാക്കളിൽ ഒരാളായ ലാറി കോളിൻസ് 2005 ജൂൺ 20ന് അന്തരിച്ചു. ഇദ്ദേഹത്തിന്റെയും ഡൊമിനിക് ലാപിയറിന്റെയും കൂട്ടായ്മയിൽ വിരിഞ്ഞ കൃതികളാണിവ. ചരിത്രത്തിലെ നാടകീയ മുഹൂർത്തങ്ങൾ കേന്ദ്രീകരിച്ച് ഇദ്ദേഹം കൃതികൾ രചിച്ചു. ഇസ്രായേൽ രൂപീകരണം (ഓ ജെറുസലേം), ഇന്ത്യൻ സ്വാതന്ത്ര്യ സമരം (ഫ്രീഡം അറ്റ് മിഡ് നൈറ്റ്), രണ്ടാം ലോകമഹായുദ്ധകാലത്തെ പാരീസിലെ ജർമൻ അധിനിവേശം (ഈസ് പാരീസ് ബേണിംഗ്?) എന്നീ ചരിത്ര മുഹൂർത്തങ്ങൾ പ്രതിപാദ്യവിഷയങ്ങളായി.